# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## ചെറുവണ്ണൂർ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്-673020

ഇ-മെയിൽ: dokkd.ksad@kerala.gov.in

ഫോൺ : 0495-2371012

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.കെ.കെ.ഡി.പി5/825/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്-673020
തീയ്യതി: 12/05/2022
ഇ-മെയിൽ: dokkd.ksad@kerala.gov.in
ഫോൺ: 0495-2371012

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ചെറുവണ്ണൂർ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : ചെറുവണ്ണൂർ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ചെറുവണ്ണൂർ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോഴിക്കോട്.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.കെ.കെ.ഡി.പി5/825/2022 തീയ്യതി: 12/05/2022

## കോഴിക്കോട് ജില്ലയിലെ ചെറുവണ്ണൂർ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോഴിക്കോട് ജില്ലയിലെ ചെറുവണ്ണൂർ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 17-03-2021 മുതൽ 21-04-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 26 അന്വേഷണക്കുറിപ്പുകൾ നൽകിയെങ്കിലും മറുപടി ലഭ്യമായിട്ടില്ല.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.എം.വാസുദേവൻ | ഡെപ്യൂട്ടി ഡയറക്ടർ(ഹ ഗ്രേ) | 22-04-2022 | 30-04-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 22-04-2022 | 30-04-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.സതീഷ്കുമാർ കെ - ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)

ശ്രീ.കരുണാകരൻ എം - ഓഡിറ്റ് ഓഫീസർ

ശ്രീ.രാജീവൻ എൻ - സീനിയർ ഗ്രേഡ് ഓഡിറ്റർ

ശ്രീ.ജയൻ പി - സീനിയർ ഗ്രേഡ് ഓഡിറ്റർ (27.04.2022 മുതൽ 30.04.2022 വരെ)

ശ്രീ.ജാസിർ സി.എം - ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.കെ.പി ബിജു | പ്രസിഡന്റ് | 01-04-2020 | 30-11-2020 |
| ശ്രീമതി. ഇ.ടി .രാധ | പ്രസിഡന്റ് | 01-12-2020 | 31-03-2021 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ. വിനോദ് കുമാർ ടി. എം | സെക്രട്ടറി | 01-04-2020 | 31-03-2021 |
| ശ്രീ.സതീഷ് ചന്ദ്രൻ | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2020 | 13-06-2020 |
| ശ്രീ.സുനീകുമാർ എം | ഹെഡ് ക്ലർക്ക്(അസിസ്റ്റന്റ് സെക്രട്ടറി ഇൻ-ചാർജ്ജ്) | 13-06-2020 | 22-06-2020 |
| ശ്രീ.മുഹമ്മദ് അഷ്കർ.കെ | അസി. സെക്രട്ടറി | 22-06-2020 | 31-03-2021 |
| ശ്രീ.മുഹമ്മദ് അനീസ് | കൃഷി ഓഫീസർ | 01-04-2020 | 31-03-2021 |
| ശ്രീമതി.ആര്യ എൻ | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2020 | 25-06-2020 |
| ശ്രീ.ശിശിർ | അസിസ്റ്റന്റ് എഞ്ചിനീയർ | 26-06-2020 | 30-06-2020 |
| ശ്രീമതി.രാജി കെ.എം | അസിസ്റ്റന്റ് എഞ്ചിനീയർ | 01-07-2020 | 31-03-2021 |
| ഡോ.മുഹമ്മദ് കമറുദ്ദീൻ | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി.) | 01-04-2020 | 31-03-2021 |
| ഡോ.ഷംസുദ്ദീൻ കെ | മെഡിക്കൽ ഓഫീസർ(ആയുർവ്വേദ) | 01-04-2020 | 31-03-2021 |
| ഡോ.സിബി രവീന്ദ്രൻ | മെഡിക്കൽ ഓഫീസർ(ഹോമിയോ) | 01-04-2020 | 31-03-2021 |
| ഡോ.റസീന മന്നത്ത് | വെറ്ററിനറി സർജൻ | 01-04-2020 | 26-10-2020 |
| ഡോ.സുഹാസ് കെ | വെറ്ററിനറി സർജൻ | 27-10-2020 | 31-03-2021 |
| ശ്രീ.മുഹമ്മദ് നവാസ് | ഡയറി എക്ല്റ്റൻഷൻ ഓഫീസർ | 01-04-2020 | 31-03-2021 |
| ശ്രീമതി.നൈന വി.പി | വി.ഇ.ഒ -ആവള സർക്കിൾ | 01-04-2020 | 31-10-2020 |
| ശ്രീ.ഷൈജിത്ത്.ഐ | വി.ഇ.ഒ -ആവള | 01-11-2020 | 31-03-2021 |

| | | | |
|---|---|---|---|
| | സർക്കിൾ | | |
| ശ്രീ.വിശ്വൻ ഉണ്ണുമ്മൽ | വി.ഇ.ഒ -ചെറുവണ്ണൂർ സർക്കിൾ | 01-04-2020 | 31-10-2020 |
| ശ്രീമതി.ഷീബ എം.വി | വി.ഇ.ഒ - ചെറുവണ്ണൂർ സർക്കിൾ | 01-11-2020 | 31-03-2021 |
| ശ്രീമതി.നിമ്മി എം.കെ | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 01-04-2020 | 31-03-2021 |
| ശ്രീ.രാജൻ എൻ | ഹെഡ്മാസ്റ്റർ | 01-04-2020 | 31-03-2021 |

<u>ഉള്ളടക്കം</u>


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: M.Karunakaran (Audit Officer, On 30-04-2022)<br>Last Updated By: Vasudevan M (Deputy Director, On 11-05-2022) | 1-1 |
| 2 | വാർഷികധനകാര്യപത്രിക<br>Written By: Jasir C M (Auditor, On 30-04-2022)<br>Last Updated By: Vasudevan M (Deputy Director, On 11-05-2022) | 1-2 |
| 3 | വാർഷിക കണക്കിലെ അപാകതകൾ<br>Written By: Jasir C M (Auditor, On 30-04-2022)<br>Last Updated By: Vasudevan M (Deputy Director, On 11-05-2022) | 1-2-1 |
| 4 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)<br>Written By: Jasir C M (Auditor, On 30-04-2022)<br>Last Updated By: Vasudevan M (Deputy Director, On 12-05-2022) | 1-3 |
| 5 | ഗ്രാന്റ് വിനിയോഗം<br>Written By: Jasir C M (Auditor, On 30-04-2022)<br>Last Updated By: Vasudevan M (Deputy Director, On 12-05-2022) | 1-4 |
| 6 | പദ്ധതി അവലോകനം<br>Written By: M.Karunakaran (Audit Officer, On 30-04-2022)<br>Last Updated By: Vasudevan M (Deputy Director, On 11-05-2022) | 1-5 |
| 7 | മഹാത്മാഗാന്ധി ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി<br>Written By: M.Karunakaran (Audit Officer, On 30-04-2022)<br>Last Updated By: Vasudevan M (Deputy Director, On 11-05-2022) | 1-6 |
| 8 | ക്ഷേമ പദ്ധതികൾ<br>Written By: Jasir C M (Auditor, On 30-04-2022)<br>Last Updated By: Vasudevan M (Deputy Director, On 12-05-2022) | 1-7 |
| 9 | ആഭ്യന്തരനിയന്ത്രണം.<br>Written By: M.Karunakaran (Audit Officer, On 30-04-2022)<br>Last Updated By: Vasudevan M (Deputy Director, On 12-05-2022) | 1-8 |
| 10 | മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുന്നതിന് സ്വീകരിച്ച നടപടികൾ.<br>Written By: M.Karunakaran (Audit Officer, On 30-04-2022)<br>Last Updated By: Vasudevan M (Deputy Director, On 12-05-2022) | 1-9 |
| 11 | തൊഴിൽ നികുതി അപാകതകൾ<br>Written By: Jasir C M (Auditor, On 30-04-2022)<br>Last Updated By: Vasudevan M (Deputy Director, On 12-05-2022) | 1-10 |
| 12 | വ്യവസായങ്ങൾക്കും വ്യാപാര-ഫാക്ടറി സംരംഭക പ്രവർത്തനങ്ങൾക്കും ലൈസൻസ് അപാകതകൾ<br>Written By: Jasir C M (Auditor, On 30-04-2022)<br>Last Updated By: Vasudevan M (Deputy Director, On 12-05-2022) | 1-11 |
| 13 | പഞ്ചായത്തിൽ സമർപ്പിച്ച പൂർത്തീകരണ പ്ലാനിൽ നിന്ന് വ്യതിചലിച്ചും കെട്ടിടനിർമ്മാണ ചട്ടങ്ങൾക്ക് വിരുദ്ധമായും പെർമിറ്റില്ലാതെയും നടത്തിയ നിർമ്മാണ പ്രവർത്തനങ്ങൾ -നടപടി കാര്യക്ഷമമല്ല<br>Written By: Jayan P (Senior Grade Auditor, On 30-04-2022)<br>Last Updated By: Vasudevan M (Deputy Director, On 12-05-2022) | 1-12 |
| 14 | വാണിജ്യ കെട്ടിടത്തിന് വസ്തുനികുതി കുറവായി നിർണ്ണയിച്ചു<br>Written By: Jayan P (Senior Grade Auditor, On 30-04-2022)<br>Last Updated By: Vasudevan M (Deputy Director, On 12-05-2022) | 1-13 |
| 15 | എൽ.ഇ.ഡി സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ- ഗുണനിലവാരമില്ലാത്ത തെരുവ് വിളക്കുകൾ സ്ഥാപിച്ചതും സ്ഥാപിച്ച തെരുവ് വിളക്കുകളുടെ എണ്ണം സംബന്ധിച്ച അവ്യക്തതയും. | 1-14 |

| | | |
|---|---|---|
| | Written By: M.Karunakaran (Audit Officer, On 30-04-2022)<br>Last Updated By: Vasudevan M (Deputy Director, On 12-05-2022) | |
| 16 | ജലനിധി എകൗണ്ട് നീക്കിയിരിപ്പ് തുകയുടെ വിശദവിവരം ലഭ്യമല്ല<br>Written By: M.Karunakaran (Audit Officer, On 30-04-2022)<br>Last Updated By: Vasudevan M (Deputy Director, On 12-05-2022) | 1-15 |
| 17 | പൊതുമരാമത്ത് പദ്ധതികളുടെ ആസൂത്രണം നിർവ്വഹണം - പൊതു അപാകതകൾ<br>Written By: N. Rajeevan (Senior Grade Auditor, On 01-05-2022)<br>Last Updated By: Vasudevan M (Deputy Director, On 12-05-2022) | 1-16 |
| 18 | കൃഷി ഓഫീസർ നിർവഹണം നടത്തിയ പ്രൊജക്ടുകളിലെ അപാകതകൾ<br>Written By: M.Karunakaran (Audit Officer, On 30-04-2022)<br>Last Updated By: Vasudevan M (Deputy Director, On 12-05-2022) | 1-17 |
| 19 | ലൈഫ് ഭവന പദ്ധതി തുക കൈപ്പറ്റിയിട്ടും ഭവനനിർമ്മാണം - പൂർത്തീകരിക്കാത്തവരുടെ വിവരങ്ങൾ<br>Written By: Sathish Kumar K (Audit Officer (HG), On 30-04-2022)<br>Last Updated By: Vasudevan M (Deputy Director, On 12-05-2022) | 1-18 |
| 20 | ചെലവഴിക്കാതെ അവശേഷിക്കുന്ന ജില്ലാ/ബ്ലോക്ക് പഞ്ചായത്ത് വിഹിതം തിരികെ അടവാക്കുന്നില്ല.<br>Written By: M.Karunakaran (Audit Officer, On 30-04-2022)<br>Last Updated By: Vasudevan M (Deputy Director, On 12-05-2022) | 1-19 |
| 21 | പാലിന് സബ്സിഡി വിതരണത്തിൽ നടപടിക്രമം പാലിക്കാത്തതും വകയിരുത്തിയ തുകയുടെ അപര്യാപ്തതയും.<br>Written By: Jayan P (Senior Grade Auditor, On 30-04-2022)<br>Last Updated By: Vasudevan M (Deputy Director, On 12-05-2022) | 1-20 |
| 22 | തെറാപ്പിസ്റ്റിന് വേതനം നൽകൽ-പദ്ധതി മാർഗ നിർദ്ദേശത്തിന് വിരുദ്ധമായ പ്രൊജക്ട്.<br>Written By: M.Karunakaran (Audit Officer, On 30-04-2022)<br>Last Updated By: Vasudevan M (Deputy Director, On 12-05-2022) | 1-21 |
| 23 | കന്നുകുട്ടി പരിപാലന പദ്ധതി-വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല<br>Written By: Sathish Kumar K (Audit Officer (HG), On 30-04-2022)<br>Last Updated By: Vasudevan M (Deputy Director, On 12-05-2022) | 1-22 |
| 24 | തൊഴിലുറപ്പ് പദ്ധതിക്കാവശ്യമായ മെറ്റീരിയലുകൾ സമാഹരിക്കുന്നതിൽ സുതാര്യതയില്ല.<br>Written By: M.Karunakaran (Audit Officer, On 30-04-2022)<br>Last Updated By: Vasudevan M (Deputy Director, On 12-05-2022) | 1-23 |
| 25 | വിവിധ പ്രൊജക്ടുകൾ പ്രകാരം അടവാക്കിയ തുകയുടെ വിനിയോഗവിവരം ലഭ്യമാക്കിയില്ല<br>Written By: M.Karunakaran (Audit Officer, On 30-04-2022)<br>Last Updated By: Vasudevan M (Deputy Director, On 12-05-2022) | 1-24 |
| 26 | അഗതി ആശ്രയ പദ്ധതി - മുഴുവൻ ഗുണഭോക്താക്കൾക്കും ആനുകൂല്യങ്ങൾ ലഭിച്ചോ എന്ന് വ്യക്തമല്ല<br>Written By: Sathish Kumar K (Audit Officer (HG), On 01-05-2022)<br>Last Updated By: Vasudevan M (Deputy Director, On 12-05-2022) | 1-25 |
| 27 | ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ പേരിൽ രജിസ്റ്റർ ചെയ്ത സ്ഥലത്തിന്റെ അനുബന്ധ ചെലവുകൾ പഞ്ചായത്ത് വഹിച്ചു.<br>Written By: Sathish Kumar K (Audit Officer (HG), On 30-04-2022)<br>Last Updated By: Vasudevan M (Deputy Director, On 12-05-2022) | 1-26 |
| 28 | നിരപ്പം സ്റ്റേഡിയം സ്ഥലം ഏറ്റെടുക്കൽ.-കോടതി വിധി പ്രകാരമുള്ള തുക അടവാക്കാൻ നടപടികൾ വൈകുന്നു.<br>Written By: M.Karunakaran (Audit Officer, On 30-04-2022)<br>Last Updated By: Vasudevan M (Deputy Director, On 12-05-2022) | 1-27 |

| | | |
|---|---|---|
| 29 | പഞ്ചായത്ത് ഓഫീസ് കമ്പ്യൂട്ടർ, അനുബന്ധ ഉപകരണങ്ങൾ വാങ്ങൽ-കമ്പ്യൂട്ടർ, പ്രിന്ററുകൾ എന്നിവ ലഭ്യമായതിന്റെ രേഖകൾ ലഭ്യമാക്കിയില്ല.<br>Written By: M.Karunakaran (Audit Officer, On 30-04-2022)<br>Last Updated By: Vasudevan M (Deputy Director, On 12-05-2022) | 1-28 |
| 30 | പി.എച്ച്.സി ലാബിന് ആവശ്യമായ ഉപകരണങ്ങൾ, ഫർണീച്ചർ എന്നിവ വാങ്ങൽ-ലാബിനായി വാങ്ങിയ കമ്പ്യൂട്ടർ ഉപയോഗപ്പെടുത്താത്തതും മറ്റ് അപാകതകളും<br>Written By: M.Karunakaran (Audit Officer, On 30-04-2022)<br>Last Updated By: Vasudevan M (Deputy Director, On 12-05-2022) | 1-29 |
| 31 | മുൻകാല ഡെപ്പോസിറ്റുകൾ തനത് ഫണ്ടിലേയ്ക്ക് മുതൽക്കൂട്ടിയില്ല.<br>Written By: Sathish Kumar K (Audit Officer (HG), On 30-04-2022)<br>Last Updated By: Vasudevan M (Deputy Director, On 12-05-2022) | 1-30 |
| 32 | വയബിലിറ്റി ഗ്യാപ്പ് ഫണ്ട് - കണക്കുകളില്ലാതെ തുക വിതരണം ചെയ്തു<br>Written By: Sathish Kumar K (Audit Officer (HG), On 30-04-2022)<br>Last Updated By: Vasudevan M (Deputy Director, On 12-05-2022) | 1-31 |
| 33 | വിവിധ കുടിവെള്ള പദ്ധതികൾക്ക് മോട്ടോർ, ടാങ്ക് വാങ്ങൽ പ്രൊജക്റ്റ് നടത്തിപ്പിൽ അപാകത.<br>Written By: M.Karunakaran (Audit Officer, On 30-04-2022)<br>Last Updated By: Vasudevan M (Deputy Director, On 12-05-2022) | 1-32 |
| 34 | റോഡ് പ്രവൃത്തികൾ - ആസൂത്രണത്തിലെ പിഴവ് കാരണം റോഡുകളുടെ ഗുണ നിലവാരം കുറയുന്നു<br>Written By: N. Rajeevan (Senior Grade Auditor, On 01-05-2022)<br>Last Updated By: Vasudevan M (Deputy Director, On 12-05-2022) | 1-33 |
| 35 | വയോജന സൗഹൃദ പഞ്ചായത്ത് - പകൽവീട് ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചില്ല.<br>Written By: N. Rajeevan (Senior Grade Auditor, On 01-05-2022)<br>Last Updated By: Vasudevan M (Deputy Director, On 12-05-2022) | 1-34 |
| 36 | റോഡ് മെയിന്റനൻസ് ഗ്രാന്റ് വിനിയോഗിക്കുന്നതിലെ അപാകതകൾ<br>Written By: N. Rajeevan (Senior Grade Auditor, On 01-05-2022)<br>Last Updated By: Vasudevan M (Deputy Director, On 12-05-2022) | 1-35 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| | --- No Records Found --- | |
| | **ഭാഗം 4** | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം<br>Written By: Jasir C M (Auditor, On 30-04-2022)<br>Last Updated By: Vasudevan M (Deputy Director, On 12-05-2022) | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Jasir C M (Auditor, On 30-04-2022)<br>Last Updated By: Vasudevan M (Deputy Director, On 12-05-2022) | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Jasir C M (Auditor, On 30-04-2022)<br>Last Updated By: Vasudevan M (Deputy Director, On 12-05-2022) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: Jasir C M (Auditor, On 30-04-2022)<br>Last Updated By: Vasudevan M (Deputy Director, On 12-05-2022) | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ്<br>Written By: Jasir C M (Auditor, On 30-04-2022) | 4-5 |

| | | |
|---|---|---|
| | Last Updated By: Vasudevan M (Deputy Director, On 12-05-2022) | |
| 6 | സ്ഥിര നിക്ഷേപം<br>Written By: Jasir C M (Auditor, On 30-04-2022)<br>Last Updated By: Vasudevan M (Deputy Director, On 12-05-2022) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Jasir C M (Auditor, On 30-04-2022)<br>Last Updated By: Vasudevan M (Deputy Director, On 12-05-2022) | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട്<br>Written By: Jasir C M (Auditor, On 30-04-2022)<br>Last Updated By: Vasudevan M (Deputy Director, On 12-05-2022) | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം<br>Written By: Jasir C M (Auditor, On 30-04-2022)<br>Last Updated By: Vasudevan M (Deputy Director, On 12-05-2022) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Sathish Kumar K (Audit Officer (HG), On 02-05-2022)<br>Last Updated By: Vasudevan M (Deputy Director, On 12-05-2022) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Jasir C M (Auditor, On 30-04-2022)<br>Last Updated By: Vasudevan M (Deputy Director, On 12-05-2022) | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്

ഓഡിറ്റ് വർഷത്തെ ഗ്രാമപഞ്ചായത്തിന്റെ ബജറ്റ് 18.3.20 ൽ കൂടിയ ഭരണസമിതിയുടെ അജണ്ട 1 തീരുമാനം 1/20 നമ്പർ പ്രകാരം അംഗീകരിച്ചിട്ടുണ്ട്. പരിഷ്കരിച്ച ബജറ്റ് 20.2.21 ലെ അജണ്ട 2 തീരുമാനം 2 പ്രകാരം അംഗീകരിച്ചിട്ടുണ്ട്. പരിഷ്കരിച്ച ബജറ്റ് പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

1994ലെ കേരളപഞ്ചായത്ത് രാജ്നിയമം 214ാം വകുപ്പ് പ്രകാരം സർക്കാർ അതത് സമയം പുറപ്പെടുവിക്കുന്ന നിർദ്ദേശങ്ങൾക്കും ചട്ടങ്ങൾക്കും വിധേയമായി 175ാം വകുപ്പ് പ്രകാരമുള്ള വികസന പദ്ധതി ചെലവുൾപ്പെടെ അടുത്തവർഷത്തേക്ക് ഉണ്ടാവാനിടയുള്ള വരവുചെലവുകളുടെ വിശദമായ എസ്റ്റിമേറ്റ് ഉൾകൊള്ളുന്ന ബജറ്റ് നിർദ്ദേശങ്ങൾ ഓരോ വർഷവും ജനവരി 15ന് മുമ്പ് ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മറ്റികൾ സെക്രട്ടറിയും അതത് വിഷയങ്ങൾ കൈകാര്യം ചെയ്യുന്ന ഉദ്യോഗസ്ഥരും നൽകുന്ന എസ്റ്റിമേറ്റും നിർദ്ദേശങ്ങളും പരിഗണിച്ച് തയ്യാറാക്കി ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റിക്ക് സമർപ്പിക്കണം. എന്നാൽ സ്റ്റാന്റിംഗ് കമ്മറ്റികൾ ബജറ്റ് നിർദ്ദേശങ്ങൾ തയ്യാറാക്കി സമർപ്പിച്ചതായി കാണുന്നില്ല. മാത്രമല്ല ഇത്തരം നിർദ്ദേശങ്ങളടങ്ങിയ ബജറ്റ് ഫയൽ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

ഭരണസമിതി അംഗീകരിച്ച നൽകിയ ബജറ്റ് പ്രകാരമുള്ള വരവുചെലവുകളും പഞ്ചായത്ത് തയ്യാറാക്കി സൂക്ഷിച്ച ബജറ്റും പരിശോധനക്ക് വിധേയമാക്കിയതിൽ ആയത് തമ്മിൽ വലിയ അന്തരം നിലനിൽക്കുന്നു. വാർഷിക ബജറ്റിൽ മുന്നിരിപ്പുൾപ്പെടെ 31,79,56,953/- രൂപവരവും 31,27,54,200/- രൂപ ചെലവും 52,02,753/- രൂപ നീക്കിയിരിപ്പും രേഖപ്പെടുത്തിയപ്പോൾ യഥാർത്ഥ വരവ് മുന്നിരിപ്പുൾപ്പെടെ 8,62,04,706/- രൂപയും ചെലവ് 6,93,15,836/- രൂപയുമാണ്. പ്രധാന നികുത, നികുതിയേതര വരുമാനങ്ങളിൽ ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരവും സാമ്പത്തിക വർഷത്തെ യഥാർത്ഥവരവും തമ്മിൽ വലിയ വ്യത്യാസമുണ്ട്.

| ഇനം | ബജറ്റ് പ്രകാരം പ്രതീക്ഷിതവരവ് | യഥാർത്ഥവരവ് |
|---|---|---|
| വസ്തുനികുതി | 32,00,000 | 22,99,705 |
| തൊഴിൽ നികുതി | 12,00,000 | 8,61,030 |
| ഫീസ് & യൂസർചാർജ് | 9,05,000 | 3,79,135 |

അതേപോലെതന്നെ ചെലവിനങ്ങളിൽ ചില ഹെഡുകളിൽ വകയിരുത്തിയതിൽ കൂടുതൽ തുക യഥാർത്ഥ ചെലവു വന്നിട്ടുണ്ട്.

ബജറ്റ് തയ്യാറാക്കുമ്പോൾ യാഥാർത്ഥ്യ ബോധത്തോടെ തയ്യാറാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

### 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2021 | 03.05.2021 | | |

### 1-2-1 വാർഷിക കണക്കിലെ അപാകതകൾ

ചെറുവണ്ണൂർ ഗ്രാമപഞ്ചായത്തിന്റെ 2020-21 സാമ്പത്തിക വർഷത്തിലെ വാർഷിക കണക്കുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ.

1. Closing Stock-Stores എന്ന ശീർഷകത്തിൽ 74,890/- രൂപ ബാലൻസായി രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ബന്ധപ്പെട്ട രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല.

2.ബാലൻസ് ഷീറ്റ്-ഷെഡ്യൂൾ ബി-7 ഡെപ്പോസിറ്റ് -ഇനത്തിൽ വിവിധയിനം ഡെപ്പോസിറ്റുകളുടെ ഇനത്തിൽ 17,01,207/- രൂപ നീക്കിയിരിപ്പുണ്ട്. വിവിധ ഇനങ്ങളിലുള്ള കാലഹരണപ്പെട്ട ഡെപ്പോസിറ്റുകൾ ചുവടെ ചേർക്കും പ്രകാരം തനതുഫണ്ടിലേക്ക് മുതൽക്കൂട്ടുന്നതിന് അവശേഷിക്കുന്നുണ്ട്.

| ക്രമ നം | ഹെഡ് കോഡ് | ഡെപ്പോസിറ്റ് ഇനം | മുതൽക്കൂട്ടുന്നതിന് അവശേഷിക്കുന്ന തുക |
|---|---|---|---|
| 1 | 340100101 | Contractors Earnest Money Deposit | 152791 |
| 2 | 340100102 | Suppliers Earnest Money Deposit | 1500 |
| 3 | 340100103 | Bidders Earnest Money Deposit | 6800 |
| 4 | 340100201 | Contractors Security Deposit | 42400 |
| 5 | 340100203 | Bidders Security | 1200 |

| | | | |
|---|---|---|---|
| | | Deposit | |
| 6 | 340100301 | Contractors Retention | 220335 |

3.ആസ്തിരജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല.

4.ബാലൻസ് ഷീറ്റിലെ ബി-9 ഷെഡ്യൂളിൽ വിവിധ സർക്കാർ ഏജൻസികളിലേയ്ക്ക് അടവാക്കുന്നതിനായി ചുവടെ ചേർത്ത പ്രകാരം ബാധ്യത ഇനത്തിൽ നീക്കിയിരിപ്പുണ്ട്.

| ക്രമ നം | ഇനം | തുക |
|---|---|---|
| 1 | റിവർ മാനേജ്മെന്റ് ഫണ്ട് | 21,40,145 |
| 2 | റോയൽറ്റി | 10,35,895 |
| 3 | ഫ്ലഡ് സെസ്സ് | 2,345 |

5.വിവിധ സംയുക്ത പദ്ധതികൾക്കായിട്ടുള്ള ബ്ലോക്ക് പഞ്ചായത്ത്, ജില്ലാ പഞ്ചായത്ത് വിഹിതങ്ങളിൽ ബാലൻസ് ഷീറ്റ് B4 ഷെഡ്യൂൾ പ്രകാരം ചുവടെ ചേർക്കും പ്രകാരം നീക്കിയിരിപ്പുണ്ട്. ഇവ പൂർണ്ണമായി ചെലവഴിക്കാതെ പഞ്ചായത്ത് ഫണ്ടിൽ സൂക്ഷിച്ചിരിക്കുന്നു.

| ഇനം | തുക |
|---|---|
| Contribution For Joint Venture Projects (For Capital Expenditure)-District Panchayath | 1,58,065 |
| Contribution For Joint Venture Projects (For Revenue Expenditure)-from Block Panchayaths | 7,00,000 |
| Contribution For Joint Venture Projects (For RevenueExpenditure)-From District Panchayaths | 9,66,989 |

6. മിസലേനിയസ് ഡിമാൻഡ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. ഇത് കാരണം RP-4 ൽ പെർമിറ്റ് ഫീ, ക്രമവത്കരണ ഫീ എന്നിവ ഒഴികെയുള്ളവയുടെ വിവരങ്ങൾ പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല.

7. നിലവിൽ ഇടപാടുകളില്ലാത്ത ബാങ്ക് അക്കൗണ്ടുകളിൽ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-17 പ്രകാരം

ചുവടെ ചേർക്കും പ്രകാരം ബാലൻസുള്ളതായി രേഖപ്പെടുത്തിയിട്ടുണ്ട്. ക്ലോസ് ചെയ്യുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

| ക്രമ നം | അക്കൌണ്ട് വിവരങ്ങൾ | ബാലൻസ് തുക |
|---|---|---|
| 1 | എസ്.ബി.ഐ-സാൻഡ് എക്കൌണ്ട്-87862 | 20,99,375 |
| 2 | എസ്.ബി.ഐ-വാറ്റ് എക്കൌണ്ട്-32453164068 | 1,95,548 |
| 3 | സിൻഡിക്കേറ്റ് ബാങ്ക്-ജലനിധി | 13,64,139 |
| 4 | സിൻഡിക്കേറ്റ് ബാങ്ക്-പെൻഷൻ | 20,82,400 |
| 5 | സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക്-എം.എൻ ലക്ഷം വീട്-6977 | 4,86,243 |

മേൽ അക്കൗണ്ടുകൾ ക്ലോസ് ചെയ്ത് നീക്കിയിരിപ്പ് തുകകൾ അതത് ഫണ്ടിൽ നിക്ഷേപിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

8.വാർഷിക കണക്കിനോടൊപ്പം അടിസ്ഥാന അനുപാതങ്ങൾ, റേഷ്യോസ്, പ്രധാനപ്പെട്ട എക്കൌണ്ട് നയങ്ങളെക്കുറിച്ചുള്ള കുറിപ്പുകൾ എന്നിവ രേഖപ്പെടുത്തിയിട്ടില്ല.

അപാകതകൾ പരിഹരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 1,37,51,450 |
| വരവ് | 7,24,53,256 |
| ആകെ | 8,62,04,706 |
| ചെലവ് | 6,93,15,836 |
| നീക്കിയിരിപ്പ് | 1,68,88,870 |

## 1-4 ഗ്രാന്റ് വിനിയോഗം

| ഫണ്ടിനം | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി/ |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| | | | | | ലാപ്സായ തുക |
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | 0 | 12772284 | 12772284 | 12749819 | 22465 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | 0 | 6742392 | 6742392 | 5595004 | 1147388 |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | 0 | 0 | 0 | 0 | 0 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | | 10488000 | 10488000 | 10091693 | 396307 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | 0 | 3742759 | 3742759 | 3741727 | 1032 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്-ടൈഡ് (ACR പ്രകാരം) | 0 | 5270000 | 5270000 | 563010 | 4706990 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്-അൺ ടൈഡ് | 0 | 11356390 | 11356390 | 6821084 | 4535306 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ | | | | | |
| ഐ.സി.ഡി.എസ് | 287886 | 1170744 | 1458630 | 1170634 | 287996 |

| | | | | | |
|---|---|---|---|---|---|
| ടോട്ടൽ സാനിറ്റേഷൻ ക്യാംപയിൻ | 553400 | 0 | 553400 | - | 553400 |
| എം.പി ഫണ്ട് | 70471 | 1757 | 72228 | 0 | 72228 |
| സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ | | | | | |
| ജലനിധി | 1330937 | 33202 | 1364139 | 0 | 1364139 |
| ടോട്ടൽ സാനിറ്റേഷൻ ഗ്രാന്റ് | 576700 | 0 | 576700 | 0 | 576700 |
| സാക്ഷരത | 114385 | 3991 | 118376 | 0 | 118376 |
| ശുചിത്വമിഷൻ ഗ്രാന്റ് | 1366696 | 1904888 | 3271584 | 1175894 | 2095690 |

ഗ്രാന്റ് വിനിയോഗ പത്രികയിലെ അപാകതകൾ

2020-21 സാമ്പത്തിക വർഷത്തിൽ ഐ.കെ.എം തയ്യാറാക്കി നൽകിയ ഗ്രാന്റ് യൂട്ടിലൈസേഷൻ പത്രിക പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ.

1)ഗ്രാന്റ് യൂട്ടിലൈസേഷൻ പത്രിക പ്രകാരമുള്ള വിവിധ ഫണ്ടുകളുടെ അലോക്കോഷനും സുലേഖ സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള അലോക്കേഷനും തമ്മിൽ വ്യത്യാസം നിലനിൽക്കുന്നു.

2)I.K.M.ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം C.S.S., ഇനത്തിലും, S.S.S. ഇനത്തിവും വരവ് രേഖപ്പെടുത്തിയിട്ടില്ല. എന്നാൽ C.S.S., ഇനത്തിൽ പൂരക പോഷകാഹാര പദ്ധതിക്ക് 11,70,744/- രൂപ തൻവർഷം വരവുവന്നിട്ടുണ്ട്. അപാകതകൾ പരിഹരിക്കേണ്ടതാണ്.

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷത്തിൽ പ്രോജക്ടുകൾക്ക് അംഗീകാരം ലഭിച്ചതിന്റെയും ആയത് നടപ്പിലാക്കിയതിന്റെയും വിശദവിവരം താഴെക്കൊടുക്കുന്നു.

| അംഗീകാരം ലഭിച്ച പ്രോജക്ടുകൾ | നടപ്പിലാക്കിയ പ്രോജക്ടുകളുടെ എണ്ണം | ഭാഗികമായി നടപ്പിലാക്കിയത് | നടപ്പിലാക്കാത്ത പ്രോജക്ടുകൾ |
|---|---|---|---|
| 183 | 138 | 7 | 38 |

വിവിധ ഫണ്ടുകൾ വകയിരുത്തി ആകെ 183 പ്രോജക്ടുകൾക്കാണ് അംഗീകാരം ലഭിച്ചത്. ആയതിൽ 138 പ്രോജക്ടുകൾക്ക് സാമ്പത്തിക വർഷത്തിൽ തുക വിനിയോഗിക്കാൻ കഴിഞ്ഞിട്ടുണ്ട്. വിവിധ പ്രോജക്ടുകൾക്കായി 9,09,57,482/- രൂപ വകയിരുത്തിയതിൽ 4,89,89,084/- രൂപ വിനിയോഗിച്ചിട്ടുണ്ട്. യഥാസമയം പ്രോജക്ടുകൾ പൂർത്തീകരിച്ച് ട്രഷറിയിൽ ബിൽ സമർപ്പിക്കാത്തതിനാൽ ലഭ്യമായ വികസന ഫണ്ട്/മെയിന്റനൻസ് ഗ്രാന്റിനങ്ങളിൽ പഞ്ചായത്തിന് ലഭ്യമായ തുക പൂർണമായി വിനിയോഗിക്കാൻ കഴിയാതെ നല്ലൊരു തുക ലാപ്സായിട്ടുണ്ട്. ആയതിന്റെ വിശദവിവരം താഴെ കൊടുക്കുന്നു.

| ഫണ്ടിനം | അലോട്ട്മെന്റ് പ്രകാരം ലഭ്യമായ തുക | ചെലവുവന്ന തുക | ലാപ്സായ തുക |
|---|---|---|---|
| വികസന ഫണ്ട് ജനറൽ | 1,27,72,284 | 1,27,49,819 | 22,465 |
| വികസന ഫണ്ട്- SCP | 67,42,392 | 55,95,004 | 11,47,388 |
| മെയിന്റനൻസ് ഗ്രാന്റ് നോൺ റോഡ് | 37,42,759 | 37,41,727 | 1,032 |
| മെയിന്റനൻസ് | 1,04,88,000 | 1,00,91,693 | 3,96,307 |

| | | | |
|---|---|---|---|
| ഗ്രാന്റ് റോഡ് | | | |
| C.F.C. ഗ്രാന്റ് (Tied) | 52,70,000 | 5,63,010 | 47,06,990 |
| C.F.C. ഗ്രാന്റ് (UnTied) | 1,13,56,390 | 68,21,084 | 45,35,306 |
| ആകെ | 5,03,71,825 | 3,95,62,337 | 1,08,09,488 |

മേൽ ഫണ്ടിനങ്ങളിൽ സർക്കാരിൽ നിന്നും ലഭ്യമായ 5,03,71,825/- രൂപയിൽ 3,95,62,337/- രൂപ മാത്രമേ വിനിയോഗിക്കാൻ പഞ്ചായത്തിന് കഴിഞ്ഞിട്ടുള്ളൂ. അവശേഷിക്കുന്ന 1,08,09,488/- രൂപ ചെലവഴിക്കാതെ പഞ്ചായത്തിന് നഷ്ടമായിട്ടുണ്ട്.

വികസനഫണ്ട് ജനറൽ, മെയിന്റനൻസ് ഗ്രാന്റ് നോൺറോഡ് ഇനങ്ങളിൽ ലഭ്യമായ ഫണ്ട് ഏകദേശം മുഴുവനായി വിനിയോഗിക്കാൻ പഞ്ചായത്തിന് കഴിഞ്ഞിട്ടുണ്ടെങ്കിലും സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റിനങ്ങളിൽ ലഭ്യമായ തുക വിനിയോഗിക്കാതെ പോയതാണ് ഫണ്ട് നഷ്ടത്തിന് പ്രധാന കാരണമായത്.

നിർവഹണ ഉദ്യോഗസ്ഥരുടെ ചെലവ് വിവരം പ്രത്യേകമായി പരിശോധിച്ചാൽ അസി.എഞ്ചിനീയറുടെ പ്രോജക്ട് നിർവഹണത്തിലുള്ള വീഴ്ചയാണ് ഫണ്ട് നഷ്ടത്തിന് പ്രധാനമായും കാരണമായത്. അസി.എഞ്ചിനീയർക്ക് സ്പിൽ ഓവർ പ്രോജക്ടുകൾ ഉൾപ്പെടെ 84 പ്രോജക്ടുകൾ നടപ്പിലാക്കാനുണ്ടായിരുന്നതിൽ 62 പ്രോജക്ട്ടുകൾക്ക് മാത്രമെ തുക ചെലവഴിക്കപ്പെട്ടിട്ടുള്ളൂ. മറ്റ് നിർവഹണ ഉദ്യോഗസ്ഥരിൽ കൃഷി ഓഫീസർ, വി.ഇ.ഒ, സെക്രട്ടറി, അസി.സെക്രട്ടറി എന്നിവർ ഒഴികെയുള്ള എല്ലാ നിർവഹണ ഉദ്യോഗസ്ഥരും തങ്ങളുടെ മേഖലയിലുള്ള എല്ലാ പ്രോജക്ടുകൾക്കും തുക ചെലവഴിച്ചിട്ടുണ്ട്. സ.ഉ.എം.എസ് നമ്പർ 11/2018/ത.സ്വ.ഭ.വ.തി.29.1.18 ഖണ്ഡിക 6.7 ൽ നിഷ്കർഷിച്ച പ്രകാരമുള്ള ആസ്തി സംരക്ഷണ പദ്ധതി (Asset Maintenance Plan) തയ്യാറാക്കിയല്ല റോഡ്, റോഡിതര ആസ്തികളുടെ മെയിന്റനൻസുകൾ നടത്തി വരുന്നത്.

പഞ്ചായത്തിന്റെ തനത് ഫണ്ട് ജീവനക്കാരുടെ ശമ്പളം, മറ്റ് അനിവാര്യ ചെലവുകൾ എന്നിവക്ക് അപര്യാപ്തമാണെന്നിരിക്കെ ആയത് പരിഗണിക്കാതെ പ്രോജക്ടുകൾക്ക് തനത് ഫണ്ട് വകയിരുത്തി മറ്റ് ഫണ്ടുകൾ വകമാറ്റി ചെലവഴിക്കുന്ന പ്രവണത പഞ്ചായത്തിൽ നിലനിൽക്കുന്നു. വികസനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി മിനുട്സ് പരിശോധിച്ചതിൽ പ്രോജക്ടുകളുടെ രൂപീകരണം, നിർവഹണം എന്നിവയിൽ ശ്രദ്ധ ചെലുത്തുകയും നിർവഹണ ഉദ്യോഗസ്ഥരുടെ പ്രവർത്തനം അവലോകനം നടത്തുകയും ചെയ്തുവരുന്നുണ്ട്. എന്നാൽ മറ്റ് സ്റ്റാന്റിംഗ് കമ്മറ്റികൾ തങ്ങൾക്ക് കീഴിലുള്ള നിർവഹണ ഉദ്യോഗസ്ഥരുടെ

പ്രവർത്തനം സംബന്ധിച്ച് നിരന്തര വിലയിരുത്തൽ നടത്തികാണുന്നില്ല. പഞ്ചായത്ത് ഭരണസമിതി യോഗങ്ങളിലും പ്രോജക്ടുകളുടെ നിർവഹണം സംബന്ധിച്ച വിലയിരുത്തൽ നടത്തിവരുന്നുണ്ടെങ്കിലും നിരന്തര വിലയിരുത്തലിന്റെ അഭാവം പ്രകടമാണ്. പദ്ധതി രൂപീകരണശേഷം മോണിട്ടറിംഗ് സമിതിയായി പ്രവർത്തിക്കേണ്ട വർക്കിംഗ് ഗ്രൂപ്പുകൾ ബന്ധപ്പെട്ട മേഖലകളിൽ തങ്ങളെ ഏൽപ്പിച്ച ഉത്തരവാദിത്വം നിറവേറ്റുന്നതിനായി പ്രവർത്തനങ്ങളൊന്നും നടത്തി കാണുന്നില്ലെന്ന് ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പ് മിനുട്സുകൾ പരിശോധിച്ചതിൽ വ്യക്തമാവുന്നു. ചില വർക്കിംഗ് ഗ്രൂപ്പുകൾ സാമ്പത്തിക വർഷത്തിൽ പ്രോജക്ട് നിർദ്ദേശങ്ങൾ സമർപ്പിക്കാൻ മാത്രമാണ് യോഗം ചേർന്നിരിക്കുന്നത്. വർക്കിംഗ് ഗ്രൂപ്പുകൾ പലപ്പോഴും നിശ്ചിത ക്വാറം ഇല്ലാതെയും യോഗം ചേർന്ന് തീരുമാനം കൈകൊണ്ടിട്ടുണ്ട്. അതേ പോലെതന്നെ വർക്കിംഗ് ഗ്രൂപ്പ് യോഗങ്ങളിൽ പലപ്പോഴും വർക്കിംഗ് ഗ്രൂപ്പ് കൺവീനർമാർ പങ്കെടുത്ത് കാണുന്നില്ല. വർക്കിംഗ് ഗ്രൂപ്പുകൾ എല്ലാംതന്നെ യോഗമിനുട്സ് തയ്യാറാക്കി സൂക്ഷിക്കുന്നതിലും വീഴ്ച സംഭവിച്ചിട്ടുണ്ട്. തങ്ങളിൽ നിക്ഷിപ്തമായ ചുമതലകൾ നിർവഹിക്കുന്നതോടൊപ്പം യഥാസമയം യോഗം ചേർന്ന് പ്രോജക്ടുകളുടെ നിർവഹണത്തിൽ മോണിട്ടറിംഗ് നടത്തിവരുന്നു എന്ന് വർക്കിംഗ് ഗ്രൂപ്പുകൾ ഉറപ്പുവരുത്തേണ്ടതാണ്.

## 1-6 മഹാത്മാഗാന്ധി ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

മഹാത്മാഗാന്ധി ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം 2020-21 വർഷംവരെ ആകെ 5442 കുടുംബങ്ങൾ തൊഴിൽ കാർഡ് എടുത്തതിൽ 3570 കുടുബങ്ങളിൽ നിന്നായി 4493 പേർ തൊഴിലിനായി അപേക്ഷിക്കുകയും എല്ലാവർക്കും തൊഴിൽ ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. 419 പ്രവൃത്തികളിലായി ആകെ 247721 തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കപ്പെടുകയും തൊഴിലാളികളുടെ കൂലി ഇനത്തിൽ 7,28,69,332/- രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. സാമ്പത്തിക വർഷത്തിൽ 1124 കുടുംബങ്ങൾക്ക് 100 തൊഴിൽ ദിനം ലഭ്യമായിട്ടുണ്ട്. എം.എൻ. ആർ.ഇ.ജി.എസ് ജീവനക്കാരുടെ ശമ്പളം, യാത്രാ ചെലവ്, മറ്റ് ചെലവുകൾ ഇനത്തിൽ 20,64,000/- രൂപയും ചെലവഴിക്കപ്പെട്ടിട്ടുണ്ട്. ആക്ഷൻ പ്ലാൻ പ്രകാരം 454 പ്രവൃത്തികൾക്കായി 1,70,00,000/- രൂപ വകയിരുത്തിരുന്നതിൽ മേൽ പറഞ്ഞ പ്രകാരം 419 പ്രവൃത്തികൾ നടപ്പിലാക്കിയിട്ടുണ്ട്. ആയതിൽ 259 എണ്ണവും മെറ്റിരിയൽ പ്രവൃത്തികളാണ്. ആയതിൽ 115 എണ്ണം റോഡ് കോൺക്രീറ്റ് പ്രവൃത്തികളാണ്. മെറ്റീരിയൽ പ്രവൃത്തികൾക്ക് മെറ്റീരിയൽ വിലയിനത്തിൽ മൊത്തം 3,21,79,000/- രൂപ ചെലവഴിക്കപ്പെട്ടിട്ടുണ്ട്.

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ

കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 0 | 0 |
| കർഷകതൊഴിലാളി പെൻഷൻ | 12415000 | 811 |
| വിധവാപെൻഷൻ | 14351200 | 911 |
| വാർദ്ധക്യകാലപെൻഷൻ | 21723200 | 1654 |
| വികലാംഗപെൻഷൻ | 4594100 | 302 |
| 50 വയസ്സ് കഴിഞ്ഞ അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 287700 | 21 |

## 1-8 ആഭ്യന്തരനിയന്ത്രണം.

ഗ്രാമപഞ്ചായത്തിന്റെ ഭരണ കാര്യക്ഷമത ഉറപ്പുവരുത്തുന്നതിന് ഫലപ്രദമായ ആഭ്യന്തരനിയന്ത്രണ സംവിധാനം അത്യന്താപേക്ഷിതമാണ്. വിവിധ മേഖലയിലെ പഞ്ചായത്തിന്റെ പ്രവർത്തനം വിലയിരുത്തുമ്പോൾ ഗ്രാമപഞ്ചായത്തിന്റെ അഭ്യന്തരനിയന്ത്രണ സംവിധാനം മെച്ചപ്പെടേണ്ടതുണ്ടെന്ന് കാണുന്നു.

പഞ്ചായത്തിൽ കൃത്യമായ ജോലി വിഭജനത്തിന്റെ അടിസ്ഥാനത്തിൽ ജീവനക്കാർക്ക് ഉത്തരവാദിത്തങ്ങൾ 10.9.18ലെ25/18 നമ്പർ ഉത്തരവു പ്രകാരം വിഭജിച്ചു നൽകിയിട്ടുണ്ട്. പ്രതിമാസം സ്റ്റാഫ് മീറ്റിങ്ങുകൾ വിളിച്ചുകൂട്ടി ഓഫീസ് പ്രവർത്തനം വിലയിരുത്തുന്ന കാര്യത്തിൽ ജൂലൈ 2020 വരെ പഞ്ചായത്ത് വേണ്ടത്ര ശ്രദ്ധചെലുത്തി കാണുന്നില്ല. അറ്റന്റൻസ് രജിസ്റ്റർ സൂക്ഷിപ്പിൽ കൃത്യത പാലിച്ചിട്ടുണ്ട്. എല്ലാ പിരിവ് ജീവനക്കാരുടെയും കലക്ഷൻ രജിസ്റ്റർ പരിശോധിച്ച് പിരിച്ചെടുത്ത തുക കൃത്യമായി അടവാക്കുന്നു എന്ന് ഉറപ്പുവരുത്തുന്നതിൽ മേലുദ്യോഗസ്ഥർ ശ്രദ്ധ പതിപ്പിച്ചിട്ടുണ്ട്. പഞ്ചായത്തിൽ സൂക്ഷിക്കേണ്ട വിവരാവകാശ രജിസ്റ്ററിൽ ആവശ്യമായ വിവരം രേഖപ്പെടുത്തി

സൂക്ഷിച്ചിട്ടുണ്ടെങ്കിലും പരാതി രജിസ്റ്ററിൽ പരാതിയിൽ കൈകൊണ്ട തീരുമാനം പലപ്പോഴും രേഖപ്പെടുത്തിയിട്ടില്ല. ഫ്രണ്ട് ഓഫീസ് ഡയറി പരിശോധിച്ചതിൽ തപാലുകൾ ബന്ധപ്പെട്ട സെക്ഷനുകൾക്ക് അതത് ദിവസംതന്നെ കൈമാറുന്നുണ്ട്. കാഷ്ബുക്ക്, ഡേബുക്ക് എന്നിവ ദിവസേന സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നുണ്ട്. ഡേ ബുക്കിനോടൊപ്പം പ്രിന്റെടുത്ത് സൂക്ഷിക്കേണ്ട അതാത് ദിവസത്തെ കാൻസൽഡ് റസീറ്റുകൾ പ്രിന്റെടുത്ത് സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല. ബാങ്ക്, ട്രഷറി എക്കൌണ്ടുകളുടെ പ്രതിമാസ റീക്കൺസിലേഷൻ തയ്യാറാക്കിയത് സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നുണ്ട്. വിവിധ ഡി.സി.ബി രജിസ്റ്ററുകൾ സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. സ്റ്റോക്ക് രജിസ്റ്ററുകൾ കുറ്റമറ്റമറ്റരീതിയിൽ എഴുതി സൂക്ഷിക്കുന്നതിലും വീഴ്ച ഉണ്ടായിട്ടുണ്ട്. കമ്പ്യൂട്ടർ, പ്രിന്റർ മുതലായവ സ്റ്റോക്കിലെടുക്കുമ്പോൾ ആയതിന്റെ സീരിയൽ നമ്പർ, സ്പെസിഫിക്കേഷൻ മുതലായ വിവരങ്ങളോന്നുംതന്നെ രേഖപ്പെടുത്തുന്നില്ല. പഞ്ചായത്തിലെയും കൈമാറികിട്ടിയ സ്ഥാപനങ്ങളിലെയും ജീവനക്കാരുടെ പേരും വിലാസവും രേഖപ്പെടുത്തി സൂക്ഷിക്കേണ്ട ഇൻകൃമ്പൻസി മാസ്റ്റർ രജിസ്റ്റർ എഴുതി കൃത്യമായി സൂക്ഷിച്ചിട്ടില്ല. വൗച്ചറുകളുടെ കാര്യത്തിൽ ചിലമാസങ്ങളിലെ വൗച്ചറുകൾ പ്രസിഡണ്ട് പരിശോധിച്ച് ആധികാരികമാക്കിയിട്ടില്ല. മുൻകാല ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുന്ന കാര്യത്തിൽ പഞ്ചായത്തിന്റെ ഭാഗത്തുനിന്നും ഊർജിതമായ നടപടികൾ ഉണ്ടാകേണ്ടിയിരിക്കുന്നു. 1996-97 മുതൽ 2019-20 വരെ വിവിധ റിപ്പോർട്ടുകളിലായി 305 പരാമർശങ്ങൾ നിലവിലും പരിഹരിക്കാതെ അവശേഷിക്കുന്നുണ്ട് .

ഗ്രാമപഞ്ചായത്തിന്റെ വിവിധ വരവിനങ്ങൾ പിരിച്ചെടുക്കുന്നതിലെ പുരോഗതി വിലയിരുത്തേണ്ട ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റി ഡിമാന്റ് ചെയ്യപ്പെട്ട നികുതി/ നികുതിയേതര വരവുകൾ പിരിച്ചെടുക്കുന്നതിനാവശ്യമായ ഇടപെടലുകൾ നടത്തുന്നുണ്ടെങ്കിലും കേരള പഞ്ചായത്ത് രാജ് നിയമത്തിലും ചട്ടത്തിലും നിഷ്കർഷിക്കുന്ന നടപടി ക്രമങ്ങൾ പാലിച്ച് നികുതി, നികുതിയേതര വരുമാനങ്ങൾ മുഴുവൻ ഡിമാന്റ് ചെയ്യപ്പെടുന്നു എന്ന് ഉറപ്പുവരുത്തുന്നതിനാവശ്യമായ നടപടികൾ ബന്ധപ്പെട്ട സെക്ഷനുകൾ സ്വീകരിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നില്ല. ഇത്തരം നടപടികളുടെ അപര്യാപ്തതമൂലം പഞ്ചായത്തിന് വരുമാന നഷ്ടം ഉണ്ടാവാൻ ഇടയാകുന്നു. ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി പ്രതിമാസ വരവുചെലവ് കണക്കുകൾ അംഗീകരിക്കുമ്പോൾ കണക്കുമായി ബന്ധപ്പെട്ട രേഖകളും രജിസ്റ്ററുകളും കൃത്യമായി സൂക്ഷിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്താൻ ശ്രദ്ധിക്കേണ്ടിയിരിക്കുന്നു.

പഞ്ചായത്തിൽ ഒരു സൂപ്പർ ന്യൂമറി ക്ലർക്ക് ഉൾപ്പെടെ 4 ക്ലർക്ക്, 4 സീനിയർ ക്ലർക്ക് തസ്തികകളാണ് നിലവിലുള്ളത്. ഫീൽഡ് ജോലിക്ക് നിയോഗിക്കപ്പെട്ട ജീവനക്കാർ തങ്ങളുടെ കൃത്യനിർവഹണത്തിൽ വീഴ്ചവരുത്തുന്നത് മൂലം, കെട്ടിട നിർമ്മാണം, മാലിന്യ സംസ്കരണം, ഡി&ഒ, ശുചിത്വം തുടങ്ങി ഗ്രാമപഞ്ചായത്തിനെ ചുമതല ഏൽപ്പിച്ച മേഖലകളിലെ നിയമലംഘനങ്ങൾ റിപ്പോർട്ട

ചെയ്യപ്പെടാതിരിക്കുകയും, ബന്ധപ്പെട്ട മേഖലകളിൽ പഞ്ചായത്തിന്റെ തുടർനടപടി ഇല്ലാതിരിക്കുകയും, ആയതുകൊണ്ടുതന്നെ പഞ്ചായത്തിന് വരുമാന നഷ്ടം ഉണ്ടാവുകയും ചെയ്യുന്ന അവസ്ഥ നിലനിൽക്കുന്നുണ്ട്.

ധനമാനേജ്മെന്റിന്റെ അടിസ്ഥാനമായ ബജറ്റ് തയ്യാറാക്കുന്നതിൽ നിയമപ്രകാരമുള്ള നടപടികൾ പാലിക്കുന്നതിൽ പഞ്ചായത്തിന് വീഴ്ച ഉണ്ടായിട്ടുണ്ട്. നിർവഹണ ഉദ്യോഗസ്ഥർ സമർപ്പിച്ച് ബജറ്റ് പ്രപ്പോസലുകളും ആയതിന്റെ അടിസ്ഥാനത്തിൽ സ്റ്റാന്റിംഗ് കമ്മറ്റികൾ അംഗീകരിച്ച് നൽകിയ ബജറ്റ് നിർദ്ദേശങ്ങളും അടങ്ങുന്ന ഫയൽ സൂക്ഷിക്കുന്നതായി കാണുന്നില്ല. മാത്രമല്ല പഞ്ചായത്ത് സാമ്പത്തിക വർഷം തയ്യാറാക്കിയ ബജറ്റ് സംക്ഷിപ്ത പ്രകാരമുള്ള കണക്കുകൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല. സാധനങ്ങളും സേവനങ്ങളും വാങ്ങുന്നതു സംബന്ധിച്ച് കൃത്യമായ പ്ലാനും ബജറ്റും പഞ്ചായത്ത് തയ്യാറാക്കിയിട്ടില്ല. ചൂണ്ടിക്കാട്ടിയ അപാകതകൾ പരിഹരിച്ച്, അഭ്യന്തരനിയന്ത്രണ സംവിധാനം കാര്യക്ഷമമാക്കുന്നതിന് നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

### 1-9 മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുന്നതിന് സ്വീകരിച്ച നടപടികൾ.

ഗ്രാമപഞ്ചായത്തിന്റെ മുൻകാല ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുന്നതിന് സ്വീകരിച്ച് വരുന്ന നടപടികൾ പരിശോധിച്ചതിൽ 1996-97 മുതൽ 2019-20 വരെ വിവിധ റിപ്പോർട്ടുകളിലായി 305 ഖണ്ഡികകളിലെ പരാമർശങ്ങൾ നിലവിവും പരിഹരിക്കാതെ അവശേഷിക്കുന്നു. ആയത് പരിഹരിക്കുന്നതിന് ഗ്രാമപഞ്ചായത്ത് തലത്തിൽ നടപടികൾ കൈകൊണ്ടിട്ടുള്ളതായി ഹെഡ് ക്ലർക്ക് അറിയിച്ചു. 19.1.22, 12.4.22 തിയ്യതികളിലായി തീർപ്പാക്കാനവശേഷിക്കുന്ന ഭൂരിഭാഗം പരാമർശങ്ങൾക്കും മറുപടി ലഭ്യമാക്കിയതായി ഹെഡ് ക്ലർക്ക് അറിയിച്ചു. 2017-18, 2018-19, 2019-20 വർങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകൾ പ്രത്യേകമായി പരിശോധിച്ചതിൽ 17-18, 2019-20 വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകൾക്ക് പ്രഥമ മറുപടിയുടെ അടിസ്ഥാനത്തിൽ അനന്തരപരാമർശം പുറപ്പെടുവിച്ചിട്ടുണ്ടെങ്കിലും വളരെ കുറച്ച് തടസ്സ ഖണ്ഡികകൾ മാത്രമെ തീർപ്പായിട്ടുള്ളൂ. 2018-19 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് 12-5.20 പുറപ്പെടുവിച്ചത് ഗ്രാമപഞ്ചായത്ത് കൈപ്പറ്റിയശേഷം നിശ്ചിത സമയ പരിധിക്കകം മറുപടി സമർപ്പിച്ചിട്ടില്ലാത്തതിനാൽ അനന്തര റിപ്പോർട്ട് പുറപ്പെടുവിച്ചിട്ടുണ്ട്. ആയതിന് ശേഷം മറുപടി ലഭ്യമാക്കിയതിന്റെ അടിസ്ഥാനത്തിൽ 15 ഖണ്ഡികകളിലെ തടസ്സങ്ങൾ തീർപ്പാക്കിയിട്ടുണ്ട്. 2017-18 വർഷത്തെ റിപ്പോർട്ട് 4.1.19-ൽ പഞ്ചായത്തിൽ ലഭിക്കുകയും പ്രഥമ മറുപടിയുടെ അടിസ്ഥാനത്തിൽ പരാമർശങ്ങൾ തീർപ്പാക്കിയിട്ടുണ്ടെങ്കിലും 6 ഖണ്ഡികകളിലെ പരാമർശങ്ങൾ നിലവിലും പരിഹരിക്കപ്പെട്ടിട്ടില്ല. അതേപൊലെ 2019-20 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് 30.3.21 തിയ്യതിയിൽ പഞ്ചായത്തിൽ ലഭ്യമാവുകയും പ്രഥമ മറുപടി സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ അനന്തര പരാമർശം പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ടെങ്കിലും പ്രധാന പരാമർശങ്ങൾ നിലവിലും പരിഹരിക്കപ്പെട്ടിട്ടില്ല.

ഓഡിറ്റ് റിപ്പോർട്ടുകൾക്ക് സമർപ്പിക്കുന്ന മറുപടികളിൽ ഭൂരിഭാഗവും അപാകത പരിഹരിക്കുന്നതിന് പര്യാപ്തമല്ലാത്തതും, പ്രഥമ മറുപടിക്കുശേഷം റിപ്പോർട്ടുകളിൻമേൽ തുടർനടപടികളില്ലാത്തതുമാണ് ഇത്തരത്തിൽ റിപ്പോർട്ടുകൾ തീർപ്പാക്കാതിരിക്കാൻ കാരണമാവുന്നത്. ഓഡിറ്റ് റിപ്പോർട്ടുകൾക്ക് വ്യക്തമായ മറുപടി തയ്യാറാക്കി സമർപ്പിച്ച് തടസ്സങ്ങൾ തീർപ്പാക്കാൻ സത്വരനടപടികൾ സ്വീകരിക്കേണ്ടതാണ്.

1-10 തൊഴിൽ നികുതി അപാകതകൾ

(1) രജിസ്റ്ററുകൾ തയ്യാറാക്കുന്നതിലെ അപാകതകൾ

കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 205 ഐ പ്രകാരം, ഓരോ സ്ഥാപനത്തിനും പ്രത്യേക പേജുകൾ അനുവദിച്ചുകൊണ്ട് വാർഡ് തിരിച്ചുള്ള ഡിമാൻഡ് രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്. വാർഡ് അടിസ്ഥാനത്തിൽ തയ്യാറാക്കിയ ട്രേഡേഴ്സ് ലിസ്റ്റിൽ നിന്നും വിവരങ്ങൾ ചേർത്താണ് ഇപ്രകാരം ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കേണ്ടത്. ട്രേഡേഴ്സ് ലിസ്റ്റ് പൂർണ്ണമല്ലാത്തതിനാൽ 2020-21 സാമ്പത്തിക വർഷത്തെ കച്ചവടക്കാരുടെ തൊഴിൽ നികുതി ഇനത്തിലെ ഡിമാന്റ്, കളക്ഷൻ എന്നിവയുടെ കൃത്യത ഉറപ്പുവരുത്താൻ കഴിഞ്ഞിട്ടില്ല.

(2)വിവിധ ബിൽഡിംഗ് സൂപ്പർവൈസർമാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

2020-21 വർഷത്തിൽ ചെറുവണ്ണൂർ ഗ്രാമപഞ്ചായത്തിൽ ബിൽഡിംഗ് പ്ലാനുകളിൽ സൂപ്പർവിഷൻ നടത്തിയ ചുവടെ ചേർത്തിട്ടുള്ള വിവിധ എൽ.ബി.എസ് മാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

| ക്രമ നമ്പർ | പേര് | രജിസ്റ്റർ നമ്പർ |
|---|---|---|
| 1. | ശ്രീ.ഷംസുദ്ദീൻ.എം | ഇ-2050/08/3445/ കെ.കെ.ഡി/ 467/2011/ എസ്.ബി |
| 2. | ശ്രീ.ബിനൂപ് കുമാർ.എ | ഇ-2050/08/20461/ കെ.കെ.ഡി/274/ 2021/എസ്.എ |
| 3. | ശ്രീ.രജീഷ്കുമാർ.കെ കോവുമ്മൽ, കായണ്ണ | ഇ/2050/08/19789/ കെ.കെ.ഡി/95/2021/എസ്.എ |

| | | |
|---|---|---|
| 4. | ശ്രീ.വേലായുധൻ.കെ.എം<br>കിഴക്കയിൽ മീത്തൽ,<br>എരവട്ടൂർ | ഇ/2050/08/22043/<br>കെ.കെ.ഡി/525/<br>2021/എസ്.എ |
| 5. | ശ്രീ. അഖിൽ.വി.വി<br>വടേക്കര(വീട്)<br>വെള്ളയോട്ടുമ്മൽ,<br>എരവട്ടൂർ | ഇ/2050/08/12199/<br>കെ.കെ.ഡി/289/<br>2018/എസ്.ബി |
| 6. | ശ്രീ.സബീബ് ഹസ്സൻ.<br>നൂർമഹൽ, ചെറുവണ്ണൂർ<br>തിരുവള്ളൂർ.പി.ഒ | ഇ/2050/4782/കെ.കെ.ഡി/<br>37/2013/ഇ.എ |
| 7. | ശ്രീ.ഷകേഷ്.എം.വി<br>മരാംവീട്ടിൽ, പുതുപ്പണം | ഇ/2050/08/23001/<br>കെ.കെ.ഡി/149/<br>2020/എസ്.എ |
| 8. | ശ്രീ.അദീപ്.പി.ടി | സി.എ/2017/86/39. |

മേൽ സൂചിപ്പിച്ചിരിക്കുന്ന മുഴുവൻ എൽ.ബി.എസ് മാരിൽ നിന്നും നോട്ടിസ് നൽകി തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

(3)മരാമത്ത് പ്രവൃത്തികൾ ഏറ്റെടുത്ത് നടത്തിയ കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

ഓഡിറ്റ് വർഷം ചെറുവണ്ണൂർ ഗ്രാമപഞ്ചായത്തിൽ വിവിധ മരാമത്ത് പ്രവൃത്തികൾ ഏറ്റെടുത്ത് നടത്തിയ താഴെ പറയുന്ന കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

| ക്രമ നമ്പർ | പേര് | വിലാസം |
|---|---|---|
| 1. | ശ്രീ.രഞ്ജിത്ത് ടി.എം | തവരാത്ത് മീത്തൽ,<br>ചെറുവണ്ണൂർ |
| 2. | സെക്രട്ടറി | ആർ.എൽ.സി.സി.എസ് |

| | | |
|---|---|---|
| | | ലിമിറ്റഡ് കൽപ്പത്തൂർ |
| 3. | ശ്രീ.മുജീബ് പി.പി | പന്തപ്പിലാക്കൽ, ചെറുവണ്ണൂർ |
| 4. | ശ്രീ.നിഷാദ്കുമാർ എൻ | നിഷാദ് ഭവൻ, കുട്ടോത്ത് . |
| 5. | ശ്രീ.ജിഷി ജി.ഡി | മണപ്പാട്ടിൽ, നടുവത്തൂർ |
| 6. | ശ്രീ.ശ്രീജിത്ത് പി.കെ | പന്നിവയൽ, കാവിലുമ്പാറ |
| 7. | ശ്രീ.അഷറഫ് കെ.കെ | കോമക്കാട്ട്, ചക്കിട്ടപാറ |
| 9. | മലനാട് ലേബർ കോൺട്രാക്റ്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി | |
| 9. | ശ്രീ.ചന്ദ്രൻ എം.സി | തെയ്യറോത്ത് താഴ, കാരയാട് |

മേൽ കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കി അറിയിക്കേണ്ടതാണ്.

(4)എം.ജി.എൻ.ആർ.ഇ.ജി.എസ് മെറ്റീരിയൽ സപ്ലയേർസ്/കരാറുകാർ എന്നിവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

2020-21 സാമ്പത്തിക വർഷത്തിൽ മെറ്റീരിയൽസ് സപ്ലൈ ചെയ്ത ചുവടെ ചേർത്തിട്ടുള്ള വിവിധ കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

| ക്രമ നമ്പർ | പേര് | വിലാസം |
|---|---|---|
| 1. | ശ്രീ.ജ്യോതിഷ്.ജെ. | ഇഞ്ചയിൽ, പണിക്കർകുടി |
| 2. | ശ്രീ.ജിഷി.ജി.ഡി | മണപ്പാട്ടിൽ, നടുവത്തൂർ |
| 3. | ദിനേശ് എൻ.കെ | നടുക്കണ്ടിയിൽ കുറിച്ചകം, കുറ്റ്യാടി |
| 4. | ശ്രീ.രഞ്ജിത്ത് ടി.എം. | തവരാത്ത് മീത്തൽ, ചെറുവണ്ണൂർ |
| 5. | ശ്രീ.കുഞ്ഞമ്മത്.ഇ.എം | എടക്കണ്ടി മണ്ണിൽ, ആവള |
| 6. | ശ്രീ.ജാഫർ പി.പട്ടയാട്ട് | ചെറുവണ്ണൂർ |
| 7. | ശ്രീ.നിഷാദ് കുമാർ, | നിഷാദ് ഭവൻ, ആവള |

| | | |
|---|---|---|
| 8. | ശ്രീ.ശ്രീജിത്ത്.പി.കെ | പന്നിവയൽ, ആവള |
| 9. | ശ്രീ.ഗോവിന്ദൻ | മണപ്പാട്ടിൽ, നടുവത്തൂർ |
| 10. | ശ്രീ.പ്രകാശൻ.സി.ഡി | പാലേരി |

മേൽ കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കി അറിയിക്കേണ്ടതാണ്.

(5)മുഴുവൻ വാണിജ്യ കെട്ടിടങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയില്ല.

സഞ്ചയ അസസ്മെന്റ്, ഡിമാന്റ് എന്നിവ പ്രകാരം ഓഡിറ്റ് വർഷത്തിൽ 1616 കെട്ടിടങ്ങൾ വാണിജ്യപരമായ ആവശ്യങ്ങൾക്ക് നികുതി നിർണ്ണയിക്കപ്പെട്ടവയാണ്. 2020-21 വർഷത്തിൽ ചെറുവണ്ണൂർ ഗ്രാമപഞ്ചായത്തിൽ 50 വാണിജ്യ കെട്ടിടങ്ങൾക്ക് വേക്കൻസി റെമിഷൻ അനുവദിച്ചിട്ടുണ്ട്. അതായത് 1566 കെട്ടിടങ്ങളിൽ വിവിധ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നതിനുള്ള സാധ്യത നിലനിൽക്കുന്നു. ഓഡിറ്റ് വർഷത്തെ ലൈസൻസ് രജിസ്റ്റർ പ്രകാരം 314 സ്ഥാപനങ്ങൾക്ക് ലൈസൻസ് അനുവദിക്കുകയും തൊഴിൽ നികുതി ഈടാക്കുകയും ചെയ്തിട്ടുണ്ട്. ഗ്രാമപഞ്ചായത്തിൽ നിന്ന് ലഭിച്ച കണക്കുകൾ പ്രകാരം ആകെ അനുവദിക്കപ്പെട്ട ലൈസൻസുകൾക്കായി ഉപയോഗപ്പെടുത്തിയ കെട്ടിടങ്ങളുടെ എണ്ണം 440 ആണ്. അവശേഷിക്കുന്ന 1126 കെട്ടിടങ്ങളിൽ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നതിനുള്ള സാധ്യത നിലനില്ക്കുന്നു. അപാകത സൂചിപ്പിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നം-20/20-21 തിയ്യതി 29.04.2022) മറുപടി ലഭ്യമാക്കയിട്ടില്ല. പരാമർശിച്ചിട്ടുള്ള മുഴുവൻ സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

1-11 വ്യവസായങ്ങൾക്കും വ്യാപാര-ഫാക്ടറി സംരംഭക പ്രവർത്തനങ്ങൾക്കും ലൈസൻസ് അപാകതകൾ

ഗ്രാമപഞ്ചായത്തിൽ നിന്ന് ലഭ്യമായ കണക്കുകൾ പ്രകാരം 31.03.2021 വരെ വാണിജ്യാവശ്യങ്ങൾക്കായി നമ്പർ നൽകിയിട്ടുള്ള 1616 (50 വേക്കൻസി റെമിഷൻ) കെട്ടിടങ്ങൾ ഉണ്ടായിരിക്കെ 2020-21 സാമ്പത്തിക വർഷത്തിൽ പഞ്ചായത്തിൽ 314 പേർ മാത്രമാണ് ലൈസൻസ് എടുത്തിട്ടുള്ളത്(440 കെട്ടിടങ്ങളിൽ). നിലവിൽ ധാരാളം പേർ ലൈസൻസ് ഇല്ലാതെ വിവിധ ആവശ്യങ്ങൾക്കായി ഈ കെട്ടിടങ്ങൾ ഉപയോഗിക്കുവാനുള്ള സാധ്യത നിലനിൽക്കുന്നുണ്ട് എന്ന കാര്യം വ്യക്തമാണ്. പഞ്ചായത്തിന് ലഭ്യമാകേണ്ടിയിരുന്ന വരുമാനം നഷ്ടപ്പെടുന്ന അവസ്ഥയാണ് ഉള്ളത്. ലൈസൻസില്ലാതെ പ്രവർത്തിക്കുന്ന ബാക്കി സ്ഥാപനങ്ങളെ വാർഡ് തലത്തിൽ പരിശോധന നടത്തി കണ്ടെത്തി നടപടി സ്വീകരിക്കേണ്ടതാണ്. വാർഡ്തല ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കി സൂക്ഷിക്കേണ്ടതും ഗ്രാമപഞ്ചായത്തിൽ ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളെ

കണ്ടെത്തുന്നതിന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ മേൽനോട്ടത്തിൽ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

1-12 പഞ്ചായത്തിൽ സമർപ്പിച്ച പൂർത്തീകരണ പ്ലാനിൽ നിന്ന് വ്യതിചലിച്ചും കെട്ടിടനിർമ്മാണ ചട്ടങ്ങൾക്ക് വിരുദ്ധമായും പെർമിറ്റില്ലാതെയും നടത്തിയ നിർമ്മാണ പ്രവർത്തനങ്ങൾ -നടപടി കാര്യക്ഷമമല്ല

പഞ്ചായത്തിൽ കെട്ടിടനിർമ്മാണാനുമതിക്കായി സമർപ്പിച്ച പ്ലാനുകൾ കെട്ടിടം പണി പൂർത്തീകരിച്ച് നമ്പറിടാനായി സമർപ്പിച്ച ക്രമവത്ക്കരണപ്ലാനുകൾ എന്നിവയിൽ അപാകതകൾ കണ്ടെത്തിയതിനെ തുടർന്ന് അവ പരിഹരിച്ച് പുന.സമർപ്പിക്കുന്നതിനായി കത്ത് നൽകി മാസങ്ങളായിട്ടും യാതൊരു നടപടിയും സ്വീകരിക്കാത്ത 40 ഫയലുകൾ (പ്രത്യേകിച്ച് പാർപ്പിടാവശ്യത്തിനും വിദ്യാഭ്യാസആവശ്യത്തിനും വേണ്ടി നിർമ്മിച്ച കെട്ടിടങ്ങളുമായി ബന്ധപ്പെട്ടവ) ഓഡിറ്റിന് ഹാജരാക്കിയിരുന്നു പ്രസ്തുത ഫയലുകൾ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ തൻവർഷം നമ്പറിടാനായി ക്രമവത്ക്കരണപ്ലാൻ സമർപ്പിച്ച ഏതാനും കെട്ടിടങ്ങളും മേൽ പരാമർശിച്ച നടപടിയെടുക്കാത്ത ചില കെട്ടിടങ്ങളും നേരിട്ട് 29.04.2022 ന് പരിശോധിക്കുകയുണ്ടായി. ആയതിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ കൊടുക്കുന്നു.

1)ബാലൻ,ശാന്ത മീത്തലെ കൊണ്ടയാട്ട് എന്നവരുടെ ഉടമസ്ഥതയിലുള്ള ചെറുവണ്ണൂർ ടൌണിലെ വാണിജ്യകെട്ടിടം

പഞ്ചായത്തിലെ 8ാം വാർഡിലെ ചെറുവണ്ണൂർ ടൌണിൽ നിർമ്മിച്ച ശ്രീ.ബാലൻ, ശ്രീമതി ശാന്ത മീത്തലെ കൊണ്ടയാട്ട് എന്നവരുടെ പേരിലുള്ള തറ നിലമാത്രമുള്ള വാണിജ്യകെട്ടിടത്തിന് അവർ 19.03.2020-ന് സമർപ്പിച്ച പൂർത്തീകരണ പ്ലാൻ (ക്രമവത്ക്കരണ പ്ലാൻ) പ്രകാരം 8/497/ബി മുതൽ ജി വരെ നമ്പറുകൾ നൽകി. ആകെ 113.4 ച.മീ. തറവിസ്തീർണ്ണത്തിന് ച.മീറ്ററിന് 40/-രൂപ നിരക്കിൽ വസ്തു നികുതി നിർണ്ണയിച്ചു നൽകി. 2020-21 വർഷത്തെ ഓഡിറ്റിന്റെ ഭാഗമായി പഞ്ചായത്ത് അധികൃതരൊടൊപ്പം 29.04.2022 -ന് ഈ കെട്ടിടത്തിൽ നടത്തിയ സ്ഥലപരിശോധനയിൽ താഴെകാണിച്ച പ്രകാരമുള്ള കെട്ടിടനിർമ്മാണചട്ട ലംഘനങ്ങൾ നടന്നതായി കണ്ടു.

എ) പൂർത്തീകരണ പ്ലാനിൽ കെട്ടിടത്തിന്റെ മുൻഭാഗത്തായി രണ്ട് കാർപാർക്കിംഗ് യൂണിറ്റ് കാണിച്ച സ്ഥലത്ത് നിലവിൽ ജി.ഐ പൈപ്പു കൊണ്ട് ട്രസ്സ് വർക്ക് ചെയ്ത് ഷീറ്റിട്ട് സ്ഥിരം കെട്ടിടം പണിത് അവിടെ കച്ചവട സാധനങ്ങൾ അടുക്കി വച്ചിരിക്കുന്നതിനാൽ അവിടെ വാഹന പാർക്കിംഗ് സൌകര്യമില്ല. കൂടാതെ റോഡിന്റെ മറുഭാഗത്തെ പ്ലോട്ടിൽ കാണിച്ച രണ്ട് കാർ പാർക്കിംഗ് സൌകര്യവും നിലവില്ല. അവിടെ കെട്ടിടം പണി നടന്നു കൊണ്ടിരിക്കുകയാണ്.

ബി) പൂർത്തീകരണ പ്ലാനിൽ തറ നില മാത്രമുള്ള കെട്ടിടം മാത്രമാണ് പണിതിട്ടുള്ളതായി

കാണിച്ചിട്ടുള്ളതെങ്കിലും നിലവിൽ അതിന്റെ മുകളിൽ ഒരു നില കൂടി പണിത് ഷട്ടർ ഇട്ട് പണി പൂർത്തീകരിച്ചിട്ടുണ്ട്. കൂടാതെ ഇതേപ്ലോട്ടിലെ തൊട്ടടുത്ത കെട്ടിടത്തിന്റെ മുകളിലും ഒരു നില കൂടി പണിത് രണ്ട് കെട്ടിടത്തിന്റെയും ഒന്നാം നിലകൾ തമ്മിൽ ബന്ധിപ്പിച്ചിട്ടുണ്ട് (കെട്ടിടങ്ങൾ തമ്മിൽ 2 മീറ്റർ അകലം പാലിച്ചില്ല)

സി)ഭിന്നശേഷി സൌഹൃദമാകുന്നരീതിയിൽ ശുചിമുറിക്ക് റാംമ്പ് നിർമ്മിച്ചിട്ടില്ല.

2)ശ്രീ.മഹമ്മൂദ് മൌലവി എന്നവരുടെ പേരിലുള്ള ദാറുൽ ഖുറാൻ ഇസ്ലാമിക് റിസർച്ച് സെന്റർ എന്ന കെട്ടിടം.

ശ്രീ.മഹമ്മൂദ് മൌലവി എന്നവർ പ്രസിഡന്റ് ദാറുൽ ഖുറാൻ ഇസ്ലാമിക് റിസർച്ച് എന്നനിലയിൽ 03.08.2016-ന് സമർപ്പിച്ച വിദ്യാഭ്യാസ കെട്ടിടം പണിയുന്നതിനുള്ള അപേക്ഷ പരിഗണിച്ച് 464.06 ച.മീ. കെട്ടിടം പണിയുന്നതിന് 4132/16-17/22.09.2016 പ്രകാരം അനുമതി നൽകി. കെട്ടിട നിർമ്മാണ പെർമ്മിറ്റ് പുതുക്കി നൽകുന്നതിനായി 09.10.2019 -നായി സ്ഥാപന സെക്രട്ടറി നൽകിയ അപേക്ഷ പരിശോധിച്ചതിൽ സ്ഥലത്തിന്റെ തരം ഏതാണെന്ന് വ്യക്തമാക്കുന്നതിലേയ്ക്കായി കൈവശവകാശ സർട്ടിഫിക്കറ്റ് ലഭ്യമാക്കണമെന്നും സ്ഥലത്തിന്റെ തരം തോട്ടമാണെങ്കിലേ കെട്ടിടനിർമ്മാണാനുമതി പുതുക്കി നൽകുവെന്നും കാണിച്ച് 17.10.2019-ന് കത്ത് നൽകി. ചെറുവണ്ണൂർ വില്ലേജ് ഓഫീസർ 30.09.2019-ന് നൽകിയ കൈവശവകാശ സർട്ടിഫിക്കറ്റിൽ പ്രസിഡന്റ്/ സെക്രട്ടറി ദാറുൽ ഖുറാൻ ഇസ്ലാമിക് റിസർച്ച് കൊയിലാണ്ടി താലൂക്ക്, എന്നവരുടെ പേരിലുള്ള ചെറുവണ്ണൂർ വില്ലേജിലെ മുയിപ്പോത്ത് ദേശത്ത് റീ.സർവ്വെ നം.111/16-ൽപ്പെട്ട 18.384 ആർ ഭൂമി നഞ്ചയാണെന്ന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. എന്നാൽ സഞ്ചയ പരിശോധിച്ചതിൽ കെട്ടിടത്തിന് 12/24-എ മുതൽ സി വരെ നമ്പറുകളിലായി 180 ച.മീ. തറവിസ്തീർണ്ണത്തിന് 2017 ഒന്നാം അർദ്ധവർഷം മുതൽ നികുതി നിർണ്ണയിച്ച് ഈടാക്കി വരുന്നതായി കണ്ടു. നഞ്ച ഭൂമിയിൽ പണിത കെട്ടിടത്തിന് നികുതി നിർണ്ണയിച്ച് നൽകിയതിന് കാരണം വ്യക്തമാക്കേണ്ടതാണ്.

29.04.2022-ന് പഞ്ചായത്ത് അധികൃതരോടൊപ്പം നടത്തിയ സ്ഥപരിശോധനയിൽ പഞ്ചായത്ത് നികുതി നിർണ്ണയിച്ച് നൽകിയതിലും അധികമായി കെട്ടിടം പണി പൂർത്തിയാക്കിയതായി കണ്ടു. 180 ച.മീ. തറവിസ്തീർണ്ണത്തിനാണ് നികുതി ചുമത്തിയിട്ടുള്ളതെങ്കിലും നിലവിൽ 241.775 ച.മീ.വിസ്തീർണ്ണമുള്ള കോൺക്രീറ്റ് കെട്ടിടം അവിടെ പണിതിട്ടുണ്ട്. കൂടാതെ 12.75 മീറ്റർ നീളവും 6.6 മീറ്റർ വീതിയുമുള്ള (83.82 ച.മീ. വിസ്തൃതി) ജിഐ പൈപ്പുകൊണ്ട് ട്രസ്സ് വർക്ക് ചെയ്ത് ഷീറ്റിട്ട ക്യാന്റീനായി ഉപയോഗിക്കുന്ന കെട്ടിടം മതിലിനോട് ചേർന്ന് നിർമ്മിച്ചിട്ടുമുണ്ട്.

3) ആവള കുട്ടോത്ത് ശ്രീ.ലത്തീഫ് കെ എന്നവരുടെ ഉടമസ്ഥതയിലുള്ള 4/403 നമ്പർ വീടിന് സമീപമുള്ള

അജൈവമാലിന്യസംഭരണകേന്ദ്രം

വിവിധ പഞ്ചായത്തുകളിൽ നിന്നുള്ള അജൈവമാലിന്യങ്ങൾ ശേഖരിച്ച് വേർതിരിച്ച് കയറ്റി അയയ്ക്കുന്ന സ്വകാര്യ അജൈവമാലിന്യ സംഭരണകേന്ദ്രം പഞ്ചായത്തിന്റെ കെട്ടിടനിർമ്മാണനുമതിയോ മലിനീകരണനിയന്ത്രണബോർഡിന്റേയും ഫയർ ആന്റ് റെസ്ക്യൂ വകുപ്പിന്റേയും അംഗീകാരമോയില്ലാതെ പ്രവർത്തിക്കുന്നതായി കണ്ടു. ജി.ഐ പൈപ്പ് കൊണ്ട് ട്രസ്സ് വർക്ക് ചെയ്ത് ഷീറ്റിട്ട കെട്ടിടത്തിലും അതിനടുത്ത് തുറന്ന സ്ഥലത്തും അജൈവമാലിന്യങ്ങൾ കൂട്ടിയിട്ടിരിക്കുന്നു. സ്ത്രീകളുൾപ്പെടെയുള്ള തൊഴിലാളികൾ കുടിവെള്ളം, ശുചിമുറി എന്നീ അടിസ്ഥാനസൌകര്യങ്ങളൊന്നുമില്ലാതെയാണ് അവിടെ ജോലി ചെയ്യുന്നത്.

4) ശ്രീ.ചന്ദ്രഹാസൻ ,രേവതി എന്നവരുടെ ഉടമസ്ഥതയിലുള്ള പാമ്പിരികുന്ന് എ.എൽ.പി.സ്കൂളിന്റെ പുതിയ കെട്ടിടം.

245.23 ച.മീ. തറ വിസ്തീർണ്ണമുള്ള സ്കൂൾകെട്ടിടത്തിന്റെ നിർമ്മാണം ക്രമവത്ക്കരിച്ചു കിട്ടുന്നതിനായി ശ്രീ.ചന്ദ്രഹാസൻ, രേവതി എന്നവർ 10.06.2020-ന് നൽകിയ അപേക്ഷ പരിശോധിച്ചതിൽ കണ്ടെത്തിയ 6 അപാകതകൾ പരിഹരിക്കുന്നതിനായി സെക്രട്ടറി എ-4/1490/ 2020/29.07.2020 പ്രകാരം കത്ത് നൽകി. സൈറ്റിൽ ലഭ്യമല്ലാത്ത അളവുകൾ കാണിച്ച് പ്ലാൻ തയ്യാറാക്കി നൽകിയതിന് ലൈസൻസ്ഡ് ബിൽഡിംഗ് സൂപ്പർവൈസറോട് വിശദീകരണവും ആവശ്യപ്പെട്ടു. എനനാൽ ഈ കത്തുകൾക്ക് നാളിതുവരെ മറുപടി നൽകുകയോ പഞ്ചായത്ത് തുടർനടപടി സ്വീകരിക്കുകയോ ചെയ്തില്ല. ഇക്കാര്യം പരിശോധിക്കുന്നതിനായി 29.04.2022-ന് പഞ്ചായത്ത് അധികൃതരൊടൊപ്പം സ്കൂളിൽ സ്ഥലപരിശോധന നടത്തി. സെക്രട്ടറി ചൂണ്ടിക്കാട്ടിയ അപാകതകൾ നിലവിലും പരിഹരിച്ചിട്ടില്ലെങ്കിലും സ്കൂൾ കെട്ടിടം 25.05.2019-ന് ഉദ്ഘാടനം കഴിഞ്ഞ് പ്രവർത്തിച്ചു വരുന്നതായി കണ്ടു. കെട്ടിടത്തിന് പഞ്ചായത്ത് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകിയോയെന്ന് വ്യക്തമല്ല.

ഈ വിഷയം സംബന്ധിച്ച ഓഡിറ്റ് അന്വേഷണകുറിപ്പ് നം. 22/2020-21/30.04.2022-ന് മറുപടി ലഭ്യമാക്കിയില്ല. ചെറുവണ്ണൂർ ഗ്രാമപഞ്ചായത്തിൽ കെട്ടിടനിർമ്മാണ ചട്ടങ്ങൾക്ക് വിരുദ്ധമായും പൂർത്തീകരണ പ്ലാനിൽ നിന്ന് വ്യതിചലിച്ചും കെട്ടിട നിർമ്മാണ പെർമ്മിറ്റില്ലാതെയും നിർമ്മാണം നടത്തിയ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെട്ടതും അല്ലാത്തതുമായ ധാരാളം കെട്ടിടങ്ങൾ ഉണ്ട്. ഇത്തരം കെട്ടിട നിർമ്മാണ പ്രവൃത്തികൾക്കെതിരെ 2019-ലെ കേരളപഞ്ചായത്ത് കെട്ടിടനിർമ്മാണ ചട്ടങ്ങളിലെ അധ്യായം 20 പ്രകാരം നടപടി സ്വീകരിക്കേണ്ടതും ക്രമവത്ക്കരണം സാധ്യമാകാത്തപക്ഷം അവ പൊളിച്ചു കളയേണ്ടതും അതുവരെ കേരളപഞ്ചായത്ത് രാജ് ആക്ടിലെ സെക്ഷൻ 235 എഎ പ്രകാരം നിയമാനുസൃതമായി നിർമ്മിച്ചിരുന്നുവെങ്കിൽ ഈടാക്കേണ്ടിയിരുന്ന വസ്തുനികുതിയുടെ മൂന്നിരട്ടി ചുമത്തേണ്ടതുമാണ്. ഇത്തരത്തിലുള്ള നിർമ്മാണ പ്രവൃത്തികൾ യഥാസമയം കണ്ടെത്തി

നടപടിയെടുക്കുന്നതിനായി ഫീൽഡ് പരിശോധന നടത്തേണ്ടതുമാണ്.

1-13 വാണിജ്യ കെട്ടിടത്തിന് വസ്തുനികുതി കുറവായി നിർണ്ണയിച്ചു

1)ശ്രീ. മൊയ്തു പുത്തരിക്കമണ്ണിൽ എന്നവരുടെ ഉടമസ്ഥതയിലുള്ള കെട്ടിടം.

ശ്രീ.മൊയ്തു പുത്തരിക്കമണ്ണിൽ എന്നവർ 27.01.2021-ൽ സമർപ്പിച്ച ക്രമവത്ക്കരണ പൂർത്തീകരണപ്ലാൻ പരിശോധിച്ച് ജി കാറ്റഗറിയിൽപ്പെട്ട 46.6 ച.മീ. വിസ്തൃതിയുള്ള കെട്ടിടത്തിന് (ഓയിൽ മില്ലിന്) 1/108-എ നമ്പറായി 2237/- രൂപ (2020-21 രണ്ടാം അർദ്ധവർഷം മുതൽ) വാർഷിക വസ്തുനികുതി നിർണ്ണയിച്ചു. കെട്ടിടഉടമസ്ഥൻ സമർപ്പിച്ച പൂർത്തീകരണപ്ലാനിൽ കെട്ടിടത്തിലേക്ക് പ്രവേശനമാർഗ്ഗമായ പെരിഞ്ചേരിക്കടവ് – കക്കറമുക്ക് റോഡിന് 5 മീറ്റർ വീതി കാണിച്ചിട്ടുണ്ടെങ്കിലും റോഡിന്റെ വീതി 1.5 മീറ്ററിൽ കൂടുതൽ എന്ന് കാണിച്ച് 10 % വർദ്ധനവ് വരുത്താതെയാണ് നികുതി നിർണ്ണയിച്ചിട്ടുള്ളതെന്ന് ഫോം-6 പരിശോധിച്ചതിൽ കണ്ടു. ഇക്കാര്യത്തിൽ വ്യക്തവരുത്തുന്നതിനായി പഞ്ചായത്ത് അധികൃതരൊടൊപ്പം 29.04.2022-ന് സ്ഥലപരിശോധന നടത്തിയതിൽ കെട്ടിടത്തിലേക്ക് പ്രവേശനമാർഗ്ഗമായ പെരിഞ്ചേരിക്കടവ് – കക്കറമുക്ക് റോഡിന് 5.20മീറ്റർ വീതിയുണ്ടെന്ന് അളന്ന് ബോധ്യപ്പെട്ടു. അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ടുള്ള ഓഡിറ്റ് അന്വേഷണകുറിപ്പ് നം. 23/2020-21/30.04.2022-ന് മറുപടി ലഭ്യമാക്കിയില്ല. കെട്ടിടത്തിന്റെ വസ്തുനികുതി പുനർനിർണ്ണയിച്ച് കുടിശ്ശിക സഹിതം ഈടാക്കേണ്ടതാണ്. അപാകത ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്.

കൂടാതെ പൂർത്തീകരണ പ്ലാനിൽ കാണിച്ച വസ്തു നികുതി നിർണ്ണയിച്ച കെട്ടിടത്തിന് പുറമെ ഓട്ടോറിക്ഷാ ബോഡി വർക്ക് നടത്തുന്ന( ജി കാറ്റഗറിയിൽപ്പെട്ട) ജിഐ പെപ്പ് കൊണ്ട് ട്രസ്സ് വർക്ക് ചെയ്ത് ഷീറ്റിട്ട സ്ഥിരം കെട്ടിടം കൂടി ആ പ്ലോട്ടിൽ പണിത് പ്രവർത്തിച്ചു വരുന്നതായി കണ്ടു. പഞ്ചായത്തിന്റെ അനുമതിയില്ലാതെ നിർമ്മിച്ച കെട്ടിടത്തിനെതിരെ 2019-ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണചട്ടം അധ്യായം20 പ്രകാരം നടപടിയെടുക്കേണ്ടതും ക്രമവത്ക്കരണം സാധ്യമാകാത്തപക്ഷം അവ പൊളിച്ചു കളയേണ്ടതും അതുവരെ കേരളപഞ്ചായത്ത് രാജ് ആക്ടിലെ സെക്ഷൻ 235 എഎ പ്രകാരം അവ നിയമാനുസൃതമായി നിർമ്മിച്ചിരുന്നുവെങ്കിൽ ഈടാക്കേണ്ടിയിരുന്ന വസ്തുനികുതിയുടെ മൂന്നിരട്ടി ചുമത്തേണ്ടതുമാണ്. ഇത്തരത്തിലുള്ള നിർമ്മാണപ്രവർത്തികൾ യഥാസമയം കണ്ടെത്തി നടപടിയെടുക്കുന്നതിനായി ഫീൽഡ് പരിശോധന നടത്തേണ്ടതുമാണ്.

1-14 എൽ.ഇ.ഡി സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ- ഗുണനിലവാരമില്ലാത്ത തെരുവ് വിളക്കുകൾ സ്ഥാപിച്ചതും സ്ഥാപിച്ച തെരുവ് വിളക്കുകളുടെ എണ്ണം സംബന്ധിച്ച അവ്യക്തതയും.

പ്രോജക്ട് നമ്പർ - 166/21 (സ്പിൽ ഓവർ)

വകയിരുത്തിയ തുക- 400000

ചെലവു തുക- 398400

നിർവഹണം - സെക്രട്ടറി

പഞ്ചായത്ത് പരിധിയിൽ L.E.D.സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കുന്നതിനുള്ള മേൽ പ്രോജക്ട് പ്രകാരം കെൽട്രോൺ നിർമ്മിക്കുന്ന L.E.D ഉത്പന്നങ്ങൾ ടെണ്ടർ നടപടികൾ കൂടാതെ വാങ്ങിക്കാമെന്ന 26.9.19 -ലെ സ.ഉ നമ്പർ 2080/19 ത.സ്വ.ഭ.വ ഉത്തരവിന്റെ അടിസ്ഥാനത്തിൽ 166 L.E.D.വിളക്കുകൾ (18W Dome Light) സപ്ലൈചെയ്ത് സ്ഥാപിക്കുന്നതിന് 398400/- രൂപ കെൽട്രോണിൽ അടവാക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ കെൽട്രോൺ വിളക്കുകൾ പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്. പ്രോജക്ട് നിർവഹണവുമായി ബന്ധപ്പെട്ട് ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ട അപാകതകൾ താഴെ ക്കൊടുക്കുന്നു.

1) തെരുവ് വിളക്കുകൾ സ്ഥാപിക്കുന്നതിന് മുമ്പ് K.S.E.B യിൽ സൂപ്പർ വിഷൻ ചാർജ് അടവാക്കി K.S.E.B യുടെ മേൽനോട്ടത്തിൽ വിളക്കുകൾ സ്ഥാപിക്കുന്നതിന് അനുമതി വാങ്ങിയതായി കാണുന്നില്ല.

2)19-2.21 ൽ കെൽട്രോൺ ലഭ്യമാക്കിയ സർട്ടിഫിക്കറ്റ് പ്രകാരം 166 എണ്ണം 18W Dome Ligh പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ സ്ഥാപിച്ചതായി സാക്ഷ്യപത്രം നൽകിയിട്ടുണ്ട്. എന്നാൽ പഞ്ചായത്തിലെ വിവിധ വാർഡുകളിലെ മെമ്പർമാർ, പഞ്ചായത്ത് പ്രസിഡണ്ട് എന്നിവർ ലഭ്യമാക്കിയ സാക്ഷ്യപത്ര പ്രകാരം മൊത്തം 177 വിളക്കുകൾ സ്ഥാപിച്ചതായി കാണുന്നു. (വിവിധ ടൗണുകളിൽ 48 വിളക്കുകൾ സ്ഥാപിച്ചതായുള്ള പ്രസിഡണ്ടിന്റെ സാക്ഷ്യപത്ര ഉൾപ്പെടെ). കെൽട്രോണിൽ നിന്നും വാങ്ങിയതിൽ കൂടുതലായി 11 തെരുവ് വിളക്കുകൾ സ്ഥാപിക്കാനുണ്ടായ സാഹചര്യം വ്യക്തമല്ല.

3)കെൽട്രോൺ സ്ഥാപിച്ച തെരുവ് വിളക്കുകളിൽ ചിലത് പ്രവർത്തനക്ഷമമല്ലെന്ന വാർഡു മെമ്പർമാരുടെ പരാതിയുടെ അടിസ്ഥാനത്തിൽ 8.3.21 പഞ്ചായത്ത് സെക്രട്ടറി കെൽട്രോണിനയച്ച കത്തിൽ പഞ്ചായത്തിൽ ആവള, മുയിപ്പോത്ത് ഉൾപ്പെടെ 15 വാർഡുകളിൽ സ്ഥാപിച്ച തെരുവ് വിളക്കുകളിൽ ചിലത് പ്രവർത്തനരഹിതമാണെന്നും ആയത് പരിഹരിക്കാൻ നടപടികൾ സ്വീകരിക്കണമെന്നും ആവശ്യപ്പെട്ടുണ്ട്. സെക്രട്ടറി നൽകിയ കത്തിന്റെ അടിസ്ഥാനത്തിൽ ആയത് പരിഹരിക്കാൻ കെൽട്രോൺ നടപടികൾ സ്വീകരിച്ചതിന്റെ വിവരം ഫയലിൽ ലഭ്യമല്ല. അപാകതകൾക്ക് മറുപടി ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾക്ക് മറുപടി ലഭ്യമാക്കിയും സ്ഥാപിച്ച വിളക്കുകൾ സംബന്ധിച്ച വ്യക്തത വരുത്തിയും അപാകത പരിഹരിക്കാവുന്നതാണ്.

1-15 ജലനിധി എകൗണ്ട് നീക്കിയിരിപ്പ് തുകയുടെ വിശദവിവരം ലഭ്യമല്ല

വാർഷിക കണക്കിൽ വിവിധ ബാങ്ക് /ട്രഷറി എക്കൗണ്ടിലുള്ള നിക്കിയിരിപ്പുതുകയിൽ

സിൻഡിക്കേറ്റ് ബാങ്കിലെ ജലനിധി എക്കൗണ്ട് നമ്പർ 18747 ൽ 1330937 രൂപ നീക്കിയിരിപ്പുകാണുന്നു. ഗ്രാമപഞ്ചായത്തിൽ 2011-12 സാമ്പത്തിക വർഷത്തിൽ ആരംഭം കുറിച്ച ജലനിധി പദ്ധതി പ്രകാരമുള്ള പ്രവൃത്തികളെല്ലാം പൂർത്തീകരണ ഘട്ടം കഴിഞ്ഞിട്ടും ജലനിധി എക്കൗണ്ടിൽ ഇത്രയും തുക നീക്കിയിപ്പ് വന്നതിന്റെ കാരണം വിശദീകരിച്ചിട്ടില്ല. ജലനിധി പദ്ധതി പ്രകാരം സാങ്കേതികാനുമതി ലഭിച്ച പ്രവർത്തികളെല്ലാംതന്നെ പൂർത്തീകരിച്ച് എക്സിറ്റായതായി പഞ്ചായത്തിൽ നിന്നും അറിയിച്ചു. പ്രവൃത്തികൾ പൂർത്തീകരിച്ച സാഹചര്യത്തിൽ ബാങ്ക് എക്കൗണ്ടിലെ വലിയ തുക നീക്കിയിരിപ്പിന് കാരണം നടപ്പിലാക്കാൻ കഴിയാത്ത പദ്ധതികൾക്കായി വന്ന സർക്കാർ വിഹിതം, ഗ്രാമപഞ്ചായത്ത് വിഹിതം എന്നിവ തിരികെ അടവാക്കാത്തതോ, അല്ലാത്ത പക്ഷം പദ്ധതികൾ പൂർത്തീകരിച്ച ഗുണഭോക്തൃ ഗ്രൂപ്പുകൾ ചെലവഴിക്കാതെ അവശേഷിച്ച സർക്കാർ വിഹിതം, ഗ്രാമപഞ്ചായത്ത് വിഹിതം എന്നിവ എക്കൗണ്ടിലേക്ക് തിരികെ അടവാക്കി യതോ ആകാൻ സാധ്യത നിലനിൽക്കുന്നു. ഇതിനുപുറമെ പ്രസ്തുത എക്കൗണ്ടിൽ കാലാകാലങ്ങളിൽ പലിശ ഇനത്തിൽ വരവുവന്ന തുകയും ഉൾപ്പെടും. ആയത് വിശദമായ പരിശോധനക്ക് വിധേയമാക്കി തിരിച്ചടവാക്കാതെ അവശേഷിക്കുന്ന സർക്കാർ വിഹിതം ഉണ്ടെങ്കിൽ ആയത് കണക്കാക്കി ബന്ധപ്പെട്ട സ്ഥാപനത്തിന് തിരിച്ചടവാക്കേണ്ടതും പഞ്ചായത്ത് വിഹിതം കണ്ടെത്തി ആയത് ബന്ധപ്പെട്ട ഹെഡിൽ തിരിച്ചടവാക്കാനും നടപടികൾ കൈകൊള്ളേണ്ടതാണ്.

## 1-16 പൊതുമരാമത്ത് പദ്ധതികളുടെ ആസൂത്രണം നിർവ്വഹണം - പൊതു അപാകതകൾ

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥയായി നടപ്പിലാക്കിയ പൊതുമരാമത്ത് പദ്ധതികളുടെ രൂപീകരണ നിർവ്വഹണത്തിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു

1) ഓഡിറ്റ് വർഷം ആകെ 84 പ്രവൃത്തികൾക്ക് അംഗീകാരം ലഭിച്ചതിൽ 22 എണ്ണത്തിൽ തൻവർഷം തുകയൊന്നും ചെലവഴിക്കാൻ കഴിഞ്ഞിട്ടില്ല. പ്രവൃത്തി പൂർത്തിയാക്കിയ 62 എണ്ണത്തിൽ 45 എണ്ണം സ്പിൽ ഓവർ പ്രവൃത്തികളുമാണ്. ഓരോ വർഷവും അംഗീകാരം നൽകുന്ന പുതിയ പദ്ധതികൾ തൻവർഷം നടപ്പാകാതെ അടുത്ത വർഷത്തേക്ക് സ്പിൽ ഓവർ ആകുന്ന പ്രവണത തുടർച്ചയായി കാണുന്നു. ഇത് കാരണം ഗ്രാമപഞ്ചായത്തിന് ഗണ്യമായ തോതിൽ ഫണ്ട് നഷ്ടമുണ്ടാവുന്നു,മാത്രമല്ല പൊതുമരാമത്ത് മേഖലയിലെ വികസനത്തെ പ്രതികൂലമായി ബാധിക്കുകയും ചെയ്യുന്നു. ഓഡിറ്റ് വർഷം ഈ മേഖലയ്ക്ക് വകയിരുത്തിയ 3,39,46,986/- രൂപയിൽ 2,08,42,078/- രൂപ മാത്രമാണ് ചെലവഴിക്കാൻ സാധിച്ചത്.

2) ഭൂരിഭാഗം റോഡ് പ്രവൃത്തികളുടെയും അടങ്കൽ 2 ലക്ഷത്തിനും 3 ലക്ഷത്തിനും ഇടയിലുള്ളതാണ്. ടെണ്ടർ ചെയ്ത മിക്ക പ്രവൃത്തികളും കോൺട്രാക്ടർമാർ പങ്കെടുക്കാത്തതിനാൽ റീടെണ്ടർ ചെയ്യുകയും ഇതിലും ആരും പങ്കെടുക്കാത്തതിനാൽ പിന്നീട് ക്വട്ടേഷൻ മുഖേന എസ്റ്റിമേറ്റ് നിരക്കിൽ ചില ലേബർ കോൺട്രാക്റ്റ് സൊസൈറ്റികൾക്ക് ഒന്നിച്ച് നൽകുന്ന പ്രവണത വ്യാപകമായി കാണുന്നു.

3) പൊതുമരാമത്ത് മേഖലയുമായി ബന്ധപ്പെട്ട സ്റ്റാറ്റസ് റിപ്പോർട്ട് പൂർണ്ണമല്ല. റിപ്പോർട്ടിൽ മേഖലയിലെ മുഴവൻ വിവരങ്ങളും ഉൾപ്പെടുത്തിയതായി കാണുന്നില്ല. ഗ്രാമ പഞ്ചായത്തിലെ പൊതുമരാമത്ത് മേഖലയിലെ മുഴവൻ വിവരങ്ങളും ഉൾപ്പെടുത്തി സ്റ്റാറ്റസ് റിപ്പോർട്ട് കാലികമാക്കേണ്ടതും, ഇതിൽ നിർദ്ദേശിച്ചിരിക്കുന്ന പദ്ധതികൾ നിർവ്വഹണം നടത്തേണ്ടതുമാണെന്ന നിർദ്ദേശം പാലിക്കാൻ ശ്രദ്ധിച്ചിട്ടില്ല.

4) തദ്ദേശഭരണസ്ഥാപനത്തിലെ വിവധതരം റോഡുകളുടെ സർവ്വേനടത്തി റോഡ് കണക്റ്റിവിറ്റി മാപ്പ്, റോഡ്നെറ്റ് വർക്ക് പ്ലാൻ എന്നിവ തയ്യാറാക്കണമെന്നും, ഈ റോഡ് നെറ്റ് വർക്ക് പ്ലാനിന്റെ അടിസ്ഥാനത്തിൽ മുൻഗണന നിശ്ചയിച്ച് പുതിയ റോഡുകളുടെയും, പുനരുദ്ധരിക്കേണ്ട റോഡുകളുടെയും പ്രോജക്ടുകൾ ഏറ്റെടുത്ത് നിർവ്വഹണം നടത്തണമെന്നുള്ള നിബന്ധന പാലിച്ചതായി കാണുന്നില്ല.

5) സ.ഉ.(കൈ) നം.11/2018.തി.29.01.2018 പ്രകാരമുള്ള പദ്ധതി മാർഗ്ഗരേഖ ഖ. 6-7 ൽ മെയിന്റനൻസ് ഫണ്ടും, ലഭ്യമാക്കാൻ കഴിയുന്ന തനത് ഫണ്ടും ഉപയോഗപ്പെടുത്തി സ്ഥാപനത്തിന്റെ കീഴിലുള്ള റോഡ് ,റോഡ് ഇതര ആസ്തികളുടെ സംരക്ഷണത്തിന് ഒരു പ്രത്യേക ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കേണ്ടതാണെന്ന നിർദ്ദേശം സ്ഥാപനം പാലിച്ചിട്ടില്ല.

6) സ.ഉ.(കൈ) 11/2018/തസ്വഭവ തിയ്യതി.29.01.2018 പ്രകാരമുള്ള ഉത്തരവ് ഖ. 11-2.ഇ പ്രകാരം 5 ലക്ഷമോ അതിൽ കൂടുതലോ അടങ്കൽ ഉള്ള മരാമത്ത് പ്രവൃത്തികൾ ഇ ടെൻഡർ മുഖേന നടപ്പിലാക്കാമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ചില വർക്കുകൾ ഇ ടെണ്ടർ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല. ഉദാഹരണം കണ്ടീത്താഴ – നാഗപ്പള്ളിമുക്ക് റോഡ്

7) ഓഡിറ്റ് വർഷം ചില പ്രവൃത്തികളുടെ എസ്റ്റിമേറ്റുകൾ പ്രവൃത്തി നടക്കുന്നതിനിടയിൽ റിവൈസ് ചെയ്തതായി കാണുന്നു. എന്നാൽ എസ്റ്റിമേറ്റുകൾ റിവൈസ് ചെയ്യാനുണ്ടായ കാരണം സൂചിപ്പിച്ചുകൊണ്ടുള്ള റിപ്പോർട്ട്, വേരിയേഷൻ പത്രിക എന്നിവ മിക്ക ഫയലുകളിലും കാണുന്നില്ല. പ്രവൃത്തികളുടെ ആധിക്യം മൂലം സൈറ്റ് സന്ദർശിക്കാതെ എസ്റ്റിമേറ്റുകൾ തയ്യാറാക്കുന്നതുകൊണ്ടാണ് ഇത് സംഭവിക്കുന്നത്.

8) സ.ഉ.(സാധാ) നം.3119/2016/തസ്വഭവ/17.11.2016 പ്രകാരം പ്രാദേശിക സർക്കാരുകൾ ഏറ്റെടുക്കുന്ന 10 ശതമാനം റോഡ് പ്രവൃത്തികളിലെങ്കിലും ഷ്രെഡഡ് പ്ലാസ്റ്റിക് ഉപയോഗിക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട് ഓഡിറ്റ് വർഷം ചില റോഡ് പ്രവൃത്തികൾക്ക് പ്ലാസ്റ്റിക്ക് ഉപയോഗിച്ചിട്ടുണ്ടെങ്കിലും ഇതിന്റെ ബില്ലുകൾ ഫയലിനോടൊപ്പം ഹാജരാക്കിയിട്ടില്ല.

9) ഓഡിറ്റ് വർഷം നിർവ്വഹണം നടത്തിയ റോഡ് ടാറിംഗ് പ്രവൃത്തികൾക്ക് ബിറ്റുമിൻ വാങ്ങിയതിന്റെ ബില്ലുകൾ എല്ലാ ഫയലിനോടൊപ്പവും ഹാജരാക്കിയിട്ടില്ല.

10) പൊതുമരാമത്ത് പ്രവൃത്തികളുടെ ഫയലിൽ, ടെണ്ടർ നോട്ടീസ് കോപ്പി, സെലക്ഷൻ നോട്ടീസ് കോപ്പി, കരാറുകാർക്ക് സൈറ്റ് കൈമാറിയതിന്റെ രേഖ, പ്രവൃത്തി പൂർത്തിയാക്കി സൈറ്റ് തിരിച്ചേൽപ്പിച്ചതിന്റെ രേഖ എന്നിവ ഉൾപ്പെടുത്തിയിട്ടില്ല.

11) എഗ്രിമെന്റ് രജിസ്റ്ററിൽ പി.എ.സി.തുക, കോൺട്രാക്ടറുടെ ഒപ്പ്, പ്രവൃത്തി പൂർത്തിയാക്കിയ തിയ്യതി, എന്നിവ രേഖപ്പെടുത്തിയിട്ടില്ല.

12) ഓരോ മരാമത്ത് പ്രവൃത്തിയും പൂർത്തിയായതിന് ശേഷം ബന്ധപ്പെട്ട മോണിറ്ററിംഗ് കമ്മിറ്റി സൈറ്റ് സന്ദർശിച്ച് വിശദമായ മോണിറ്ററിംഗ് റിപ്പോർട്ട് തയ്യാറാക്കി ഭരണ സമിതിക്ക് സമർപ്പിക്കേണ്ടതാണ്. എന്നാൽ ഇത്തരത്തിൽ തയ്യാറാക്കിയ മോണിറ്ററിംഗ് റിപ്പോർട്ടുകൾ ഫയലിനോടൊപ്പം ഹാജരാക്കിയിട്ടില്ല.

അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.11/20-21/28.4.22) മറുപടി നൽകിയിട്ടില്ല. മരാമത്ത് മേഖലയിലെ പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ സംബന്ധിച്ച് 2018-19, 2019-20 വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകളിൽ വിശദമായി പരാമർശിച്ചിരുന്നെങ്കിലും ഇവ പരിഹരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കാൻ ഗ്രാമപഞ്ചായത്തിന്റെ ഭാഗത്ത് നിന്ന് നടപടികൾ ഉണ്ടായിട്ടില്ല. ഈ വർഷങ്ങളിലെ റിപ്പോർട്ടുകൾക്കുള്ള പ്രഥമ മറുപടിയിൽ സ്ഥിരമായി ഒരു എഞ്ചിനിയറുടെ സേവനം ലഭിക്കാത്തത് കാരണമാണ് ഇത്തരം അപാകതകൾ സംഭവിച്ചതെന്ന് വിശദീകരിച്ചിട്ടുണ്ട്. എന്നാൽ ഓഡിറ്റ് വർഷം ഒരു എഞ്ചിനിയർ,ഓവർസിയർ,ക്ലർക്ക് എന്നിവരുടെ സേവനം ഈ മേഖലയിൽ ലഭ്യമായിട്ടും മുൻ വർഷങ്ങളിലെ അപാകതകൾ ആവർത്തിക്കുന്നതായി കാണുന്നു. പശ്ചാത്തലമേഖലയിൽ വകയിരുത്തിയ തുകയിൽ വലിയൊരുഭാഗം ഇപ്പോഴും നഷ്ടപ്പെടുന്ന അവസ്ഥയാണുള്ളത്. ഇത് പരിഹരിക്കുന്നതിന് വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഭരണസമിതി എന്നിവയുടെ ഇടപെടൽ ഉണ്ടായിട്ടില്ല. ഭാവിയിൽ ഇത്തരം അപാകതകൾ ആവർത്തിക്കാതിരിക്കാൻ ആവശ്യമായ ഭരണതല നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

1-17 കൃഷി ഓഫീസർ നിർവഹണം നടത്തിയ പ്രൊജക്ടുകളിലെ അപാകതകൾ

1) വിത്തുകൾ, ഫലവൃക്ഷതൈകൾ എന്നിവ വാങ്ങുമ്പോൾ ഇനങ്ങൾ , വില എന്നിവ സംബന്ധിച്ച് വ്യക്തത വരുത്തിയില്ല

കൃഷി ഓഫീസർ നിർവഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയവിവിധ പ്രോജക്ടുകൾ പ്രകാരം ഇടവിള കൃഷി കിറ്റ്, ഫലവൃക്ഷ തൈകൾ എന്നിവ വിതരണം ചെയ്തിട്ടു ണ്ട്. ആയതിന്റെ വിശദവിവരം താഴെക്കൊടുക്കുന്നു.

| പ്രോജക്ട് | വകയിരുത്തിയ | ചെലവഴിച്ച | റിമാർക്സ് |
|---|---|---|---|

| നമ്പർ/പേര് | തുക | തുക | |
|---|---|---|---|
| 40/21-സുഫലം. വിഷരഹിത ഫലം | 468000 | 468000 | 1170 ഫലവൃക്ഷതൈ കിറ്റുകൾ ഹരിതമോഡൽ ആഗ്രോ സെന്റർ ചെറുവണ്ണൂരിൽ നിന്നും വാങ്ങി. ഇനവിവരം വ്യക്തമാക്കിയിട്ടില്ല |
| 162/21-പട്ടികജാതി കുടുംബങ്ങൾക്ക് ഫലവൃക്ഷ തൈകൾ വിതരണം | 145250 | 145250 | 415 ഫലവൃക്ഷതൈ കിറ്റുകൾ ഹരിതമോഡൽ ആഗ്രോ സെന്റർ ചെറുവണ്ണൂരിൽ നിന്നും വാങ്ങി. ഇനവി വരം വ്യക്തമാക്കിയിട്ടില്ല |
| 33/21ഇടവിള കൃഷി വികസനം | 200000 | 200000 | 500 രൂപ വിലയുള്ള 400 ഇടവിളകൃഷി കിറ്റുകൾ ഹരിതമോഡൽ ആഗ്രോ സെന്റർ ചെറുവണ്ണൂരിൽ നിന്നുംവാങ്ങി. ഇനവിവരം വ്യക്തമാക്കിയിട്ടില്ല |

ഫലവൃക്ഷതൈ കിറ്റിൽ ഏതെല്ലാം തൈകളാണ് വിതരണം ചെയ്തതെന്നോ, ഇടവിളകൃഷി കിറ്റിൽ ഏതെല്ലാം വിത്തുകൾ ഉൾപ്പെട്ടിരുന്നെന്നോ പ്രോജക്ടിൽ ഉൾപ്പെടെ എവിടെയും വിശദമാക്കിയിട്ടില്ല. പ്രൊക്വയർമെന്റ് കമ്മറ്റിയിൽ കൃഷി ഓഫീസിലേക്ക് പ്രിന്റർ വാങ്ങുന്നതല്ലാതെ കൃഷി ഓഫീസർ

നിർവഹണം നടത്തുന്ന മറ്റ് വാങ്ങലുകൾ സംബന്ധിച്ച തീരുമാനമൊന്നും കൈകൊണ്ടിട്ടില്ല. ഭരണസമിതി തലത്തിലും വാങ്ങുന്ന ഇനം വാങ്ങുന്ന സ്ഥാപനം എന്നിവ സംബന്ധിച്ച തീരുമാനം എടുത്തുകാണുന്നില്ല.ആഗ്രോസർവീസ് സെന്റർ ലഭ്യമാക്കിയ കാഷ് ബില്ലിലും ഫലവൃക്ഷതൈകിറ്റ്, ഇടവിളകൃഷി കിറ്റ് എന്നിവ രേഖപ്പെടുത്തുകയല്ലാതെ ഇനവിവരം രേഖപ്പെടുത്തി കാണുന്നില്ല. ഗുണഭോക്താക്കൾക്ക് ഏതെല്ലാം തൈകൾ, വിത്തുകൾ വിതരണം ചെയ്തു എന്നത് സംബന്ധിച്ചും, കിറ്റുകൾ വാങ്ങുന്നതിന് ആഗ്രോസർവീസ് സെന്ററിനെ എങ്ങനെ തിരഞ്ഞെടുത്തു എന്നത് സംബന്ധി ച്ചുമുള്ള രേഖകൾ പരിശോധനക്ക് ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.

2)ഇടവിളകൃഷി പ്രൊത്സാഹന പദ്ധതി -പ്രൊജക്റ്റുപ്രകാരം വാങ്ങിയ ഇടവിളകൃഷി കിറ്റുകൾ വിതരണം ചെയ്തതിന്റെ രേഖകൾ ഹാജരാക്കിയില്ല .

പ്രോജക്റ്റ് നമ്പർ- 33/21

വകയിരുത്തിയ തുക- 200000

ചെലവു തുക- 200000 (ബിൽ നമ്പർ 69/2/7/20

നിർവഹണം- കൃഷി ഓഫീസർ

ഇടവിളകൃഷി പ്രോത്സാഹനത്തിനായി കിഴങ്ങ് വർഗങ്ങളുടെ വിത്ത് 100% സബ്സിഡിയിൽ വനിതകൾക്ക് വിതരണം ചെയ്യുന്ന പ്രോജക്റ്റ് പ്രകാരം 500 രൂപ വിലയുള്ള 400 ഇടവിളകൃഷി കിറ്റുകൾ ഹരിതമോഡൽ ആഗ്രോസർവീസ് സെന്റർ ചെറുവണ്ണൂരിൽ നിന്നും വാങ്ങിയിട്ടുണ്ട്. കിറ്റുകൾ ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തതിന്റെ രേഖകൾ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. ആയത് പരിശോധനക്ക് ഹാജരാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ഇടവിളകൃഷി വിത്തുകളുടെ വിതരണവിവരം പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

1-18 ലൈഫ് ഭവന പദ്ധതി തുക കൈപ്പറ്റിയിട്ടും ഭവനനിർമ്മാണം - പൂർത്തീകരിക്കാത്തവരുടെ വിവരങ്ങൾ

ചെറുവണ്ണൂർ ഗ്രാമപഞ്ചായത്തിലെ വി.ഇ.ഒ. മാർ നടപ്പിലാക്കിയ ലൈഫ് ഭവന പദ്ധതിയിൽ ഭവന നിർമ്മാണത്തിനായി താഴെ കൊടുത്തിരിക്കുന്ന ഗുണഭോക്താക്കൾ തുക കൈപ്പറ്റുകയും, എന്നാൽ നാളിതുവരെയായി ഭവനനിർമ്മാണം പൂർത്തിയാക്കുകയും ചെയ്തതായി കാണുന്നില്ല.

| ക്രമ നം. | വർഷം | പ്രൊജക്റ്റ് നം. | പേര്, വിലാസം | വാർഡ് നം. | ആകെ കൈപ്പറ്റിയ തുക | അവസാന ഗഡു കൈപ്പറ്റിയത്/ തിയ്യതി | റിമാർക്സ് |
|---|---|---|---|---|---|---|---|
| 1 | 2019-20 | 28 | ഇബ്രാഹിം കോട്ടയുള്ള പറമ്പിൽ | 11 | 40000 | 40000/ 20.8.2019 | നിർമ്മാണം ആരംഭിച്ചിട്ടില്ല. |
| 2 | 2020-21 | 96 | സുധ പടിഞ്ഞാറയിൽ | 5 | 303900 | 103900/ 25.3.22 | റൂഫ് പൂർത്തീകരിച്ചിട്ടില്ല. |
| 3 | 2020-21 | 43 | തെയ്യൻ, കരവോത്ത് താഴെ, മുയിപ്പോത്ത്. പി.ഒ. | 10 | 40000 | 40000/ 26.2.2021 | നിർമ്മാണം തുടങ്ങിയിട്ടില്ല. |
| 4 | 2020-21 | 43 | സബിത.ഇ.സി, തെക്കേരയരോത്ത് മീത്തൽ | 5 | 200000 | 160000/ 15.03.2022 | ചുമർ പണി ആരംഭിച്ചു. |
| 5 | 2020-21 | 43 | ശബരീഷ്. എം, മലയിൽ | 9 | 400000 | 100000/ 30.3.2022 | മേൽക്കൂര വാർത്തു |
| 6 | 2020-21 | 43 | ഗീത.എ.എം, എമ്മനക്കണ്ടി | 10 | 400000 | 100000/ 30.3.2022 | മേൽക്കൂര വാർത്തു |

| | | | | | | | |
|---|---|---|---|---|---|---|---|
| 7 | 2020-21 | 43 | ദീപ്തി.കെ പെരുവാന്തിയിൽ | 4 | 40000 | 40000/ 16.3.2021 | തറ പണി ആരംഭിച്ചു. |
| 8 | 2020-21 | 43 | നാരായണി.കെ.കെ, കളകോവുമ്മൽ | 15 | 200000 | 160000/ 04.09.2021 | ലിന്റൽ വരെയായി |
| 9 | 2020-21 | 43 | സിഞ്ചു, തെക്കേപഴ മാത്തിൽ | 9 | 300000 | 100000/ 16.2.2022 | മേൽക്കൂര വരെയായി |

അതാത് വർഷം പൂർത്തീകരിക്കേണ്ട ഭവന നിർമ്മാണം, പൂർത്തീകരിക്കാനാവാതെ പോയതിന് വിശദീകരണം നൽകേണ്ടതും സ്വീകരിച്ച നടപടികൾ അറിയിക്കേണ്ടതുമാണ്.

1-19 ചെലവഴിക്കാതെ അവശേഷിക്കുന്ന ജില്ലാ/ബ്ലോക്ക് പഞ്ചായത്ത് വിഹിതം തിരികെ അടവാക്കുന്നില്ല.

ഗ്രാമപഞ്ചായത്തിന്റെ സാമ്പത്തിക വർഷത്തെ വാർഷിക കണക്ക് പരിശോധിച്ചതിൽ സംയുക്ത പ്രൊജക്റ്റുകൾക്കായി മുൻവർഷങ്ങളിൽ ലഭ്യമായ തുകയിൽ ചെലവഴിക്കാതെ അവശേഷിക്കുന്ന തുക ബാലൻസ് ഷീറ്റ് പ്രകാരം 1825054/- രൂപയുണ്ട്. ആയതിൽ 858065/- രൂപ ബ്ലോക്ക് പഞ്ചായത്ത് വിഹിതമിനത്തിലും 966989/- രൂപ ജില്ലാപഞ്ചായത്ത് വിഹിതമിനത്തിലും ലഭ്യമായ തുക ചെലവഴിക്കാതെ അവശേഷിക്കുന്നതാണ്. ജില്ലാ/ബ്ലോക്ക് പഞ്ചായത്ത് വിഹിതമിനത്തിൽ ലഭിച്ച തുകയിൽ ചെലവഴിക്കാതെ അവശേഷിക്കുന്ന തുകയുടെ വിശദവിവരം രേഖപ്പെടുത്തിയ രജിസ്റ്റർ പരിശോധിച്ചതിൽ ബ്ലോക്ക് പഞ്ചായത്ത് വിഹിതമിനത്തിൽ 19-20 സാമ്പത്തിക വർഷത്തിൽ നെൽകൃഷിക്ക് കൂലിചെലവ് സബ്സിഡി ഇനത്തിൽ ലഭിച്ച 500000/- രൂപയും ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് സ്കോളർഷിപ്പ് ഇനത്തിൽ ലഭിച്ച 200000/- രൂപയും ചെലവഴിക്കാതെ അവശേഷിക്കുന്നതായി രേഖപ്പെടുത്തിയിട്ടുണ്ട് എന്നാൽ 19-20 വർഷത്തെ കൃഷി ഓഫീസർ, ഐ.സി.ഡി.എസ്. സൂപ്പർ വൈസർ എന്നിവരുടെ ചെലവുസ്റ്റേറ്റ്മെന്റ് പരിശോധിച്ചതിൽ 2019-20 സാമ്പത്തിക വർഷത്തിൽ തന്നെ പ്രസ്തുത തുകകൾ വിനിയോഗിക്കപ്പെട്ടതായി രേഖപ്പെടുത്തിയിട്ടുണ്ട്. ആയതിനാൽ ചെലവഴിക്കാതെ അവശേഷിക്കുന്ന ജില്ലാ/ബ്ലോക്ക് പഞ്ചായത്ത് വിഹിതമായ 1825054/- രൂപയുടെ വിശദവിവരം സംബന്ധിച്ച വ്യക്തത വരുത്തുവാൻ പഞ്ചായത്തിന് കഴിഞ്ഞിട്ടില്ല. ആയതിനാൽ ജില്ലാ/ബ്ലോക്ക് പഞ്ചായത്ത് വിഹിതമിനത്തിൽ ലഭ്യമായ തുകകളിൽ ചെലവഴിക്കാതെ അവശേഷിക്കുന്ന തുകകളുടെ കൃത്യത ഉറപ്പുവരുത്തി ആയത് തിരികെ അടവാക്കാൻ നടപടികൾ

സ്വീകരിക്കേണ്ടതാണ്.

1-20 പാലിന് സബ്സിഡി വിതരണത്തിൽ നടപടിക്രമം പാലിക്കാത്തതും വകയിരുത്തിയ തുകയുടെ അപര്യാപ്തതയും.

1)

| | |
|---|---|
| പ്രൊജക്ട് | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി- പ്രോജക്ട് നം.130/2020-21(സ്പിൽ ഓവർ) |
| നിർവ്വഹണഉദ്യോഗസ്ഥ | ഡയറി ഫാം ഇൻസ്ട്രക്ടർ |
| അടങ്കൽ | വികസനഫണ്ട് ജനറൽ-2,00000/-<br>ബ്ലോക്ക് പഞ്ചായത്ത് വിഹിതം-8,00000/-<br>ജില്ലാപഞ്ചായത്ത് വിഹിതം-2,00000/-<br>ആകെ-12,00000/- |
| ചെലവ് | 1)01/2020-21/20.04.2020/54,808/-<br>2)02/2020-21/20.04.2020/67,634/-<br>3)03/2020-21/20.04.2020/77,558/-<br>4)04/2020-21/18.05.2020/1,49,688/-<br>5)05/2020-21/18.05.2020/3,39,978/-<br>6)08/2020-21/18.05.2020/3,10,334/-<br>7)07/2020-21/18.05.2020/2,00000/-<br>ആകെ-12,00000/- |

2)

| | |
|---|---|
| പ്രോജക്ട് | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി- പ്രോജക്ട് നം.110/2020-21 |
| നിർവ്വഹണഉദ്യോഗസ്ഥ | ഡയറി ഫാം ഇൻസ്ട്രക്ടർ |
| അടങ്കൽ | വികസനഫണ്ട് ജനറൽ-2,00000/-<br>ബ്ലോക്ക് പഞ്ചായത്ത് വിഹിതം-7,50,000/-<br>ജില്ലാപഞ്ചായത്ത് വിഹിതം-1,50,000/-<br>ആകെ-11,00000/- |

| | |
|---|---|
| ചെലവ് | 1)12/2020-21/11.01.2021/1,50,000/-<br>2)13/2020-21/11.01.20212,00000/-<br>3)14/2020-21/230.03.2021/7,50,000/-<br>ആകെ-11,00000/- |

I. ഒന്നാമത്തെ പദ്ധതിയിൽ ക്ഷീരകർഷകർക്ക് 2019-20-ൽ അളന്ന പാലിന് സബ്സിഡി നൽകുന്നതിനായി ആകെ 12,00000/-രൂപ ചെലവഴിച്ചു. പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട അപാകതകൾ ചുവടെ കൊടുക്കുന്നു.

എ) ജില്ലാപഞ്ചായത്ത് വിഹിതമിനത്തിൽ ക്രമനം.7 ാംമത്തെ ബില്ലായി മാറിയ 2,00000/- രൂപ ഗുണഭോക്താക്കൾക്ക് നേരിട്ട് കൈമാറാതെ മൂന്ന് ക്ഷീരസംഘങ്ങളുടെ അക്കൌണ്ടിലേക്ക് കൈമാറി.

ബി)18.05.2020-ന് ക്ഷീര സംഘങ്ങൾക്ക് കൈമാറിയ തുക വൈകിയാണ് കർഷകർക്ക് കൈമാറിയത്.വിശദാംശം താഴെപ്പറയുന്നു.

| ക്രമനം | ക്ഷീര സംഘത്തിന്റെ പേര് | തുക | കൈമാറിയ തീയതി |
|---|---|---|---|
| 1 | മുയിപ്പോത്ത് | 34,596 | 08.12.2020 |
| 2 | ചെറുവണ്ണൂർ ഈസ്റ്റ് | 1,17,701 | 19.06.2020. |
| 3 | ആവള | 47,703 | 19.03.2021 |

സി)കൈമാറിയ തുക നാളിതു വരെയായി മുഴുവൻ ഗുണഭോക്താക്കളും കൈപ്പറ്റിയില്ല.വിശദാംശം താഴെപ്പറയുന്നു.

| ക്രമനം | ക്ഷീര സംഘത്തിന്റെ പേര് | ഗുണഭോക്താവിന്റെ പേര് | തുക (രൂപ) |
|---|---|---|---|
| 1 | മുയിപ്പോത്ത് | നഫീസ ചേരി, പുതിയാടത്ത് | 189 |
| 2 | ,, | ഹാജിറ പടിഞ്ഞാറാമഠത്തിൽ | 415 |
| 3 | ചെറുവണ്ണൂർ ഈസ്റ്റ് | ശ്രീമതി ഉഷ | 282 |

| | | | |
|---|---|---|---|
| | | എൻ,നടത്തയിൽ | |

ഈ വിഷയവുമായി ബന്ധപ്പെട്ട ഓഡിറ്റ് അന്വേഷണകുറിപ്പ് നം.24/2020-21/30.04.2022-ന് മറുപടി ലഭ്യമാക്കിയില്ല. സബ്സിഡി മാർഗ്ഗരേഖ പ്രകാരം (സ.ഉ(കൈ)നം.22/2018/തസ്വഭവ തീയതി 14.02.2018 ഖണ്ഡിക 7.2 പ്രകാരം ക്ഷീരകർഷകർക്കുള്ള സബ്സിഡി അവരുടെ ബാങ്ക് അക്കൌണ്ടിലേക്ക് നേരിട്ട് നൽകേണ്ടതാണ്. അപ്രകാരം നൽകാത്തതു മൂലം ക്ഷീരസംഘങ്ങൾ മാസങ്ങൾ കഴിഞ്ഞാണ് തുക കർഷകർക്ക് കൈമാറിയത്. ഇത് സർക്കാർ ഫണ്ടിന്റെ താൽക്കാലിക ദുരുപയോഗമാണ്. ഇത് ഭാവിയിൽ ആവർത്തിക്കാതിരിക്കാൻ ജാഗ്രത പുലർത്തേണ്ടതാണ്. വിവിധ ഗുണഭോക്താക്കൾ നാളിതു വരെ കൈപ്പറ്റാത്ത തുക 886/-രൂപ പലിശ സഹിതം സഞ്ചിത നിധിയിൽ തിരികെ അടവാക്കേണ്ടതാണ്.

II) <u>വകയിരുത്തിയ തുക അപര്യാപ്തം</u>

സബ്സിഡി മാർഗ്ഗരേഖ പ്രകാരം (സ.ഉ(കൈ)നം.22/2018/തസ്വഭവ തീയതി 14.02.2018 ഖണ്ഡിക 7.2) ക്ഷീരകർഷകർക്ക് ക്ഷീരസംഘത്തിൽ അളന്ന പാലിന് ലിറ്ററിന് 4/- രൂപ തോതിൽ കണക്കാക്കി അത്രയും തുക അവരുടെ അക്കൌണ്ടിലേക്ക് നൽകേണ്ടതാണ്. ഇതിൽ 1/- രൂപ ക്ഷീരവികസന വകുപ്പാണ് നൽകേണ്ടത്. ആയതിനാവശ്യമായ തുക കണക്കാക്കി പദ്ധതിയിൽ പകയിരുത്തിയതായി കാണുന്നില്ല. മേൽ പദ്ധതികളിലായി 2019-20, 2020-21 വർഷങ്ങളിലായി ക്ഷീരസംഘത്തിൽ അളന്ന പാലിന് ലിറ്ററിന് 80 പൈസ മുതൽ 4/- രൂപ വരെയുള്ള വ്യത്യസ്ത നിരക്കിൽ ഏതാനും മാസങ്ങളിൽ സബ്സിഡി നൽകിയിട്ടുണ്ട്. കർഷകർക്ക് ഏതാനും മാസങ്ങളിൽ അളന്ന പാലിനായി ചെറിയ തുകയെ സബ്സിഡിയായി നൽകിയുള്ളൂ. ക്ഷീരവികസന വകുപ്പ് നൽകേണ്ട ലിറ്ററിന് ഒരു രൂപ നൽകിയതുമില്ല. ക്ഷീരവികസന വകുപ്പ് ആയതിന് തുക വകയിരുത്തിയിരുന്നില്ലായെന്നാണ് ഡയറിഫാം ഇൻസ്ട്രക്ടർ ഓഡിറ്റിനെ അറിയിച്ചത്. വളരെയധികം കഷ്ടതയനുഭവിക്കുന്ന ക്ഷീരകർഷകർക്ക് സർക്കാർ ഉത്തരവ് പ്രകാരം വകുപ്പ് അനുവദിക്കേണ്ട തുക ലഭ്യമാകുന്നതിന് വിഷയം വകുപ്പിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നതിന് സ്വീകരിച്ച നടപടികളുടെ വിശദാംശം അറിയിക്കാൻ നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പ് നം.24/2020-21/30.04.2022-ന് മറുപടി ലഭ്യമാക്കിയില്ല. വരും വർഷങ്ങളിൽ ക്ഷീര കർഷകർക്ക് അവർ അളന്ന പാലിന് ലിറ്ററിന് 4/- രൂപ നിരക്കിൽ (ഒരു വർഷം പരമാവധി 40,000/-രൂപ) സബ്സിഡി ലഭിക്കുന്ന തരത്തിൽ വിവിധ ഫണ്ടുകൾ വകയിരുത്തി ലഭിക്കുന്നതിനുള്ള ഊർജ്ജിത നടപടികൾ നിർവ്വഹണഉദ്യോഗസ്ഥന്റെയും ഭരണസമിതിയുടെയും ഭാഗത്തുനിന്ന് ഉണ്ടാകേണ്ടതാണ്.

1-21 <u>തെറാപ്പിസ്റ്റിന് വേതനം നൽകൽ-പദ്ധതി മാർഗ നിർദ്ദേശത്തിന് വിരുദ്ധമായ പ്രൊജക്ട്.</u>

പ്രോജക്ട് നമ്പർ - 111/21

വകയിരുത്തിയ തുക-117600

ചെലവു തുക- 117000

നിർവഹണം - മെഡിക്കൽ ഓഫീസർ

ചെറുവണ്ണൂർ ഗ്രാമപഞ്ചായത്തിലെ ആവള പി.എച്.സി ക്ക് കീഴിൽ ചെറുവണ്ണൂരിൽ പ്രവർത്തിക്കുന്ന ഫിസിയോ തെറാപ്പി സെന്ററിൽ താൽക്കാലികാടിസ്ഥാനത്തിൽ നിയമിച്ച തെറാപ്പിസ്റ്റിന് വേതനം നൽകുന്നതിനാണ് പ്രോജക്ട് തയ്യാറാക്കിയിരിക്കുന്നത്. പ്രതിദിനം 600 രൂപ പ്രകാരം ഫിസിയോ തെറാപിസ്റ്റിന് വിവിധ മാസങ്ങളിൽ വേതനം നൽകുന്നതിന് സാമ്പത്തിക വർഷത്തിൽ 117000/- രൂപ ചെലവഴിച്ചിട്ടുണ്ട്. പ്രോജക്ട് ഫയൽ, അനുബന്ധ രജിസ്റ്ററുകൾ എന്നിവ പരിശോധിച്ചതിൽ ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ട അപാകതകൾ താഴെ ക്കൊടുക്കുന്നു.

1) സ.ഉ.നമ്പർ 22/18 ത.സ്വ.ഭ.വ. തിയ്യതി 14.2.18 ഖണ്ഡിക 8.10 പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനത്തിലെ ബഡ്സ് സ്കൂൾ, ബഡ്സ് റീഹാബിലിറ്റേഷൻ സെന്റർ എന്നിവക്ക് കീഴിലുള്ള തെറാപ്പിസ്റ്റുകൾ, പെയിൽ &പാലിയേറ്റീവ് കെയറിന്റെ ഭാഗമായി പ്രവർത്തിക്കുന്ന ഫിസിയോ തെറാപ്പിസ്റ്റുകൾ എന്നിവർക്കൊഴികെയുള്ള തെറാപ്പിസ്റ്റുകൾക്ക് പ്രോജക്ടിൽ തുക വകയിരുത്തി ചെലവഴിക്കുന്നതിന് നിയന്ത്രണമേർപ്പെടുത്തിയിട്ടുണ്ട്. പി.എച്ച്.സിയുടെ കീഴിൽ തെറാപ്പി സെന്റർ സ്ഥാപിച്ച് തെറാപിസ്റ്റിന് വേതനം നൽകുന്നതിന് പ്രത്യേകാനുമതി ലഭ്യമായിട്ടുണ്ടെങ്കിൽ ആയത് ലഭ്യമാക്കേണ്ടതാണ്.

2)2021 ലെ അറ്റന്റൻസ് പരിശോധിച്ചതിൽ മാർച്ച് മാസത്തിലെ അറ്റന്റൻസ് പ്രകാരം തെറാപ്പിസ്റ്റ് 12 ദിവസമാണ് സ്ഥാപനത്തിൽ ഹാജരായിരിക്കുന്നത്. എന്നാൽ ബിൽ നമ്പർ 52/20-21 തി 30.3.21 പ്രകാരം മാർച്ച് മാസത്തി ലെ 17 ദിവസത്തെ വേതനം 10200/- രൂപയും ബിൽ നമ്പർ 51/20-21 30.3.21 പ്രകാരം ഒരു ദിവസത്തെ വേതനം 600/- രൂപയും ഉൾപ്പെടെ 10800/- രൂപ നൽകിയിട്ടുണ്ട്. ആറ് ദിവസത്തെ വേതനമായ 3600 (600x6=3600) അധികം നൽകാനുണ്ടായ സാഹചര്യം വിശദമാക്കേണ്ടതാണ്.

3)ഓഡിറ്റിനായി ഹാജരാക്കിയ ഫിസിയോ തെറാപ്പി സെന്റർ രജിസ്റ്റർ പ്രകാരം സാമ്പത്തിക വർഷത്തിൽ 186 ദിവസം തെറാപ്പി സെന്റർ തുറന്ന് പ്രവർത്തിച്ചിട്ടുണ്ട്. വർഷത്തിൽ ആകെ 7 പേർ മാത്രമെ വിവിധ ദിവസങ്ങളിൽ സെന്ററിന്റെ സേവനം പ്രയോജനപ്പെടുത്തിയിട്ടുള്ളൂ. ആയതിൽതന്നെ 80% ദിവസങ്ങളിലും റോജിയ എന്ന രണ്ട് വയസുള്ള കുട്ടി മാത്രമാണ് സെന്ററിന്റെ സേവനം പ്രയോജനപ്പെടുത്തിയത്. തെറാപ്പിസ്റ്റിന്റെ സേവനം പഞ്ചായത്തിന് മൊത്തം ഉപകാരപ്രദമായ രീതിയിൽ മാറ്റാൻ സാധിച്ചിട്ടില്ല.

4)സ്ഥാപനത്തിൽ സൂക്ഷിച്ചിട്ടുള്ള അറ്റൻന്റൻസ് രജിസ്റ്ററും ചികിത്സ തേടി എത്തിയവരുടെ വിവരം രേഖപ്പെടുത്തിയ രജിസ്റ്ററും പരിശോധിച്ചതിൽ സ്ഥാപനത്തിൽ തെറാപ്പിസ്റ്റ് ഹാജരായ ദിവസങ്ങൾ തമ്മിൽ അവ്യക്തത കാണുന്നു. ഉദാഹരണത്തിന് 2021 ഫെബ്രുവരി മാസത്തിൽ അറ്റൻന്റൻസ് രജിസ്റ്റർ പ്രകാരം 1, 3, 4, 5, 8, 10, 12, 13, 14, 17, 19, 20, 21, 24, 26, 27, 28 എന്നീ തിയ്യതികളിൽ അറ്റൻന്റൻസ് രേഖപ്പെടുത്തിയപ്പോൾ ചികിത്സ തേടി എത്തിയവരുടെ വിവരം രേഖപ്പെടുത്തിയ രജിസ്റ്റർ പ്രകാരം ഫെബ്രുവരി മാസത്തിൽ 2, 3, 4, 6, 9, 10, 11, 13, 16, 18,19, 20, 23, 25, 26, 27 ദിവസങ്ങളിലാണ് സെന്റർ തുറന്ന് പ്രവർത്തിച്ചിരിക്കുന്നത്. വ്യത്യാസത്തിന് കാരണം വിശദമാക്കിയിട്ടില്ല.

പ്രോജക്ട് നടപ്പിലാക്കുന്നതിന് സർക്കാരിൽ നിന്നും പ്രത്യേകാനുമതി ലഭ്യമായിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകൾ ലഭ്യമാക്കേണ്ടതും ഖണ്ഡിക പ്രകാരമുള്ള മറ്റ് പരാമർശങ്ങൾക്ക് മറുപടി ലഭ്യമാക്കേണ്ടതുമാണ്.

1-22 കന്നുകുട്ടി പരിപാലന പദ്ധതി-വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല

വെറ്ററിനറി സർജൻ നടപ്പിലാക്കിയ കന്നുകുട്ടി പരിപാലന പദ്ധതിയിൽ (പ്രോജക്ട്.നം. 61/2020-21) 28 ഗുണഭോക്താക്കൾക്കായി, 350000/- രൂപ 29.03.2021 ന് NEFT ആയി കാഫ് ഫീഡ് സബ്സിഡി സ്കീം അസി.ഡയറക്ടർക്ക് കൈമാറിയിട്ടുണ്ട്. പദ്ധതി നടപ്പിലാക്കിയതിന്റെ വിനിയോഗ സാക്ഷ്യപത്രം ഓഡിറ്റിനായി ഹാജരാക്കേണ്ടതാണ്.

1-23 തൊഴിലുറപ്പ് പദ്ധതിക്കാവശ്യമായ മെറ്റീരിയലുകൾ സമാഹരിക്കുന്നതിൽ സുതാര്യതയില്ല.

സാമ്പത്തിക വർഷത്തിൽ തൊഴിലുറപ്പ് പദ്ധതി മുഖേന നടപ്പിലാക്കുന്ന മെറ്റീരിയൽ പ്രവൃത്തികൾക്കാവശ്യമായ മെറ്റീരിയലുകൾ ശേഖരിക്കുന്നതിൽ പഞ്ചായത്ത് സുതാര്യമായ നടപടിക്രമങ്ങൾ പാലിച്ചതായി കാണുന്നില്ല. പ്രവൃത്തികൾക്കാവശ്യമായ മെറ്റീരിയലുകൾ ഒറ്റ ടെണ്ടർ മുഖേന ഒന്നായി സമാഹരിക്കുന്നതിന് പകരം ഓരോ പ്രവൃത്തിക്കും ആവശ്യമായ മെറ്റീരിയലുകൾ പ്രത്യേകം ടെണ്ടർ ക്ഷണിച്ചാണ് ശേഖരിക്കുന്നത്. സാമ്പത്തിക വർഷത്തിൽ മെറ്റീരിയൽ സപ്ലൈ ചെയ്യുന്നതിനായി കൈകൊണ്ട ടെണ്ടറുകൾ പരിശോധിച്ചതിൽ 155 മെറ്റീരിയൽ പ്രവൃത്തികൾക്കാവശ്യമായ മെറ്റീരിയലുകൾ സപ്ലൈ ചെയ്യുന്നതിനായാണ് ടെണ്ടർ ക്ഷണിച്ചിരിക്കുന്നത്. ആയതിൽ 79 ടെണ്ടറുകളിൽ 2 പേർ വീതം പങ്കെടുക്കുകയും ഒരാൾ എസ്റ്റിമേറ്റ് നിരക്ക് ക്വാട്ട് ചെയ്യുകയും മറ്റെ ആൾ എസ്റ്റിമേറ്റിലും കൂടിയ നിരക്കും ക്വാട്ട് ചെയ്തു കാണുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ എസ്റ്റിമേറ്റ് നിരക്ക് ക്വാട്ട് ചെയ്ത കരാറുകാരന് പ്രവൃത്തി അനുവദിക്കുകയും ചെയ്തിട്ടുണ്ട്. അവശേഷിക്കുന്ന പ്രവർത്തികൾ റി-ടെണ്ടർ/ക്വട്ടേഷൻ നടപടികളിലൂടെ കരാറുകാർക്ക് അനുവദിച്ചിട്ടുണ്ട്. കരാറുകാരൻ സൈറ്റിൽ ഇറക്കുന്ന മെറ്റീരിയലുകൾ ആരും തന്നെ അളവ് സാക്ഷ്യപ്പെടുത്തുന്നതായും കാണുന്നില്ല.

അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതാണ്.

തൊഴിലുറപ്പ് പ്രവൃത്തികൾക്ക് സൈറ്റ് ബോർഡ് സ്ഥാപിക്കൽ- ടെണ്ടർ നടപടികൾ സ്വീകരിക്കാതെ ക്വട്ടേഷൻ നടപടികളിലൂടെ പ്രവൃത്തി ഏൽപ്പിച്ചുനൽകി.

2019-20 സാമ്പത്തിക വർഷത്തിൽ ദേശീയ ഗ്രാമീണ പദ്ധതിയുടെ ഭാഗമായി നടക്കുന്ന പ്രവൃത്തികൾക്ക് നിശ്ചിത സ്പെസിഫിക്കേഷനിലുള്ള സൈറ്റ് ബോർഡുകൾപണി സ്ഥലത്ത് സ്ഥാപിക്കുന്നതിനുള്ള പ്രവൃത്തി ക്വട്ടേഷൻ നടപടികളിലൂടെയാണ് കരാറുകാരന് നൽകിയിരിക്കുന്നത്. ഷെൽഫ് ഓഫ് പ്രോജക്ട് പ്രകാരം സാമ്പത്തിക വർഷത്തിൽ 454 പ്രവൃത്തികൾ നടപ്പിലാക്കാനുദ്ദേശിക്കുന്നതിനാൽ ആയവക്ക് സൈറ്റ് ബോർഡുകൾ സ്ഥാപിക്കാൻ ടെണ്ടർ നടപടികൾ ആവശ്യമാണെന്ന് ബോധ്യമായിരിക്കെ ആയത് പരിഗണിക്കാതെ ഭരണസമിതി തീരുമാന പ്രകാരമാണ് ക്വട്ടേഷൻ നടപടികൾ കൈകൊണ്ടിരിക്കുന്നത്. ആയതിന് തന്നെ പത്രപരസ്യം നൽകി വ്യാപക പ്രചരണം നൽകിയതായും കാണുന്നില്ല. ക്വട്ടേഷൻ നോട്ടീസ് പഞ്ചായത്ത് നോട്ടീസ് ബോർഡിൽ മാത്രമാണ് പ്രദർശിപ്പിച്ചിരിക്കുന്നതെന്ന് ഫയൽ പരിശോധനയിൽ വ്യക്തമാവുന്നു. സൈറ്റ് ബോർഡുകൾ തന്നെ പൊതുവർക്കുകൾ, വ്യക്തിഗത വർക്കുകൾ എന്നിവക്ക് വ്യത്യസ്ത സ്പെസിഫിക്കേഷനിലുള്ള ബോർഡുകൾ സ്ഥാപിക്കണമെന്ന നിബന്ധനയും പാലിക്കപ്പെട്ടുകാണുന്നില്ല. എല്ലാ പ്രവൃത്തികൾക്കും ഒരേ സ്പെസിഫിക്കേഷനിലുള്ള ബോർഡുകൾ 2750 രൂപക്കാണ് കരാറുകാരൻ ഏറ്റെടുത്തിരിക്കുന്നത്. ഇത്തരത്തിൽ ക്വട്ടേഷൻ ക്ഷണിച്ചത് മൂലം ആയതിന്റെ മത്സരക്ഷമത നഷ്ടമാവുകയും സൈറ്റ് ബോർഡിന് ഉയർന്ന നിരക്ക് അനുവദിക്കേണ്ടതായും വരുന്നു. സൈറ്റ് ബോർഡുകളുടെ വിലയിനത്തിൽ 475350/- രൂപ സാമ്പത്തിക വർഷത്തിൽ ചെലവുവന്നിട്ടുണ്ട്. അപാകതക്ക് മറുപടി ലഭ്യമാക്കേണ്ടതാണ്.

1-24 വിവിധ പ്രൊജക്ടുകൾ പ്രകാരം അടവാക്കിയ തുകയുടെ വിനിയോഗവിവരം ലഭ്യമാക്കിയില്ല

സാമ്പത്തിക വർഷം സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ വിവിധ പ്രോജക്ടുകൾ പ്രകാരം തുക ബന്ധപ്പെട്ട സ്ഥാപനങ്ങൾക്ക് കൈമാറിയിട്ടുണ്ട്. തുക കൈമാറിയതിന്റെ രേഖകളല്ലാതെ അടവാക്കിയ തുകയുടെ വിനിയോഗവിവരം പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. ആയതിന്റെ വിശദവിവരം താഴെ ക്കൊടുക്കുന്നു.

| പ്രോജക്ട് നമ്പർ/പേര് | വകയിരുത്തി തുക | ചെലവുതുക | അടവാക്കിയ സ്ഥാപനം-ബിൽ നമ്പർ/തിയ്യതി |
|---|---|---|---|
| 2/21-I.K.M. | 75000 | 73808 | ഇൻഫർമേഷൻ കേരള |

| | | | |
|---|---|---|---|
| വിഹിതം നൽകൽ | | | മിഷൻ ബിൽ നമ്പർ 10/20-21 തി 28-5.20 |
| 4/20-21- സ്നേഹസ്പർശം പഞ്ചായത്ത് വിഹിതം | 300000 | 300000 | സ്നേഹസ്പർശം കിഡ്നി പേഷ്യന്റ് വെൽഫയർ സൊസൈറ്റി ബിൽ നമ്പർ 43/21 തി 30.3.21 |

അടവാക്കിയ തുകകളുടെ വിനിയോഗവിവരം ലഭ്യമാക്കേണ്ടതാണ്. ചെലവുതുക 373808/- രൂപ തടസ്സത്തിൽ വെക്കുന്നു. വിനിയോഗവിവരം ലഭ്യമാക്കി ഓഡിറ്റ് പരാമർശം ഒഴിവാക്കേണ്ടതാണ്.

1-25 അഗതി ആശ്രയ പദ്ധതി - മുഴുവൻ ഗുണഭോക്താക്കൾക്കും ആനുകൂല്യങ്ങൾ ലഭിച്ചോ എന്ന് വ്യക്തമല്ല

ഗ്രാമപഞ്ചായത്തിൽ അഗതികളുടെ പുനരധിവാസത്തിനായി 2002-03 വർഷം മുതൽ ആശ്രയ പദ്ധതി നടപ്പാക്കി വരുന്നുണ്ട്. ഇതുവരെ നടപ്പാക്കിയ പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | പദ്ധതിയുടെ പേര് | ഗുണഭോക്താക്കളുടെ എണ്ണം | അടങ്കൽ | ചെലവ് |
|---|---|---|---|---|
| 1 | അഗതി ആശ്രയ (2003-2006) | 104 | 4606841 | 2940116 |
| 2 | അഗതി ആശ്രയ,തുടർസേവനം (2009-2012) | 59 | 2931440 | 1155150 |
| 3 | അഗതി ആശ്രയ രണ്ടാംഘട്ടം (2014-17) | 58 | 4012860 | 427208 |

പദ്ധതിക്ക് വകയിരുത്തിയ മുഴുവൻ തുകയും ചെലവഴിച്ചതായി കാണുന്നില്ല. മേൽ സൂചിപ്പിച്ച പദ്ധതികളിൽ ഉൾപ്പെട്ട മുഴുവൻ ഗുണഭോക്താക്കൾക്കും പാക്കേജിൽ പരാമർശിച്ചിരിക്കുന്ന മുഴുവൻ ആനുകൂല്യങ്ങളും ലഭിച്ചിട്ടുണ്ടോ എന്ന് വ്യക്തമല്ല. ആശ്രയ ഗുണഭോക്താക്കൾക്ക് വിവിധ ആനുകൂല്യങ്ങൾ നൽകുന്നത് രേഖപ്പെടുത്തുന്നതിന് സൂക്ഷിക്കേണ്ട മോണിറ്ററിംഗ് രജിസ്റ്ററിൽ വിവരങ്ങൾ പൂർണ്ണമായി

രേഖപ്പെടുത്തിയിട്ടില്ല. പദ്ധതിയുടെ ഓരോ ഘട്ടത്തിലും എത്ര തുക ചെലവഴിച്ചു എന്നതിന് കൃത്യമായ വിവരങ്ങൾ പഞ്ചായത്തിൽ ലഭ്യമല്ല. അതുകൊണ്ട് തന്നെ ഗുണഭോക്താക്കൾക്ക് പദ്ധതിയിൽ സൂചിപ്പിച്ച എല്ലാ ആനുകൂല്യങ്ങളും ലഭിച്ചോ എന്ന് പരിശോധിച്ച് ഉറപ്പുവരുത്താൻ സാധിച്ചിട്ടില്ല. മുൻ വർഷങ്ങളിലെ ആശ്രയ പദ്ധതികളിൽ ഭവന നിർമ്മാണത്തിന് ആനുകൂല്യം ലഭിക്കേണ്ടയിരുന്ന 13 ഗുണഭോക്താക്കൾക്ക് നാളിതുവരെ ആനുകൂല്യം നൽകിയിട്ടില്ല.

നിലവിൽ അഗതിരഹിത കേരളം എന്ന പദ്ധതിയാണ് നടപ്പാക്കി വരുന്നത്. ഈ പദ്ധതിക്ക് അംഗീകാരം ലഭിച്ചത് 2019-20 സാമ്പത്തിക വർഷത്തിലാണ്. ഇതിൽ ആകെ 132 ഗുണഭോക്താക്കളാണ് ഉൾപ്പെട്ടിരിക്കുന്നത്. മുൻവർഷങ്ങളിലെ ആശ്രയ പദ്ധതികളിൽ ഉൾപ്പെട്ട ആനുകൂല്യങ്ങൾ ലഭിക്കാത്ത ഗുണഭോക്താക്കൾ ഈ പദ്ധതിയിൽ ഉൾപ്പെട്ടിട്ടുണ്ടെന്ന് പരിശോധിച്ച് ഉറപ്പുവരുത്തേണ്ടതാണ്. ആശ്രയ പദ്ധതിയുടെ നിർവ്വഹണം മോണിറ്റർ ചെയ്യുന്നതിന് ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ചെയർമാനായി ഒരു വിലയിരുത്തൽ സമിതി രൂപീകരിക്കേണ്ടതാണ്. എന്നാൽ ഗ്രാമപഞ്ചായത്തിൽ ഈ കമ്മിറ്റി രൂപീകരിച്ചിട്ടില്ല. അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 13/20-21/29.4.22) മറുപടി നൽകിയിട്ടില്ല. മുൻ വർഷങ്ങളിൽ നടപ്പാക്കിയ അഗതി ആശ്രയ പദ്ധതികളിൽ ഉൾപ്പെട്ട മുഴുവൻ ഗുണഭോക്താക്കൾക്കും സേവന പാക്കേജിൽ ഉൾപ്പെട്ട മുഴുവൻ ആനുകൂല്യങ്ങളും ലഭിച്ചു എന്ന് ഉറപ്പുവരുത്തി അറിയിക്കേണ്ടതാണ്.

1-26 ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ പേരിൽ രജിസ്റ്റർ ചെയ്ത സ്ഥലത്തിന്റെ അനുബന്ധ ചെലവുകൾ പഞ്ചായത്ത് വഹിച്ചു.

ജില്ലാപഞ്ചായത്തിന് കീഴിലുള്ള ചെറുവണ്ണൂർ ഗവ. ഹൈസ്കൂളിന് സ്ഥലം വാങ്ങൽ പദ്ധതിയുമായി ബന്ധപ്പെട്ട് ചെറുവണ്ണൂർ ഗ്രാമപഞ്ചായത്തും, കോഴിക്കോട് ജില്ലാപഞ്ചായത്തും സംയുക്തമായി വാങ്ങിയ 50 സെന്റ് സ്ഥലം ജില്ലാപഞ്ചായത്ത് സെക്രട്ടറിയുടെ പേരിൽ രജിസ്റ്റർ ചെയ്തതുമായി ബന്ധപ്പെട്ട് എഴുത്തുകൂലി അടക്കമുള്ള അനുബന്ധ ചെലവുകൾക്കായി 12495 രൂപ ആധാരം എഴുതിയ ശ്രീമതി.ഗീത.പി. ആവശ്യപ്പെട്ട പ്രകാരം പഞ്ചായത്ത് 4.11.2020ലെ 1(3)/20നമ്പർ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ 19.11.20 ലെ വൗച്ചർ നമ്പർ 22000682 പ്രകാരം സെക്രട്ടറി കൈമാറിയിട്ടുണ്ട്. ഹൈസ്കൂളിന് സ്ഥലം വാങ്ങിക്കുന്നതിന് 20 ലക്ഷം രൂപ പഞ്ചായത്ത് ഫണ്ട് വകയിരുത്താൻ കോ.ഓർഡിനേഷൻ കമ്മറ്റി തീരുമാന പ്രകാരം പഞ്ചായത്തിന് അനുമതി നൽകുകയും സാമ്പത്തിക വർഷം തന്നെ തുക ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്.

ജില്ലാ പഞ്ചായത്തിന് കീഴിൽ പ്രവർത്തിക്കുന്ന ഹൈസ്കൂളിന് ജില്ലാപഞ്ചായത്ത് സെക്രട്ടറിയുടെ പേരിൽ സ്ഥലം വാങ്ങിയതിന് ഉണ്ടായിട്ടുള്ള അനുബന്ധ ചെലവുകൾ ജില്ലാപഞ്ചായത്ത് വഹിക്കുമെന്നിരിക്കെ ആയത് ചെയ്യാതെ ഗ്രാമപഞ്ചായത്തിന്റെ ചുമതലയിലില്ലാത്ത സ്ഥാപനത്തിന്

സ്ഥലം വാങ്ങുന്നതിനുള്ള അനുബന്ധ ചെലവുകൾ പഞ്ചായത്ത ഫണ്ടിൽ നിന്നും അനുവദിച്ചതിന് കാരണം വിശദമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ചെലവ് തുക 12,945/- തടസ്സത്തില് വെക്കുന്നു.

**1-27 നിരപ്പം സ്റ്റേഡിയം സ്ഥലം ഏറ്റെടുക്കൽ.-കോടതി വിധി പ്രകാരമുള്ള തുക അടവാക്കാൻ നടപടികൾ വൈകുന്നു.**

ചെറുവണ്ണൂർ പഞ്ചായത്തിലെ നിരപ്പംകുന്ന് മൈതാനത്ത് സ്റ്റേഡിയം നിർമ്മാണത്തിനായി 3 ഏക്കർ 29.5 സെന്റ് സ്ഥലം ഏറ്റെടുക്കുന്നതിന് സർക്കാർ അനുവാദ പ്രകാരം (ജി.ഒ.ആർ.ടി1295/2000/ ത.സ്വ.ഭ.വ തി.23.3.2000) നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൊയിലാണ്ടി സ്പെഷൽ തഹസിൽദാർ പ്രസ്തുത ഭൂമിക്ക് അവാർഡു പാസാക്കി ഏറ്റെടുക്കുന്നതിന് അവാർഡു തുക 923909/- രൂപ ആവശ്യപ്പെടുകയും തുക മുഴുവനും 31.3.2003ൽ പഞ്ചായത്ത് കൈമാറുകയും ചെയ്തിട്ടുണ്ട്. ഏറ്റെടുക്കുന്ന സ്ഥലത്തിന് കൂടുതൽ തുക ആവശ്യപ്പെട്ട് ബഹു.കൊയിലാണ്ടി സബ് കോടതിയെ സമീപിച്ച സ്ഥലത്തിന്റെ അവകാശികൾക്ക് ബഹു കോടതിയുടെ 20.10.2006 ലെ L.A.R 4/04,L.A5/04 ഉത്തരവിലൂടെ സെന്റിന് 3043 രൂപ നിരക്കിലും 30% സാന്ത്വന പ്രതിഫലം, പലിശ എന്നിവയും നൽകാൻ കോടതി ഉത്തരവാകുകയും ചെയ്തിട്ടുണ്ട്. വിധിക്കെതിരെ ബഹു ഹൈകോടതിയെ പഞ്ചായത്ത് സമീപിച്ചെങ്കിലും 16.8.17 -ലെ ഉത്തരവിലൂടെ കേസ് തള്ളുകയാണുണ്ടായത്. ആയത് സംബന്ധിച്ച് ബഹു.സുപ്രീംകോടതിയെ സമിപിക്കുന്നതുമായി ബന്ധപ്പെട്ട് ഗവ.പ്ലീഡറോട് അഭിപ്രായം ആരാഞ്ഞുകൊണ്ട് 16.2.18 ൽനൽകിയ കത്തിന് 2.7.19ന് ഗവ.പ്ലീഡർ നൽകിയ റിപ്പോർട്ടിൽ പഞ്ചായത്തിന് അനുകൂലമായി വിധി ലഭിക്കുവാനോ, പലിശ ഇളവ് ലഭിക്കാനോ ഇടയില്ലെന്നും, എത്രയും വേഗം അവകാശികൾക്ക് പണം നൽകുന്നതാവും ഉചിതമെന്ന് അറിയിച്ചു. ലാന്റ് അക്വിസിഷൻ സ്പെഷൽ തഹസിൽദാരുടെ 24.1.18ലെ കത്ത് പ്രകാരം 20.2.18 വരെ അവകാശികൾക്ക് കൊടുക്കേണ്ട തുക 2256667/- രൂപയാണെന്നും തുക കക്ഷികൾക്ക് നൽകുവാൻ താമസിക്കുന്ന ദിവസങ്ങളിൽ 15% പലിശ നൽകേണ്ടിവരുമെന്നും പഞ്ചായത്തിനെ അറിയിച്ചു. സ്പെഷൽ തഹസിൽദാർ ആവശ്യപ്പെട്ടിട്ടും വിധി തുക അടവാക്കാത്തതിനാൽ 1.8.19, 25.11.20, 8.1.2021 തിയ്യതികളിൽ തുക അടവാക്കാനാവശ്യപ്പെട്ട് തഹസിൽദാർ വീണ്ടും കത്ത് നൽകുകയും അവസാനമായി 8.1.2021 ലഭ്യമാക്കിയ കത്തിൽ പഞ്ചായത്തിന്റെ നിലവിലെ ബാധ്യത 2453937/- രൂപയായി നിർണയിച്ചു നൽകുകയും തുക അടവാക്കാതിരുന്നാൽ കക്ഷികൾ ബഹു.സബ് കോടതിയിൽ E.P. ഫയൽ ചെയ്യുന്ന സാഹചര്യമുണ്ടായാൽ സർക്കാർ മുതലുകൾ ജപ്തി ചെയ്യുന്ന സാഹചര്യമുണ്ടാവുമെന്നും അറിയിച്ചു. 2.7.19 ൽ കിട്ടിയ നിയമോപദേശത്തിന്റെ അടിസ്ഥാനത്തിൽ 16.7.19 ലെ ഭരണസമിതി തീരുമാനം നമ്പർ 3(1)/19 പ്രകാരം പഞ്ചായത്ത് ഫണ്ടിന്റെ അപര്യാപ്തതയുള്ളതിനാൽ ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും വായ്പയെടുത്ത് ഭൂമിയുടെ മുതലും പലിശയും അടവാക്കുന്നതിന് സർക്കാർ അനുമതിക്കായി

അപേക്ഷിക്കാൻ തീരുമാനിച്ചു. ചെറുവണ്ണൂർ സർവീസ് സഹകരണബാങ്കിൽ നിന്നും ലോൺ എടുക്കുന്നതിന് അനുമതിക്കായി ഉചിതമാർഗേന തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിക്ക് കത്ത് നൽകുകയും കത്തിന്റെ അടിസ്ഥാനത്തിൽ സ.ഉ.സാധാ നമ്പർ 1320/2020 തി 2.7.2020 പ്രകാരം കോടതി ഉത്തരവ് പ്രകാരമുള്ള തുക ബന്ധപ്പെട്ട കക്ഷികൾക്ക് നൽകുന്നതിനായി ചെറുവണ്ണൂർ സർവീസ് സഹകരണ ബാങ്കിൽനിന്നും വായ്പയെടുക്കുന്നതിനും ആയതിന്റെ പലിശ പൊതു ആവശ്യ ഗ്രാന്റിൽ നിന്നും മുതൽ ഗ്രാമപഞ്ചായത്തിനുള്ള വികസന ഫണ്ടിൽ നിന്നും വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി തിരിച്ചടവാക്കുന്നതിനും അനുമതി നൽകി ഉത്തരവാകുകയും ചെയ്തിട്ടുണ്ട്. മേൽ ഉത്തരവിന്റെ അടിസ്ഥാനത്തിൽ 24.12.2020 ൽ എത്രയും പെട്ടെന്ന് തുക അനുവദിക്കാൻ ആവശ്യപ്പെട്ട്കൊണ്ട് പഞ്ചായത്ത് സെക്രട്ടറി സർവീസ് കോപ്പറേറ്റീവ് ബാങ്ക് സെക്രട്ടറിക്ക് കത്ത് നൽകിയിട്ടുണ്ട്. എന്നാൽ സർവീസ് സഹകരണ ബാങ്ക് നാളിതുവരെ ലോൺ ലഭ്യമാക്കിയതായി കാണുന്നില്ല. 22.6.21 പഞ്ചായത്ത് സെക്രട്ടറി എത്രയും പെട്ടെന്ന് ലോൺ അനുവദിച്ചു നൽകാൻ സർവീസ് സഹകരണബാങ്ക് സെക്രട്ടറിക്ക് വീണ്ടും കത്ത് നൽകിയതല്ലാതെ സെക്രട്ടറിയുടെയോ ഭരണസമിതിയുടെയോ ഭാഗത്തുനിന്നും മേൽ വിഷയത്തിൽ പിന്നീട് തുടർ നടപടികളൊന്നും കൈകൊണ്ട് കാണുന്നില്ല. മുൻ വർഷ ഓഡിറ്റ് റിപ്പോർട്ടിൽ മേൽ വിഷയത്തിൽ തുടർ നടപടികൾ കൈകൊണ്ട് ലോൺ ലഭ്യമാക്കി ബാധ്യത ഒഴിവാക്കാൻ സത്വര നടപടികൾ കൈകൊള്ളാൻ ആവശ്യപ്പെട്ടിരുന്നെങ്കിലും ആയതിന് പഞ്ചായത്ത് നാളിതുവരെ ഊർജിതമായ നടപടികൾ കൈകൊള്ളാതിരിക്കുന്നത് മൂലം പഞ്ചായത്ത് ഫണ്ടിനുണ്ടാവുന്ന ഭീമമായ നഷ്ടം, നടപടികൾ കൈകൊള്ളുന്നതിന് വീഴ്ച വരുത്തുന്ന സെക്രട്ടറി, പഞ്ചായത്ത് ഭരണസമിതി അംഗങ്ങൾ എന്നിവരുടെ വ്യക്തിഗത ബാധ്യതയായി നിജപ്പെടുത്താതിരിക്കാൻ കാരണമുണ്ടെങ്കിൽ ആയത് വിശദമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. പണം അടവാക്കുന്നതിന് ആവശ്യമായ തുക സഹകരണ ബാങ്കിൽ നിന്നും വായ്പയെടുക്കുന്നതിന് സർക്കാർ അനുമതി ലഭ്യമായി ഏകദേശം രണ്ട് വർഷത്തോളമായിട്ടും ആയതിൽ തുടർ നടപടി സ്വീകരിച്ച് നിരപ്പം സ്റ്റേഡിയം സ്ഥലമെടുപ്പുമായി ബന്ധപ്പെട്ട് പഞ്ചായത്തിനുള്ള ബാധ്യത ഒഴിവാക്കുന്നതിൽ വീഴ്ച വരുത്തുന്ന സെക്രട്ടറി, ഭരണസമിതി അംഗങ്ങൾ എന്നിവർ ആയതിന് ശേഷം പലിശഇനത്തിൽ പഞ്ചായത്തിനുള്ള ബാധ്യത, മറ്റ് നഷ്ടങ്ങൾ എന്നിവക്ക് ഉത്തരവാദിയായിരിക്കുമെന്ന കാര്യം ശ്രദ്ധയിൽപ്പെടുത്തുന്നു.

**1-28 പഞ്ചായത്ത് ഓഫീസ് കമ്പ്യൂട്ടർ, അനുബന്ധ ഉപകരണങ്ങൾ വാങ്ങൽ- കമ്പ്യൂട്ടർ, പ്രിന്ററുകൾ എന്നിവ ലഭ്യമായതിന്റെ രേഖകൾ ലഭ്യമാക്കിയില്ല.**

പ്രോജക്റ്റ് നമ്പർ- 10/20-21

വകയിരുത്തിയ തുക- 85600

ചെലവു തുക- 72768 (ബിൽ നമ്പർ 31/20-21 തി 20.3.21)

നിർവഹണം - സെക്രട്ടറി

ഗ്രാമപഞ്ചായത്തിലെ ദൈനംദിന പ്രവർത്തനങ്ങൾ സുഗമമാക്കി പൊതുജന സേവനം മെച്ചപ്പെടുത്തുന്നതിലേക്കായി കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും വാങ്ങുന്ന മേൽ പ്രോജക്ട് പ്രകാരം ഒരു ഡസ്ക് ടോപ്പ് കമ്പ്യൂട്ടർ, ലേസർ പ്രിന്റർ, ഒരു മൾട്ടി ഫങ്ഷനൽ പ്രിന്റർ എന്നിവ ലഭ്യമാക്കുന്നതിന് 72768/- രൂപ കെൽട്രോൺ നൽകിയ ഇൻവോയ്സിന്റെ അടിസ്ഥാനത്തിൽ കേരള സ്റ്റേറ്റ് ഐ.ടി മിഷന് കൈമാറിയിട്ടുണ്ട്. എന്നാൽ തുക അടവാക്കി ഒരുവർഷം കഴിഞ്ഞിട്ടും കമ്പ്യൂട്ടർ, പ്രിന്ററുകൾ എന്നിവ സ്ഥാപനത്തിൽ ലഭ്യമായതിന്റെ രേഖകളായ കാഷ് ബിൽ, ആയത് സ്റ്റോക്കിലെടുത്തതിന്റെ രേഖകൾ എന്നിവ പരിശോധക്ക് ലഭ്യമാക്കിയിട്ടില്ല. ഉപകരണങ്ങൾ പഞ്ചായത്തിൽ ലഭ്യമായിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകൾ കാഷ് ബിൽ സഹിതം ഹാജരാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. പണമടവാക്കി ഒരു വർഷം കഴിഞ്ഞിട്ടും ഉപകരണങ്ങൾ ലഭ്യമാവാ തിരുന്നിട്ടും നിർവഹണ ഉദ്യോഗസ്ഥൻ ആയത് ലഭ്യമാക്കാനാവശ്യപ്പെട്ട് ഐ.ടി മിഷനുമായി ബന്ധപ്പെട്ട് നടപടികൾ സ്വീകരിച്ചു കാണുന്നില്ല. കമ്പ്യൂട്ടർ, പ്രിന്ററുകൾ എന്നിവ ലഭ്യമായതിന്റെ രേഖകൾ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

1-29 പി.എച്ച്.സി ലാബിന് ആവശ്യമായ ഉപകരണങ്ങൾ, ഫർണീച്ചർ എന്നിവ വാങ്ങൽ- ലാബിനായി വാങ്ങിയ കമ്പ്യൂട്ടർ ഉപയോഗപ്പെടുത്താത്തതും മറ്റ് അപാകതകളും

പ്രോജക്ട് നമ്പർ- 125/20-21

വകയിരുത്തിയ തുക- 140983

ചെലവ് തുക- 115993(ബിൽ നമ്പർ 2/21-21)

പി.എച്ച്.സി ലാബ് പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനാവശ്യമായ ഉപകരണങ്ങളും ഫർണീച്ചറുകളും വാങ്ങുന്നതിനായി 2018-19 സാമ്പത്തിക വർഷത്തിൽ തയ്യാറാക്കിയ മേൽ പ്രോജക്ട് പ്രകാരം 2018-19 സാമ്പത്തിക വർഷത്തിൽ സ്റ്റാന്റേർഡ് സർജിക്കൽ കോഴിക്കോട് എന്ന സ്ഥാപനത്തിൽ നിന്നും 197546/- രൂപയുടെ ലാബ് ഉപകരണങ്ങളും 2019-20 സാമ്പത്തിക വർഷത്തിൽ മേൽ സ്ഥാപനത്തിൽ നിന്നുതന്നെ 59012/- രൂപയുടെ ഉപകരണങ്ങളും വാങ്ങിയിട്ടുണ്ട്. ഓഡിറ്റ് വർഷത്തിൽ അസിം ഡിസൈനേഴ്സ് എന്ന സ്ഥാപനത്തിൽ നിന്നും ആവശ്യമായ കമ്പ്യൂട്ടർ, ഫർണീച്ചർ, അനുബന്ധ ഉപകരണങ്ങൾ എന്നിവ വാങ്ങാൻ തുക ചെലവഴിച്ചിട്ടുണ്ട്. പ്രോജക്ട് നടത്തിപ്പുമായി ബന്ധപ്പെട്ട് ഓഡിറ്റിൽ കണ്ടെത്തിയ പ്രധാന അപാകതകൾ താഴെ കൊടുക്കുന്നു.

1)മേൽ ചെലവ് പ്രകാരം വാങ്ങിയ ഇനങ്ങളിൽ കമ്പ്യൂട്ടർ, പ്രിന്റർ എന്നിവ ഉൾപ്പെടുന്നു. കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും കേരള സർക്കാറിന്റെ ഓൺലൈൻ പോർട്ടൽ മുഖേന വാങ്ങേണ്ടതാണെന്ന്

നിഷ്കർഷിക്കുന്നുണ്ടെങ്കിലും ആയത് പാലിക്കാതെ സ്വകാര്യ സ്ഥാപനത്തിൽ നിന്നുമാണ് കമ്പ്യൂട്ടർ വാങ്ങിയിരിക്കുന്നത്. ഇപ്രകാരം വാങ്ങിയ കമ്പ്യൂട്ടർ, പ്രിന്റർ എന്നിവയുടെ സ്പെസിഫിക്കേഷൻ രേഖപ്പെടുത്തിയതായും കാണുന്നില്ല.

2)ലാബ് ആവശ്യാർത്ഥം വാങ്ങിയ കമ്പ്യൂട്ടറുകൾ പ്രസ്തുത ആവശ്യത്തിന് വിനിയോഗിക്കപ്പെടുന്നില്ലെന്ന് ആശുപത്രി അധികൃതർ വ്യക്തമാക്കിയിട്ടുണ്ട്.

3)ലാബിനാവശ്യമായ രശീതി ബുക്ക്, കാഷ് റിപ്പോർട്ട് രജിസ്റ്റർ മുതലായവ വാങ്ങുന്നതിന് 7250/- രൂപ ചെലവഴിച്ചിട്ടുണ്ട്. ആശുപത്രി ലാബിൽ നിന്നുള്ള വരുമാനം ആശുപത്രി വികസന സമിതിക്കാണെന്നിരിക്കെ ഇത്തരം ചെലവുകൾക്ക് വികസന സമിതിയുടെ വരുമാനം ഉപയോഗപ്പെടുത്താൻ നടപടികൾ കൈകൊള്ളേണ്ടതാണ്.

അപാകതകൾക്ക് കാരണം വിശദമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ആയത് ലഭ്യമാക്കി ഓഡിറ്റ് പരാമർശം ഒഴിവാക്കേണ്ടതാണ്.

1-30 മുൻകാല ഡെപ്പോസിറ്റുകൾ തനത് ഫണ്ടിലേയ്ക്ക് മുതൽക്കൂട്ടിയില്ല.

ചെറുവണ്ണൂർ ഗ്രാമപഞ്ചായത്തിന്റെ 2020-21 വർഷത്തെ ഓഡിറ്റിന്റെ ഭാഗമായി ഡെപ്പോസിറ്റ് രജിസ്റ്റർ പരിശോധിച്ചതിൽ 2020-21 സംക്ഷിപ്തം പ്രകാരം 1701207/- രൂപ ഡെപ്പോസിറ്റുള്ളതായി കാണുന്നു. വിവിധ അക്കൌണ്ടുകളിലായി 2008-09 കാലയളവ് മുതലുള്ള പല വിധത്തിലുള്ള ഡെപ്പോസിറ്റുകളും ഇപ്പോഴും റീഫണ്ട് ആവശ്യപ്പെടാതെ ഡെപ്പോസിറ്റുകളായി തന്നെ തുടരുന്നുണ്ട്.

കേരള ഫിനാൻഷ്യൽ കോഡ് ആർട്ടിക്കിൾ 281, 282 പ്രകാരം കാലാവധി കഴിഞ്ഞതിൽ നിലനിർത്തേണ്ടവയൊഴികെയുള്ള ഡെപ്പോസിറ്റുകൾ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടി വിവരം അറിയിക്കേണ്ടതാണ്.

1-31 വയബിലിറ്റി ഗ്യാപ്പ് ഫണ്ട് - കണക്കുകളില്ലാതെ തുക വിതരണം ചെയ്തു

ചെറുവണ്ണൂർ ഗ്രാമപഞ്ചായത്തിന്റെ 2020-21 ലെ പ്രോജക്ട് നമ്പർ 142/20-21 (SO 165/ 19-20) പ്രകാരം 1,27,600/- രൂപ പഞ്ചായത്തിലെ ഹരിത കർമ്മസേനയ്ക്ക് വയബിലിറ്റി ഗ്യാപ്പ് ഫണ്ട് ആയി വി.ഇ.ഒ നൽകിയിട്ടുണ്ട്. എന്നാൽ തുക നൽകുന്നതിന് ഹരിതകർമ്മ സേനയുടെ പ്രവർത്തനം വിലയിരുത്തുകയോ കണക്കുകൾ പരിശോധിക്കുകയോ ചെയ്തതായി കാണുന്നില്ല. പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടെങ്കിൽ ആയതിന്റേയും കണക്കുകൾ ഹാജരാക്കിയിട്ടുണ്ടെങ്കിൽ ആയതും ഓഡിറ്റിന് ഹാജരാക്കേണ്ടതാണ് എന്ന് ആവശ്യപ്പെട്ടു നൽകിയ 30.04.2022 ലെ ഓഡിറ്റ് എൻക്വയറി നമ്പർ 26 ന് മറുപടി നൽകിയിട്ടില്ല. ചെലവ് തുക 1,27,600/- തടസ്സത്തിൽ വെക്കുന്നു.

1-32 വിവിധ കുടിവെള്ള പദ്ധതികൾക്ക് മോട്ടോർ, ടാങ്ക് വാങ്ങൽ പ്രൊജക്ട് നടത്തിപ്പിൽ

അപാകത.

സാമ്പത്തിക വർഷത്തിൽ സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായി രണ്ട് കുടിവെള്ള പദ്ധതികൾക്ക് മോട്ടോർ/ടാങ്ക് സ്ഥാപിക്കുന്നതിനായി താഴെ ചേർത്ത പ്രകാരം പ്രോജക്ടുകൾ നടപ്പിലാക്കിയിട്ടുണ്ട്.

| പ്രോജക്ട് നമ്പർ | പേര് | വകയിരുത്തിയ തുക | ചെലവഴിച്ച തുക |
|---|---|---|---|
| 123/20 | മഞ്ചേരികുന്ന് കുടിവെള്ള പദ്ധതി മോട്ടോർ/ടാങ്ക് | 200000 | 186993 (ബിൽ നമ്പർ 6/21.7.20) |
| 124/20 | എടച്ചേരിചാൽകുടിവെള്ള പദ്ധതി മോട്ടോർ വാങ്ങൽ | 160000 | 159750 (ബിൽ നമ്പർ 2/20.7.20) |

2018-19 സാമ്പത്തിക വർഷത്തിൽ ആരംഭിച്ചതും നിലവിൽ സ്പിൽ ഓവറായി തുടരുന്ന മേൽ പ്രോജക്ടുകൾക്കായി ടെണ്ടർ നടപടികൾ സ്വീകരിച്ചതിൽ മോട്ടോർ, ടാങ്ക് എന്നിവക്ക് ഏറ്റവും കുറവ് തുക ക്വാട്ട് ചെയ്ത ഡ്രീം ഹോം ഫർണീച്ചർ എന്ന സ്ഥാപത്തിന്റെ ടെണ്ടർ 16.10.2018 ലെ ഭരണസമിതി തീരുമാന പ്രകാരം അംഗീകരിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ സ്ഥാപനം 20 H.P, 15 H.P എന്നിവയുടെ ഓരോ മോട്ടോറുകളും മഞ്ചേരികുന്ന് കുടിവെള്ള പദ്ധതിക്കായി 10000 ലിറ്ററിന്റെ ടാങ്കും സപ്ലൈ ചെയ്തു. 30.10.2019 ലെ പ്രൊക്വയർമെന്റ് കമ്മറ്റിയുടെ 7/19 നമ്പർ തീരുമാന പ്രകാരം മേൽ കുടിവെള്ള പദ്ധതികൾക്ക് നിലവിൽ ഉപയോഗിച്ച് കൊണ്ടിരിക്കുന്നത് വെള്ളത്തിൽ പൂർണമായും താഴ്ത്തി വെക്കാവുന്ന സബ് മേഴ്സിബിൾ മോട്ടോറുകളാണെന്നും ടെണ്ടർ പ്രകാരം ലഭ്യമാക്കിയത് വെള്ളത്തിന് പുറത്തുവെക്കുന്ന മോട്ടോറുകളായതിനാൽ ഉപയോഗിക്കുന്ന കറന്റ് ചാർജിൽ വലിയ വ്യത്യാസത്തിന് ഇടയാകുമെന്നതിനാൽ വെള്ളത്തിൽ ഇറക്കിവെക്കാവുന്ന 20 H.P, 15 H.P മോട്ടോറുകൾ മറ്റ് സ്ഥാപനങ്ങൾ രേഖപ്പെടുത്തിയതിലും അധികമാവാത്ത നിരക്കിൽ സ്ഥാപനത്തിൽ നിന്നുതന്നെ വാങ്ങിക്കുന്നതിന് തീരുമാനിച്ചു. ആയതിന്റെ അടിസ്ഥാനത്തിൽ സ്ഥാപനം പുതിയ മോട്ടോർ ലഭ്യമാക്കിയിട്ടുണ്ട്. ടെണ്ടർ നടപടികൾ സ്വീകരിക്കുമ്പോൾ മോട്ടോറിന്റെ തരം ആയതിന്റെ സ്പെസിഫിക്കേഷൻ എന്നിവ കൃത്യമായി ഉൾപ്പെടുത്താതെ ടെണ്ടർ ക്ഷണിക്കുന്നത് മൂലമാണ് ഇത്തരം അപാകതക്ക് കാരണമായത്. പ്രൊക്വയർമെന്റ് കമ്മറ്റിയുടെ മേൽ തീരുമാനത്തിൽ നിന്നും നിലവിൽ പ്രവർത്തിച്ച കൊണ്ടിരിക്കുന്ന

കുടിവെള്ള പദ്ധതികളാണിതെന്ന് വ്യക്തമാവുന്നു. ആയതിനാൽ മേൽ കുടിവെള്ള പദ്ധതികൾക്ക് നിലവിൽ ഉപയോഗിച്ചുകൊണ്ടിരിക്കുന്ന മോട്ടോറുകൾ, ടാങ്ക് എന്നിവ എന്ത് ചെയ്തു എന്ന് വ്യക്തമല്ല. അപാകതകൾക്ക് മറുപടി ലഭ്യമാക്കുന്നതോടൊപ്പം പഴയമോട്ടോറുകൾ, വാട്ടർ ടാങ്ക് എന്നിവയുടെ വിനിയോഗവിവരം ലഭ്യമാക്കേണ്ടതാണ്.

1-33 റോഡ് പ്രവൃത്തികൾ - ആസൂത്രണത്തിലെ പിഴവ് കാരണം റോഡുകളുടെ ഗുണ നിലവാരം കുറയുന്നു

ഗ്രാമപഞ്ചായത്തിലെ റോഡ് പ്രവൃത്തികൾ മിക്കതും ചെറിയ എസ്റ്റിമേറ്റിൽ തയ്യാറാക്കുന്ന പ്രവണതയാണ് കണ്ടു വരുന്നത്. വാർഡ് അടിസ്ഥാനത്തിൽ ഫണ്ടുകൾ വീതം വെക്കുന്നതുകൊണ്ടാണ് ഇങ്ങനെ സംഭവിക്കുന്നത്. ഇത്തരം പ്രവൃത്തികൾ മിക്കതും ടെണ്ടർ എടുക്കുന്നത് ആധുനിക യന്ത്രസാമഗ്രികളുടെ സഹായത്തോടെ റോഡ് വർക്കുകൾ ചെയ്യാൻ കഴിയാത്ത സാധാരണ കരാറുകാരായിരിക്കും. ഇതിന്റെ ഫലമായി റോഡുകളുടെ പ്രവൃത്തിയിൽ ഗുണനിലവാരം കുറയുകയും അത് വഴി ഇത്തരം റോഡുകളിലൂടെയുള്ള യാത്ര പ്രയാസമുള്ളതായി മാറുകയും ചെയ്യാറുണ്ട്. ഫണ്ടുകൾ ചെറിയ ചെയിനേജിലുള്ള പ്രവൃത്തികൾക്ക് വിഭജിക്കുന്നതിന് പകരം, ഗ്രാമപഞ്ചായത്തിലെ ജനങ്ങൾ ഗതാഗതത്തിനായി കൂടുതൽ ആശ്രയിക്കുന്ന റോഡുകൾ മുൻഗണനാടിസ്ഥാനത്തിൽ തെരഞ്ഞെടുത്ത് ഇത്തരം റോഡുകൾ മുഴുവനായും ടാർ ചെയ്യുന്നതിന് സമഗ്രമായി എസ്റ്റിമേറ്റുകൾ തയ്യാറാക്കി പ്രവൃത്തി നിർവ്വഹണം നടത്തേണ്ടതാണ്.

ഓഡിറ്റ് വർഷം ഗ്രാമപഞ്ചായത്തിലെ മൂന്ന് മീറ്ററിലേറേ വീതിയുള്ള റോഡ് പ്രവൃത്തികൾക്ക് തയ്യാറാക്കിയ എസ്റ്റിമേറ്റുകൾ പരിശോധിച്ചതിൽ, റോഡ് പേവിംഗ് മാന്വൽ (MSSS Manual Means) രീതിയിൽ ചെയ്യുന്നതിനാണ് എസ്റ്റിമേറ്റിൽ പ്രൊവിഷൻ നൽകിയിരിക്കുന്നത്. മോർഡ് ഡാറ്റ പരിശോധിച്ചതിൽ മാന്വൽ രീതിക്ക് സ്ക്വയർമീറ്ററിന് 186.44 രൂപയും, മെക്കാനിക്കൽ രീതിക്ക് 158.52രൂപയുമാണ് നിരക്ക്. കൂടുതൽ നിരക്കുള്ള മാന്വൽ രീതി തെരഞ്ഞെടുക്കുമ്പോൾ പ്രവൃത്തികളുടെ ഗുണനിലവാരം കുറയുക മാത്രമല്ല പഞ്ചായത്തിന് അധിക ചലവ് വരികയും ചെയ്യുന്നു. ഈ രീതിയിൽ ടാർ ചെയ്യുമ്പോൾ റോഡിന്റെ ഉപരിതലത്തിന് ഫിനിഷിങ്ങ് കുറവായിരിക്കും, അതുകൊണ്ട് തന്നെ ഇത്തരം റോഡുകളിലൂടെയുള്ള യാത്ര പൊതുവെ സുഖകരമായിരിക്കില്ല.

ഇത്തരം റോഡുകളുടെ കാര്യത്തിൽ കൂടുതൽ തുക വകയിരുത്തി കൂടുതൽ ചെയിനേജിൽ, എസ്റ്റിമേറ്റിൽ ടാറിങ്ങിന് ആധുനിക യന്ത്ര സാമഗ്രികളുടെ സഹായത്തോടെ മിക്സ് സീൽ സർഫേസിങ്ങി (MSS Mechanical Means) ന് പ്രൊവിഷൻ നൽകിയിരുന്നെങ്കിൽ, ഈ റോഡുകളുടെ നിർമ്മിതിയുടെ ഗുണനിലവാരം വർധിക്കുകയും അതുവഴി പഞ്ചായത്തിലെ ജനങ്ങൾക്ക് സുഗമമായ യാത്രയ്ക്കുള്ള റോഡ് സൗകര്യം ലഭിക്കുകയും ചെയ്യുമായിരുന്നു. എന്നാൽ ഇതിനുള്ള ശ്രമങ്ങൾ നടന്നതായി കാണുന്നില്ല.

പൊതുമരാമത്ത് മേഖലയുമായി ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പ് മിനുട്സ്, വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി മിനുട്സ് എന്നിവ പരിശോധിച്ചതിൽ റോഡുകളുടെ ഗുണനിലവാരം വർദ്ധിപ്പിച്ച് കൂടുതൽകാലം ഈട് നിൽക്കുന്ന തരത്തിലുള്ള റോഡുകളുടെ നിർമ്മിതിയുമായി ബന്ധപ്പെട്ട് ചർച്ചകളൊന്നും നടന്നതായി കാണുന്നില്ല. ഭാവിയിൽ റോഡുകളുടെ നിർമ്മിതിയിൽ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 22/19-20/14.01.22) വിശദീകരണം നൽകിയിട്ടില്ല. മേൽ വിഷയത്തിൽ ഭരണ സമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 1-34 വയോജന സൗഹൃദ പഞ്ചായത്ത് - പകൽവീട് ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചില്ല.

ഗ്രാമപഞ്ചായത്തിൽ വയോജനങ്ങളുടെ ക്ഷേമം മുൻനിർത്തിയുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുന്നതിൽ ജാഗ്രത പുലർത്തിയിട്ടില്ല. സംസ്ഥാന സർക്കാരിന്റെ വയോജന നയത്തിനും മാർഗ്ഗ നിർദ്ദേശങ്ങൾക്കും അനുയോജ്യമായ പദ്ധതികളാണ് വയോജനങ്ങളുടെ ക്ഷേമത്തിനായി നടപ്പാക്കേണ്ടിയിരുന്നത്. എന്നാൽ ഓഡിറ്റ് വർഷം ഈ മേഖലയിൽ ഇത്തരം പദ്ധതികൾ നടപ്പാക്കിയിട്ടില്ല. സ.ഉ (കൈ) നം.11/2018 തസ്വഭവ തി.29.01.2018 പ്രകാരമുള്ള പദ്ധതി മാർഗ്ഗരേഖ ഖ. 6.5 ൽ വയോജനങ്ങൾക്ക് പകൽ വീട് സൗകര്യം ഒരുക്കുന്നതിനായി കെട്ടിടം പണിയാമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ഇതിനാവശ്യമായ പ്രവർത്തനം ഗ്രാമപഞ്ചായത്തിന്റെ ഭാഗത്തുനിന്ന് ഉണ്ടായിട്ടില്ല. വയോജനങ്ങളുടെ ക്ഷേമത്തിനാവശ്യമായ പദ്ധതികൾ ആവിഷ്കരിക്കുന്നതിലെ വീഴ്ചയ്ക്ക് വിശദീകരണം നൽകാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 14/20-21/29.4.22) മറുപടി നൽകിയിട്ടില്ല. പകൽ വീട് ആരംഭിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

## 1-35 റോഡ് മെയിന്റനൻസ് ഗ്രാന്റ് വിനിയോഗിക്കുന്നതിലെ അപാകതകൾ

മെയിന്റനൻസ് ഫണ്ട് റോഡ് നിലവിലുള്ള റോഡുകളുടെ പുനരുദ്ധാരണ സംരക്ഷണ പ്രവൃത്തികൾക്കായാണ് വിനിയോഗിക്കാവുന്നത് എന്നിരിക്കെ ഓഡിറ്റ് വർഷം മെയിന്റനൻസ് ഗ്രാന്റ് റോഡ് നിരവധി പുതിയ റോഡുകളുടെ നിർമ്മാണങ്ങൾക്കായി വിനിയോഗിച്ചതായി കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

| പ്രോജക്ട് നം | പ്രോജക്ടിന്റെ പേര് | ചെലവ് |
|---|---|---|
| 66/21 | ടെലഫോൺ എക്സ്ചേഞ്ച് - ഒരമ്പോക്കിൽ മുക്ക് റോഡ് | 398850 |

| | | |
|---|---|---|
| 67/21 | ഭഗവതിക്കോട്ട എച്ച്.എസ് - വരിക്കോളിച്ചാൽ റോഡ് | 589912 |
| 68/21 | അങ്കണവാടി- ആലക്കോട്ട് താഴെ റോഡ് | 207920 |
| 81/21 | കോട്ടച്ചാൽ- പൈക്കാട്ട് കുനന്ന് റോഡ് | 499846 |
| 82/21 | കണ്ടീത്താഴ- നാഗപ്പള്ളിമുക്ക് റോഡ് | 499846 |

17/07/2020ലെ ഭരണസമിതിയുടെ 01/1 (1)20 നമ്പർ തീരുമാന പ്രകാരം ഗ്രാമപഞ്ചായത്തിന്റെ ആസ്തിയിലുള്ള അധികം റോഡുകളിൽ 2020-21 വർഷം അറ്റകുറ്റ പണികൾ ആവശ്യമില്ലെന്ന് കണ്ടതിനാൽ സർക്കാറിന്റെ 68228/എഫ്.എം1/2012/എൽ.എസ്.ജി.ഡി. തീയതി 28.11.2012 ഉത്തരവിന്റെ അടിസ്ഥാനത്തിലാണ് മെയിന്റനൻസ് ഗ്രാന്റ് പുതിയ റോഡുകളുടെ നിർമ്മാണത്തിനായി വിനിയോഗിച്ചിരിക്കുന്നത്. എന്നാൽ ഓഡിറ്റിന് ലഭ്യമാക്കിയ പൊതുമരാമത്ത് മേഖലയെ സംബന്ധിച്ച സ്റ്റാറ്റസ് റിപ്പോർട്ട് പ്രകാരം 49 കി.മീ റോഡ് അറ്റകുറ്റപ്പണികൾ നടത്തേണ്ടതുണ്ട് എന്ന് സൂചിപ്പിച്ചിട്ടുണ്ട്. പ്രസ്തുത റോഡുകളിലെ പ്രവൃത്തികൾ പൂർത്തീകരിക്കാതെയാണ് മെയിന്റനൻസ് ഗ്രാന്റ് റോഡ് പുതിയ റോഡുകളുടെ നിർമ്മിതിക്കായി വകയിരുത്തിയിരിക്കുന്നത്. അപാകത സംബന്ധിച്ച് വിശദീകരണം നൽകനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.12/20-21/17.9.21) മറുപടി സമർപ്പിച്ചിട്ടില്ല. മെയിന്റനൻസ് ഗ്രാന്റ് റോഡ് വിനിയോഗ നിബന്ധനകൾ പാലിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|

| | തീയതി | |
|---|---|---|
| 2020-21 | 27.04.2022-28.04.2022 | ഈ റിപ്പോർട്ടിന്റെ അനുബന്ധമായി പുറപ്പെടുവിച്ചു. |

## 4-2 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത്-പേരാമ്പ്ര | 2020-21 | 800000 | ക്ഷീര കർഷകർക്ക് മിൽക്ക് ഇൻസെന്റീവ് (സ്പിൽ ഓവർ) | 800000 | 0 |
| | 2020-21 | 750000 | ക്ഷീര കർഷകർക്ക് മിൽക്ക് ഇൻസെന്റീവ് | 750000 | 0 |
| | 2020-21 | 150000 | സുഫലം-വിഷരഹിത ഫലം | 150000 | 0 |
| | 2020-21 | 205000 | ശാരീരിക-മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 205000 | 0 |

| | | | | | |
|---|---|---|---|---|---|
| | | | | | |
| ജില്ലാ പഞ്ചായത്ത് | 2020-21 | 1200000 | നെൽകൃഷിക്ക് കൂലിച്ചെലവ് | 1200000 | 0 |
| | 2020-21 | 350000 | മിൽക്ക് ഇൻസെന്റീവ് | 350000 | 0 |
| | 2020-21 | 60000 | ക്ഷീരഗ്രാമം യൂണിറ്റ് | 60000 | 0 |
| | 2020-21 | 250000 | ലൈഫ് ജനറൽ | 250000 | 0 |
| | 2020-21 | 20000 | സുഫലം- വിഷരഹിത ഫലം | 20000 | 0 |
| | 2020-21 | 224000 | ശാരീരിക- മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 224000 | 0 |

## 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല.

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല.

## 4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പയിനത്തിൽ 500000/- രൂപയുടെ വരവുണ്ട്. ഓഡിറ്റ് വർഷം വായ്പ

തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻ വർഷം എടുത്ത വായ്പ തുക | തൻ വർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|---|
| | | | | | മുതൽ | പലിശ | |
| ലൈഫ് ഭവന പദ്ധതി | ജി.ഒ. (എം.എസ്) 68/2018 തസ്വഭവ തി-18.05.2018 | | 5620350 | 500000 | 907137 | | 5213213 |

## 4-6 സ്ഥിര നിക്ഷേപം

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 10,000 |
| തൻവർഷം നിക്ഷേപിച്ച തുക | 0 |
| ആകെ | 10,000 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 10,000 |

| ക്രമ നം | സ്ഥാപനത്തിന്റെ പേര് (ബാങ്ക്/ട്രഷറി/ പോസ്റ്റ് ഓഫീസ്) | നിക്ഷേപിച്ച തിയതി | കാലയളവ് | തുക | റിമാർക്ക്സ് |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| 1 | ഇ.എം.എസ് മെമ്മോറിയൽ കോ ഓപ്പറേറ്റീവ് ഹോസ്പിറ്റൽ & റിസർച്ച് സെന്റർ ഷെയർ | 21.02.2016 | ലഭ്യമല്ല | 10,000 | |
| ആകെ | | | | 10,000 | |

## 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷംവരവില്ല.

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ 1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23 - വകുപ്പ പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2000-01 | 17 | 2003-04 | 11.13.1.23 | ഓട്ടോ ഡ്രൈവിംഗ് പരിശീലനം | നിയമസഭാ സമിതിയുടെ പരിഗണന യിലാണ് |
| 1999-00 | | 2004-05 | 11.1.3.13 | നികുതി പിരിവിൽ അലംഭാവം | |
| 2002-03 | 2-11 | 2006-07 | 3.79.18.16 | മുയിപ്പോത്ത് | |

| | | | | | |
|---|---|---|---|---|---|
| | | | | അഴുക്കുചാൽ | |
| 2002-03 | 2-24 | 2006-07 | 3.79.17.11 | പുറക്കാമല ടാങ്ക് | |
| 2000-01 | | 2004-05 | 11.1.3.45 | നികുതി പിരിവിൽ അലംഭാവം | |
| 2000-01 | 5 | 2004-05 | 11.1.4.5 | തൊഴിൽ പരിശീലന പദ്ധതികൾ | |
| 2000-01 | | 2005-06 | 3.2.7 | ആസ്തി രജിസ്റ്ററുകളുടെ പരിപാലനം | |
| 2001-02 | 3-1 | 2005-06 | 2.70.1.7.1 | RMF ഔദ്യോഗിക രശീതി ഇല്ല | |
| 2000-01 | ഭാഗം-1 | 2005-06 | 2.70.1.11.2 | രജിസ്റ്ററുകളുടെ സൂക്ഷിപ്പ് | പരാമർശം ഒഴിവാക്കാൻ സമിതി ശുപാർശ ചെയ്തു |
| 2014-15 | 2-1 | 2016-17 | അനുബന്ധം - 3 | വസ്തു നികുതി അപാകങ്ങൾ | നിയമസഭാ സമിതി പരിഗണിക്കാനിരിക്കുന്നു |
| 2015-16 | 2-3 | 2016-17 | അനുബന്ധം-5 | തൊഴിൽ നികുതി അപാകങ്ങൾ | |
| 2017-18 | 3-2 | 2018-19 | | തനത്ഫണ്ടിൽ നിക്ഷേപിച്ച പ്രത്യേക ഫണ്ടുകൾ മറ്റ് ആവശ്യങ്ങൾക്ക് വകമാറ്റി ചെലവഴിച്ചു | |

4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

(എ)ചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

(ബി)സർചാർജ് നടപടി വഴി ഈടാക്കാനവശേഷിക്കുന്ന തുക

ഇല്ല

4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 7,24,53,256 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 6,93,15,836 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 5,14,353 |

(ബി).പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല.

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-24 | 373808 | ശ്രീ.വിനോദ്കുമാർ.ടി.എം സെക്രട്ടറി |
| 1-25 | 12,945 | ശ്രീ.വിനോദ്കുമാർ.ടി.എം |

| | | |
|---|---|---|
| | | സെക്രട്ടറി |
| 1-31 | 1,27,600 | ശ്രീ.വിശ്വൻ,<br>വി.ഇ.ഒ |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.വിനോദ്കുമാർ.ടി.എം. സെക്രട്ടറി | സെക്രട്ടറി, ചെറുവണ്ണൂർ ഗ്രാമപഞ്ചായത്ത് | സായിശ്രീ, വെള്ളക്കോട്ട് പറമ്പ്, കോഴിക്കോട് |
| ശ്രീ.വിശ്വൻ ഉണ്ണുമ്മൽ | വി.ഇ.ഒ, കൂരാച്ചുണ്ട് | ഉണ്ണുമ്മൽ, മേഞ്ഞാണ്യം, പേരാമ്പ്ര. |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 1996-97 | കെ.എസ്.എ കെ.കെ.ഡി. പി9/1028/ 2020(1) തി.12.01.2021 | 12 | 19, 20, 21, 22, 23, 25, 26, 27, 28, 29, 30, 32 |
| 1997-98 | കെ.എസ്.എ കെ.കെ.ഡി. പി9/1028/ 2020(2) | 1 | 10 |

| | | | |
|---|---|---|---|
| | തി.12.01.2021 | | |
| 1998-99 | കെ.എസ്.എ<br>കെ.കെ.ഡി പി9/1028/ 2020(3)<br>തി.12.01.2021 | 7 | 14, 15, 16,<br>22, 23,<br>25, 28 |
| 1999-00 | കെ.എസ്.എ.കെ.കെ.ഡി. പി9/1028/<br>2020(4) തി.12.01.2021 | 10 | 26, 27, 28,<br>31, 32,<br>35, 36, 38,<br>39, 40 |
| 2000-01<br>(ഡി.സി.ബി) | കെ.എസ്.എ.കെ.കെ.ഡി.പി9/1028/<br>2020(5) തി.12.01.2021 | 1 | 3-6 |
| 2002-03 | കെ.എസ്.എ<br>കെ.കെ.ഡി. പി9/1028/ 2020(7)<br>തി.12.01.2021 | 8 | 2-3, 2-7,<br>2-11, 2-15,<br>2-22,<br>2-24,<br>2-25, 2-26 |
| 2003-04 | കെ.എസ്.എ.കെ.കെ.ഡി.<br>പി9/1028/2020(8) തി.12.01.2021 | 4 | 3-1, 3-6,<br>3-7, 3-11 |
| 2004-05 | കെ.എസ്.എ.കെ.കെ.ഡി. പി9/1028/<br>2020(9) തി.12.01.2021 | 3 | 3-5, 3-8,<br>3-11 |
| 2005-06 | എൽ.എഫ്.പി4/1218/08<br>തി.5.01.2009 | 19 | 2-1, 2-2,<br>2-3, 2-4,<br>2-5, 2-6,<br>2-7, 3-1,<br>3-2, 3-3,<br>3-4, 3-5,<br>3-6, 3-7,<br>3-8, 3-9,<br>3-10, 3-11,<br>3-12 |
| 2006-07 | എൽ.എഫ്.പി4/746/12<br>തി.11.06.2012 | 20 | 1-5, 1-7,<br>2-2, 3-1,<br>3-3, 3-4,<br>3-5, 3-6,<br>3-7, 3-8,<br>3-9, 3-11,<br>3-12, 3-13,<br>3-14,<br>3-15, 3-18,<br>3-19,<br>3-20, 3-21 |
| 2007-08 | എൽ.എഫ്.കെ.കെ.ഡി. പി4/114/15<br>തി.31.03.2015 | 20 | 2-1, 2-2,<br>2-3, 2-4,<br>2-5, 3-3,<br>3-4, 3-5,<br>3-6, 3-7, |

| | | | |
|---|---|---|---|
| | | | 3-8, 3-9, 3-10, 3-13, 3-16, 3-18, 3-19, 3-20, 3-21, 3-22 |
| 2008-09 | എൽ.എഫ്.കെ.കെ.ഡി. പി4/749/12 തി.25.07.2021 | 14 | 2-2, 3-1, 3-2, 3-6, 3-7(1), 3-11, 3-13, 3-15, 3-16, 3-17, 3-19, 3-20, 3-21 |
| 2009-10 | എൽ.എഫ്.കെ.കെ.ഡി. പി4/749/12 തി. 30.07.2021 | 30 | 1-1 മുതൽ 1-6 വരെ, 2-1 മുതൽ 2-7 വരെ, 3-1, 3-1(2), 3-6, 3-8, 3-9,3-10, 3-11, 3-12, 3-13, 3-14, 3-15, 3-18, 3-19, 3-20, 3-22, 3-23, 4-3, 4-7 |
| 2010-11 & 2011-12 | എൽ.എഫ്.കെ.കെ.ഡി. പി4/11/13 തി.21.08.2013 | 22 | 1-1, 2-3, 2-4, 3-1 മുതൽ 3-17 വരെ, 3-20, 3-21 |
| 2012-13 | കെ.എസ്.എ.കെ.കെ.ഡി. പി4/906/2017 തി.08.05.2017 | 22 | 1-2, 1-3, 2-1 മുതൽ 2-4 വരെ, 3-1, 3-2, 3-4, 3-5, 3-7, 3-9, 3-10, 3-11, 3-12, 3-13, 3-14, 3-15, 4-1, 4-2, 4-4 |
| 2013-14 & 2014-15 | കെ.എസ്.എ.കെ.കെ.ഡി. പി4/1209/2017 തി.16.05.2017 | 22 | 1-3, 2-1, 3-1, 3-3, 3-4, 3-5, 3-6, 3-7, 3-8, 3-9, 3-10, 3-11, 3-12, 3-13, |

| | | | |
|---|---|---|---|
| | | | 3-14, 3-15, 3-16, 3-17, 3-18, 3-19, 3-20, 3-21 |
| 2015-16 | കെ.എസ്.എ.കെ.കെ.ഡി. പി4/2075/2016 തി.30.11.2016 | 23 | 2-1 മുതൽ 2-5 വരെ, 3-1, 3-2,3-5 മുതൽ 3-21 വരെ |
| 2016-17 | കെ.എസ്.എ.കെ.കെ.ഡി. പി4/38/2018 തി.28.02.2018 | 18 | 2-1, 2-4, 2-5, 2-6, 2-7, 2-8, 2-9, 2-10, 3-1, 3-2, 3-5, 3-8, 3-9, 3-10, 3-11, 3-12, 3-13, 3-14 |
| 2017-18 | കെ.എസ്.എ.കെ.കെ.ഡി. പി4/843/2019 തീയതി : 26.07.2019 | 33 | 1-12(2), 1-12(3), 1-12(4), 1-12(5), 1-12(6), 1-12(8), 1-12(9), 1-12(10), 1-12(11), 2-2, 2-3, 2-4, 2-5, 3-1, 3-2, 3-3, 3-6, 3-8, 3-9, 3-10, 3-11, 3-13, 3-14, 3-15(1), 3-15(3), 3-17, 3-18, 3-19, 3-20, 3-21, 4-3 |
| 2018-19 | കെ.എസ്.എ. കെ.കെ.ഡി. പി4/1042/2020 തി.4.11.2020 | 6 | 1-11, 1-13, 1-14, 1-16, 1-17, 1-20 |
| 2019-20 | കെ.എസ്.എ. കെ.കെ.ഡി. പി5/269 /2021തി11.04.2022 | 13 | 1-1, 1-5, 1-11(1,2,3), |

| | | | |
|---|---|---|---|
| | | | 1-12, 1-14,<br>1-16, 1-17,<br>1-19, 1-25,<br>1-26, 1-29 |

ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ)
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കോഴിക്കോട് ജില്ലയിലെ ചെറുവണ്ണൂർ ഗ്രാമപഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കോഴിക്കോട് ജില്ലയിലെ ചെറുവണ്ണൂർ ഗ്രാമപഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്